# കരയോഗ സൗഹൃദം


സത്യം പരം ധീമഹി — Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം — Pages - 60

വാല്യം - 18 | ലക്കം - 01 | ധനു - 1201 | ജനുവരി - 2026






എറണാകുളം കരയോഗം ശതാബ്ദി ആഘോഷം - 2025

# Cherai Radheshyam Gopika Bhavanam
# Inauguration




















# എഡിറ്റോറിയൽ...

## അടുത്ത നൂറ്റാണ്ടിലേയ്ക്ക്...

അങ്ങനെ എറണാകുളം കരയോഗത്തിന്റെ ഒരു വർഷം നീണ്ടുനിന്ന ശതാബ്ദി ആഘോഷ പരിപാടികൾ സംപൂർണ്ണമായിരിക്കുന്നു. വൈവിദ്ധ്യമേറിയ പരിപാടികൾ കൊണ്ടും വ്യത്യസ്ഥ മേഖലകളിൽ പ്രവർത്തിക്കുന്ന മഹത് വ്യക്തികളുടെ സാന്നിദ്ധ്യം കൊണ്ടും ഏറെ ശ്രദ്ധേയമായിരുന്നു ഈ ആഘോഷ പരിപാടികൾ. ഇവിടെ നടന്നത്, ജാതിമതവർണ്ണവർഗ്ഗ വ്യത്യാസങ്ങളില്ലാതെ എല്ലാവരും യോജിച്ചു കൂട്ടായി ആഘോഷിച്ച ഒരു മഹോത്സവം – ഒരു നാടിന്റെ ഉത്സവം, അതായിരുന്നു നാം ഈ ഉത്സവവേളകളിലെ ഓരോ വേദിയിലും കണ്ടത്. ഒരു സമുദായ സംഘടനയ്ക്ക് എങ്ങനെ മുഴുവൻ സമൂഹത്തിനും പ്രയോജനപ്പെടും വിധം പ്രവർത്തിക്കുവാൻ കഴിയും എന്നുള്ളതിന്റെ പ്രത്യക്ഷോദാഹരണമായി കഴിഞ്ഞ നൂറ് വർഷം എല്ലാവരേയും ചേർത്ത് പിടിച്ച്, എല്ലാവർക്കും വേണ്ടി വാതിലുകൾ തുറന്നിട്ട്, ദുരിത വേളകളിലും അല്ലാത്തപ്പോഴും സഹായഹസ്തങ്ങളുമായി എല്ലാവർക്കും സാന്ത്വനത്തിന്റെ സ്പർശമേകിയ എറണാകുളം കരയോഗത്തെ നെഞ്ചോട് ചേർത്ത്, പ്രശംസകൾ കൊണ്ട് പുകഴ്ത്താത്ത ഒരാളെയും നമുക്ക് കാണുവാൻ കഴിഞ്ഞില്ല. അവരുടെയെല്ലാം ഉള്ളിന്റെ ഉള്ളിൽ നിന്നും വന്ന ആത്മാർത്ഥമായ വാക്കുകളായിരുന്നു അത്. ഇത് നാടിന് ഏറെ പ്രയോജനപ്രദമായ ഒരു കല്പവൃക്ഷമായി എന്നും നിലനിൽക്കട്ടെയെന്നും, ഇവിടെനിന്നും ലഭിക്കുന്ന ഊർജ്ജം മറ്റുള്ള

ജനുവരി – 2026
വാല്യം 18 ✦ ലക്കം – 01

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| സെക്രട്ടറിയുടെ പംക്തി | 05 |
| വാസ്തു ശാസ്ത്രം | 09 |
| സുഭാഷിതം | 10 |
| ക്ഷേത്രങ്ങളിലൂടെ | 12 |
| നമഃശിവായ | 15 |
| ദൃഗ് ദൃശ്യ വിവേകം | 19 |
| സർപ്പാരാധന കേരളത്തിൽ | 23 |
| നർമ്മഭാവന | 26 |
| ശതാബ്ദി ആഘോഷം | 27 |
| ശതാബ്ദി ഒരു അവലോകനം | 52 |
| കവിത | 56 |
| മാസഫലം | 57 |
| മാട്രിമോണിയൽ. | 58 |


## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)
പി. രാമചന്ദ്രൻ (വേണു)
കെ.ടി. മോഹനൻ

വരെയും പ്രവർത്തനോത്സുകരാക്കുന്നുണ്ടെന്നുമുള്ള അഭിപ്രായവും നാം കേട്ടു. നമ്മുടെ ഈ കാലത്ത് ജീവിക്കുന്ന പ്രശസ്തരും അപ്രശസ്തരുമായ ഒട്ടേറെ മഹത് വ്യക്തികളെ ആദരിക്കാനും ഈ സമയം ഉപയോഗപ്പെടുത്തി.

ആഘോഷോത്സവങ്ങൾ മാത്രമല്ല, സേവന സമർപ്പണത്തിന്റെ വിശാലവീഥികളിലൂടെ ഒരു യാത്രയും കൂടിയായിരുന്നു ഈ ഒരു വർഷം നീണ്ടുനിന്ന കാലഘട്ടം. സേവനം എങ്ങനെ ആർക്കൊക്കെ നൽകണം എന്നതിലും മാതൃകയാവുകയാണ് എറണാകുളം കരയോഗം. ഉദാഹരണമായി നോക്കുക, ചെറായിയിൽ പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്ന രാധേശ്യാം ഗോപികഭവനവും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നു രാധേശ്യാം മാതൃഭവനവും. നാളെ സമൂഹത്തിൽ നന്മയുടെ തിരിതെളിക്കേണ്ട അർഹരായ പെൺകുട്ടികളെ ഏറ്റെടുത്ത് പഠിപ്പിച്ച് സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തരാക്കി അവർക്കിഷ്ടമെങ്കിൽ വിവാഹവും നടത്തി അയയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് രാധേശ്യാം ഗോപികഭവനം പ്രവർത്തിക്കുക. ഈശ്വരപര്യായമായി കാണേണ്ട മാതാപിതാക്കളെ, പ്രത്യേകിച്ചും പത്തുമാസം ചുമന്ന് നൊന്ത് പ്രസവിച്ച്, കൈകാൽ വളരുന്നതും നോക്കി ലാളിച്ച് വളർത്തി വലുതാക്കിയ അമ്മയെ വഴിയിലും അമ്പലനടയിലും, പള്ളിമുറ്റത്തും ഒക്കെ ഉപേക്ഷിക്കുന്ന ചില ആസുരജന്മങ്ങളുണ്ടല്ലോ, അത്തരക്കാർക്ക് അമ്മമാരെ സംരക്ഷിക്കാൻ വയ്യായെങ്കിൽ, കരയോഗത്തെ ഏൽപ്പിക്കുക. അവരെ ഞങ്ങൾ രാധേശ്യാം മാതൃഭവനത്തിൽ താമസിപ്പിച്ച് പരിരക്ഷിച്ചുകൊള്ളാം. അതിനാണ് മാതൃഭവനം.

ശതാബ്ദി ആഘോഷവേളയിൽ പൊതുജനങ്ങളിൽ നിന്നും ലഭിച്ച നിർലോഭമായ സഹകരണങ്ങളുടെ മാസ്മരിക ഊർജ്ജപ്രവാഹത്തെ ഉൾക്കൊണ്ടുകൊണ്ട് വ്യത്യസ്തമായ, വിപുലമായ മേഖലകളിലേക്കും സേവനം വ്യാപിപ്പിച്ച് “മാനവ സേവ മാധവസേവ” എന്ന ആപ്തവാക്യത്തെ പ്രാവർത്തികമാക്കുകയാണ് നമ്മുടെ ലക്ഷ്യം. അതിനായി, ഓരോ അംഗങ്ങളും അവരവരാൽ കഴിയുന്ന എല്ലാ സഹായ സഹകരണങ്ങളും നൽകണം. നമുക്ക് നമ്മുടെ കരയോഗത്തെ ഒരു വിശ്വപ്രസിദ്ധ സേവന പ്രസ്ഥാനമായി വളർത്തിയെടുക്കണം. കൂട്ടായ ഒരു ശ്രമമുണ്ടായാൽ അത് സാധിക്കും - തീർച്ചയാണ്. അതിനായി അടുത്ത നൂറ്റാണ്ടിലേക്ക് കൈകോർത്ത് പിടിച്ചുകൊണ്ട് നമുക്ക് മുന്നേറാം.

ഇനി, 2025 എന്ന ഒരു വർഷം കൂടി കടന്ന് പോയിരിക്കുന്നു. ഒരുപാട് ദുഃഖങ്ങളും ദുരിതങ്ങളും ആൾനാശവും ഒക്കെ ഉണ്ടായ ഒരു വർഷം. നമ്മുടെ രണ്ട് അയൽ രാജ്യങ്ങളിൽ പട്ടിണിയും പരിവട്ടവുമായി ജനങ്ങൾ തെരുവിലാണ്. ലോകത്ത് മുഴുവനും അശാന്തി പരത്തിക്കൊണ്ട് തീവ്രവാദവുമായി നടക്കുന്ന മതതീവ്രവാദികളാണ് ഇന്ന് സകലയിടത്തും ദുരിതം വിതക്കുന്നതും ലോകമെമ്പാടും സംഘർഷം പരത്തുന്നതും.

2026 -ൽ എങ്കിലും ലോകജനത സമാധാനത്തോടെ, സന്തോഷത്തോടെ, പരസ്പര ധാരണയിലും വിശ്വാസത്തിലും നിലക്കൊണ്ട് സമസ്ത ജനവിഭാഗങ്ങളും സന്തോഷത്തോടെ കഴിയുവാൻ ഇടവരട്ടെ. ‘ലോകാ സമസ്താ സുഖിനോ ഭവന്തു’ എന്ന സനാതന ധർമ്മാധിഷ്ഠിതമായ തത്ത്വം സഫലീകൃതമാകട്ടെ. പുതുവർഷത്തിലും മേലിലും എല്ലാവർക്കും നന്മകൾ മാത്രം ഭവിക്കട്ടെ.

കരയോഗ സൗഹൃദത്തിന്റെ സ്നേഹം നിറഞ്ഞ നവവത്സരാശംസകൾ.

**ജയ് ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

**പ്രിയ കരയോഗാംഗങ്ങളെ,**

എറണാകുളം കരയോഗം ഒരു നൂറ്റാണ്ടിന്റെ ചരിത്രവും പാരമ്പര്യവും നിലനിർത്തി, മറ്റൊരു നൂറ്റാണ്ടിലേയ്ക്ക് കടക്കുകയാണ്. 100-ാം പിറന്നാൾ ആഘോഷം വളരെ സമുചിതമായി, പ്രൗഢഗാംഭീര്യത്തോടെ, എന്നും വരും തലമുറയ്ക്കു കൂടി അഭിമാനത്തോടെ ഓർക്കുവാനും അതിന്റെ സ്മരണകൾ അയവിറക്കാനുമുള്ള അവസരം ഒരുക്കിയിരിക്കുകയാണ് എറണാകുളം കരയോഗം. നമ്മുടെ തറവാട് കൂടിയായ എറണാകുളം കരയോഗം എന്ന ഈ മഹാവടവൃക്ഷത്തിന്റെ ഒപ്പം അഭിമാനത്തോടെ സഞ്ചരിക്കുവാൻ ഈ കരയോഗാംഗമായ നിങ്ങൾക്ക് ഓരോരുത്തർക്കും സാധിച്ചു എന്നത് ശരിക്കും ഭാഗ്യം തന്നെയാണ്. ഈ മഹത് പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന്റെ മാറ്റു കൂട്ടുവാൻ വരും തലമുറകൾക്ക് സാധിക്കട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം. കഴിഞ്ഞ കുറേ കാലങ്ങളായി നിങ്ങളോടൊപ്പം പ്രവർത്തിക്കുവാൻ കഴിഞ്ഞ എളിയവനായ എനിക്ക് പറഞ്ഞറിയിക്കാൻ പറ്റാത്ത വിധമുള്ള സ്നേഹവും കടപ്പാടും ഉണ്ട്. എറണാകുളത്തപ്പന്റെ യും ഗുരുവായൂരപ്പന്റെയും അനുഗ്രഹത്തോടെ നിങ്ങൾക്കു മുമ്പിൽ ഞാനത് സമർപ്പിച്ചുകൊള്ളുന്നു.

31-3-2024 -ൽ ബഹുമാനപ്പെട്ട ഗോവ ഗവർണർ ശ്രീ പി.എസ്. ശ്രീധരൻ പിള്ള ഔദ്യോഗികമായി എറണാകുളം കരയോഗത്തിന്റെ ശതാബ്ദി ആഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് ശതാബ്ദിയുടെ ലോഗോ പ്രകാശനം ചെയ്യുകയുണ്ടായി. അതോടൊപ്പം നഗരത്തിലെ പ്രമുഖരും പ്രശസ്തരുമായ, സഹോദരസമുദായ നേതാക്കളെ തദവസരത്തിൽ പ്രത്യേകം ആദരിച്ചുകൊണ്ടാണ് നമ്മൾ ആഘോഷത്തിന് തുടക്കം കുറിച്ചത്. തുടർന്ന് ഇങ്ങോട്ട് എറണാകുളം കരയോഗം ശതാബ്ദിയാഘോഷം എങ്ങനെ നടത്തണം ഏതു രീതിയിൽ ആയിരിക്കണം എത്ര ദിവസം ആഘോഷപരിപാടികൾ നടത്തണം ആരെയെക്കെ പങ്കെടുപ്പിക്കണം തുടങ്ങിയവ വിവിധ തലങ്ങ ളിലുള്ള ആശയസംവാദവും ചർച്ചകളും നടന്നു. അതിന്റെ അടിസ്ഥാനത്തിൽ എറണാകുളം കരയോഗത്തിന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദിയാഘോഷം വിപുലമായ രീതിയിൽ നടത്തുവാൻ തീരുമാനമെടുക്കുകയും അതനുസരിച്ച് പൊതുയോഗത്തിന്റെയും ഭരണസമിതിയുടെയും ആഘോഷകമ്മറ്റികളുടേയും അഭിപ്രായം സ്വീകരിച്ചാണ് നമ്മൾ ആഘോഷപരിപാടികൾക്ക് രൂപം കൊടുത്തത്.

2025 ഏപ്രിൽ 4-ാം തീയതി മുതൽ ഡിസംബർ 25 വരെ എല്ലാ മാസവും വ്യത്യസ്തമായ കലാപരിപാടികളും സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുകയുണ്ടായി. സാഹിത്യസംഗമം, സാഹിത്യോത്സവം, കാവ്യാഞ്ജലി, നാടകോത്സവം, കഥകളി ഉത്സവം, സമ്പൂർണ്ണ രാമായണ പാരായണം, ഗരുഡപുരാണം, ദേവീഭാഗവത നവാഹയജ്ഞം, ശിവപുരാണം, നൃത്തോത്സവം, സംഗീതോത്സവം, അനുഷ്ഠാനകലകൾ, നാടൻ കലോത്സവം എന്നിവയും എറണാകുളം കരയോഗത്തിന്റെ ശതാബ്ദിയാ ഘോഷത്തിന്റെ ഭാഗമായി നടത്തപ്പെട്ടു. പുതുമായർന്ന കലാപരിപാടികൾ സസന്തോഷം പൊതുജനം സ്വീകരിച്ചു എന്നു പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

ശതാബ്ദിയാഘോഷ സമാപനപരിപാടികൾ ഡിസംബർ 19 മുതൽ 25 വരെ 7 ദിവസമാണ് നിശ്ചയിക്കപ്പെട്ടത്. 19-ാം തീയതി രാവിലെ പ്രസിഡന്റ് പതാക ഉയർത്തിയതോടെ ശതാ

ബ്ദിയാഘോഷോത്സവത്തിന്റെ കൊടിയേറ്റം നടന്നു. തുടർന്ന് വൈകുന്നേരം 5 മണിക്ക് മലയാളികളുടെ അഭിമാനമായ പത്മഭൂഷൺ മോഹൻലാൽ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തതോടെ സദസ്സ് ഹർഷപുളകിതരായി. എറണാകുളം കരയോഗത്തിന്റെ ഇന്നുവരെയുള്ള പ്രവർത്തന ശൈലിയും എല്ലാവരേയും ചേർത്തു പിടിച്ചുകൊണ്ട് ജാതി, മത, വർഗ്ഗ, വർണ്ണ രാഷ്ട്രീയ വ്യത്യാസങ്ങൾക്ക് ഇടം കൊടുക്കാതെ പ്രവർത്തിക്കുന്നു എന്നുള്ളതും ഏറെ സന്തോഷം നല്കുന്ന വസ്തുതയാണെന്ന് അദ്ദേഹം പറഞ്ഞു. എറണാകുളം കരയോഗം ശതാബ്ദിയാഘോഷ ഉദ്ഘാടനവേദി നഗരത്തിന്റെ ചെറുപതിപ്പായി, ഒരു മാതൃകയായി കാണപ്പെടുന്നു എന്നു പറയുന്നതിലും സന്തോഷമുണ്ട് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തുടർന്ന് 20-ാം തീയതി മുതൽ എല്ലാദിവസവും രാവിലെ സെമിനാറുകളും വൈകിട്ട് കലാപരിപാടികളും നടത്തപ്പെടുകയുണ്ടായി. 20 -ാം തീയതി ഡോ. സജിത്ത് ഏവൂരേത്ത് അവതരിപ്പിച്ച പാട്ടും പൊരുളും, 21-ന് ബിജു നാരായണൻ അവതരിപ്പിച്ച സംഗീത സായാഹ്നം, 22-ന് ശ്രീ. കോട്ടക്കൽ മധു, ഡോ. ഗുരുവായൂർ കെ. മണികണ്ഠൻ, ശ്രീ പോൾസൺ കെ.ജെ. എന്നിവർ അവതരിപ്പിച്ച സംഗീത തൗര്യത്രികം, 23-ന് എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ശ്രീരാമപട്ടാഭിഷേകം, 24-ന് കുമാരി ഗംഗാശശിധരൻ അവതരിപ്പിച്ച ഗംഗാതരംഗവും വേദിയിൽ അവതരിപ്പിക്കപ്പെടുകയുണ്ടായി.

21-ന് എറണാകുളം കരയോഗത്തിൽ വെച്ച് 50 വർഷം മുൻപ് വിവാഹിതരായ **9** ദമ്പതിമാരെ സുവർണസ്മൃതി ഫലകം നൽകി ആദരിച്ചു.

24-ാം തീയതി രാവിലെ നഗരത്തിലെ പ്രഗത്ഭരായ നിരവധി പ്രമുഖർ വിവിധ വിഷയങ്ങളിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചു, പങ്കെടുത്ത എല്ലാവരേയും പൊന്നാടയും മൊമെന്റോയും നൽകി ആദരിച്ചു.

എറണാകുളം കരയോഗത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഡിസംബർ 25ന് അതീവ ഗൗരവത്തോടെയും സുസ്ഥിരമായ ആസൂത്രണത്തോടെയും യാതൊരു പിഴവിനും ഇടനൽകാതെയും വിജയകരമായി നടന്നു. നൂറുവർഷത്തെ സംഘടനാപാരമ്പര്യത്തിന് അർഹമായ രീതിയിൽ, ചിട്ടയും സൗന്ദര്യവും സമന്വയിച്ച ഒരു സാംസ്കാരിക മഹോത്സവമായിരുന്നു ഈ സമ്മേളനം.

പ്രശസ്ത സോപാനസംഗീത ഗായികയും ഇരിങ്ങാലക്കുട സ്വദേശിനിയുമായ ആശാ സുരേഷ് അവതരിപ്പിച്ച ഹൃദയസ്പർശിയായ സോപാനസംഗീതം ആത്മീയാനുഭൂതി പകർന്നതിനൊപ്പം, സമ്മേളനത്തിന് ദിവ്യമായ തുടക്കവും നൽകി. സ്വാമി ആനന്ദവനം ഭാരതി മഹാ മണ്ഡലേശ്വർ സമ്മേളനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

കേരള ഹൈക്കോടതിയിലെ സീനിയർ മോസ്റ്റ് ജഡ്ജിയും സിക്കിം ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ് ഡെസിഗ്നേറ്റുമായ ജസ്റ്റിസ് മുഹമ്മദ് മുസ്താഖ് സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു.

ശാസ്ത്രം, സാങ്കേതികവിദ്യ, കല, സംസ്കാരം, കായികം, സാമൂഹ്യസേവനം, കൃഷി തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിൽ മികവിന്റെ കൊടുമുടികൾ കീഴടക്കിയ പത്ത് 'ശതീകം സമ്മാൻ' ജേതാക്കൾ ഈ സമ്മേളനത്തിന്റെ ഹൃദയസ്പന്ദനമായിരുന്നു. തങ്ങളുടെ മേഖലകളിൽ രാജ്യത്തിന് അഭിമാനമാകുന്ന ഈ പ്രതിഭകൾ യഥാർത്ഥത്തിൽ സമൂഹത്തിന്റെ അമൂല്യ രത്നങ്ങളാണ്.

**ശതാബ്ദി പുരസ്കാര ജേതാക്കൾ:**

1. ഡോ. എസ്. സോമനാഥ് - മുൻ ഐ.എസ്.ആർ.ഒ. ചെയർമാൻ
2. കെ. കെ. മുഹമ്മദ് - പ്രശസ്ത പുരാവസ്തു ശാസ്ത്രജ്ഞൻ
3. പത്മശ്രീ പെരുവനം കുട്ടൻ മാരാർ
4. നെടുമങ്ങാട് ശിവാനന്ദൻ - വയലിൻ
5. വാരണാട് ശങ്കരനാരായണ കുറുപ്പ് - മുടിയേറ്റം

6. കെ. എം. ധർമ്മൻ - നാടകം
7. ടി. എസ്. രാധാകൃഷ്ണൻ - സംഗീതം
8. പി. പി. പ്രസന്നൻ -ഫുട്ബോൾ
9. ഷീബ അമീർ- സാമൂഹ്യ സേവനം
10. അമ്മിണി പൗലോസ് - കൃഷി

സമ്മേളനത്തിൽ എറണാകുളം എം.എൽ.എ., കൊച്ചി മേയർ, ഡെപ്യൂട്ടി മേയർ ഡെസിഗ്നേറ്റുകൾ, എറണാകുളം സൗത്ത് കൗൺസിലർ എന്നിവർ അനുമോദന പ്രസംഗങ്ങൾ നടത്തി. മുൻ ഹൈക്കോടതി ജഡ്ജിമാരടക്കമുള്ള നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ ഈ ശോഭനമായ സമ്മേളനത്തിന് അധിക തിളക്കം പകർന്നു.

എല്ലാവരുടെയും പ്രസംഗങ്ങൾ ചുരുക്കവും ആശയസമ്പന്നവുമായിരുന്നുവെന്നും, സമൂഹത്തോടുള്ള ഉത്തരവാദിത്വവും നന്മയിലേക്കുള്ള പ്രചോദനവും അവയിൽ ആവിഷ്കരിക്കപ്പെട്ടിരുന്നുവെന്നും പ്രത്യേകം ശ്രദ്ധേയമായി.

ഡോ. എസ്. സോമനാഥ് തന്റെ പ്രസംഗത്തിൽ, ഒരു സംഘടനയ്ക്ക് നൂറുവർഷം നിലനിൽക്കാനും വളരാനും വിജയകരമായി മുന്നേറാനും കഴിയുക എന്നത് അപൂർവവും അഭിമാനാർഹവുമായ നേട്ടമാണെന്നും, ഈ കാലയളവിൽ രാഷ്ട്രങ്ങളും മതങ്ങളും പോലും ചരിത്രത്തിന്റെ ചൂളയിൽ ലയിച്ച സാഹചര്യത്തിൽ, എറണാകുളം കരയോഗത്തിന്റെ തുടർച്ച സമൂഹജീവിതത്തിന്റെ ശക്തമായ അടയാളമാണെന്നും സൂചിപ്പിച്ചു.

അതേസമയം, ജസ്റ്റിസ് മുഹമ്മദ് മുസ്താഖ് നടത്തിയ നിരീക്ഷണം ഏറെ ചിന്താവിഷയമായി. കേരളത്തിലെ കോടതികളിൽ, പ്രത്യേകിച്ച് പോക്സോ കേസുകൾ ഉൾപ്പെടെ, കേസുകളുടെ വർദ്ധനവ് സമൂഹത്തിന്റെ സാമൂഹിക നെയ്ത്ത് ക്രമേണ ദുർബലമാകുന്നതിന്റെ സൂചനയാണെന്നും, മറ്റ് സംസ്ഥാനങ്ങളേക്കാൾ ഗുരുതരമായ അവസ്ഥയിലേക്കാണ് കേരളം നീങ്ങുന്നതെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

ഈ ഗൗരവമേറിയ സമ്മേളനത്തിൽ എല്ലാവരുടെയും മനസ്സിൽ പ്രത്യേക സന്തോഷം പകർന്നത്, പുരസ്കാര ജേതാക്കൾ എല്ലാവരും തന്നെ വ്യക്തിപരമായി ഹാജരായി പുരസ്കാരങ്ങൾ സ്വീകരിച്ചതാണ്-അത് ഈ ചടങ്ങിന് അപൂർവമായ ആത്മാർഥതയും മഹത്വവും നൽകി.

ശതാബ്ദി പുരസ്കാര ജേതാക്കളായ പത്ത് പേർക്ക് ശതീകം സമ്മാനവും 25000 രൂപയുടെ ക്യാഷ് അവാർഡും നൽകുകയുണ്ടായി. എറണാകുളം കരയോഗം ജനറൽ സെക്രട്ടറി എല്ലാവർക്കും പൊന്നാട നൽകി ആദരിച്ചു. എറണാകുളം കരയോഗത്തിന്റെ 100-ാം ജന്മദിനമായ 2025 ഡിസംബർ 25ന് ഉച്ചയ്ക്ക് 1 മണിയോടെ ആഘോഷസമാപനം കുറിച്ചു. തുടർന്ന് വൈകിട്ട് അയ്യപ്പൻ പാട്ടും നടന്നു.

പ്രിയ കരയോഗാംഗങ്ങളെ, 4500-ൽ അധികം വരുന്ന നമ്മുടെ ഈ വലിയ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും മേൽസൂചിപ്പിച്ച എല്ലാ പരിപാടികളിലും പൂർണ്ണമായി പങ്കെടുക്കാൻ സാധിച്ചിട്ടില്ല എന്ന് ഞങ്ങൾക്ക് ബോദ്ധ്യമുണ്ട്. ടി.ഡി.എം. ഹാളിന്റെ സ്ഥലപരിമിതി നിങ്ങൾക്ക് അറിയാവുന്നതാണല്ലോ, മുൻ കരയോഗ സൗഹൃദലക്കങ്ങളിലും വാട്ട്സാപ്പ് ഗ്രൂപ്പിലും ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ അംഗങ്ങൾക്ക് അപ്പോഴപ്പോൾ നൽകികൊണ്ടിരുന്നിട്ടുണ്ട് എന്ന് ഓർക്കുമല്ലോ. എറണാകുളം കരയോഗം നടത്തുന്ന ഇത്തരം പരിപാടികൾ കരയോഗാംഗങ്ങൾക്കു മാത്രമായി നിജപ്പെടുത്താൻ കഴിയില്ല. കരയോഗം നടത്തുന്ന എല്ലാ പദ്ധതികളും പരിപാടികളും ജാതിമത ചിന്തകൾക്ക് അതീതമായി സന്മനസുള്ളവരുടെ സഹായസഹകരണങ്ങൾ കൊണ്ടാണ് നടത്തിപ്പോന്നിട്ടുള്ളത്. എറണാകുളം കരയോഗത്തിന്റെ ആരംഭകാലം മുതൽ നമ്മുടെ പിതാമഹന്മാർ തുടങ്ങിവച്ച ആ വഴിയിലൂടേയും ചിന്തകളിലൂടെയുമാണ് ഞങ്ങൾ ഇപ്പോഴും ചരിക്കുന്നതെന്ന് വിസ്മരിക്കരുത്. എറണാകുളം കരയോഗത്തിലെ അംഗങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുണ്ടായ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത്

മനപ്പൂർവമല്ലാത്തതുകൊണ്ടും നടത്തിപ്പിലെ സാങ്കേതികതകൾ കൊണ്ടാണെന്നും അറിയുക. കരയോഗം അംഗങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ ജനറൽസെക്രട്ടറി എന്നനിലയിലും വ്യക്തിപരമായും നിങ്ങൾക്കുണ്ടായ വൈഷമ്യങ്ങൾക്ക് ഞാൻ ഖേദം പ്രകടിപ്പിക്കുന്നു.

പ്രിയ അംഗങ്ങളെ നിങ്ങൾ ഒരു പ്രസ്ഥാനത്തിന്റെ ഒപ്പം നിൽക്കുമ്പോഴാണ് പ്രസ്ഥാനത്തിന്റെ വളർച്ചയും തളർച്ചയും അനുഭവിക്കുവാൻ കഴിയുക. 100-ാം വർഷം പിന്നിട്ട നമ്മുടെ ഈ മഹത് സ്ഥാപനം ചരിത്രത്തിന്റെ താളുകളിൽ ഇടം പിടിച്ചിരിക്കുന്നു. ഇനി വരും തലമുറയാണ് ഈ സ്ഥാപനത്തെ അടുത്ത നൂറ്റാണ്ടിലേയ്ക്ക് നയിക്കേണ്ടത് എന്ന് വിനീതമായി നിങ്ങളെ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്.

നിങ്ങൾ ഓരോരുത്തരും എറണാകുളം കരയോഗത്തിന് നൽകികൊണ്ടിരിക്കുന്ന സ്നേഹവും ലാളനയും ആണ് ഞങ്ങളുടെ ഊർജ്ജം. തുടർന്നും നിങ്ങളുടെ ഓരോരുത്തരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു. നമുക്കൊരുമിച്ച് അടുത്ത നൂറ്റാണ്ടിലേയ്ക്ക് കൈപിടിച്ച് നടക്കാം. മലയാളവും മലയാളികളുമുള്ള എല്ലാ സ്ഥലങ്ങളിലും എറണാകുളം കരയോഗത്തിന്റെ യശസ്സ് ഉയർത്തണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗത്തിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനോടൊപ്പം തന്നെ കാലത്തിനനുസൃതമായി സാങ്കേതിക മേഖലകളിയേക്ക് കൂടി നമ്മൾ എത്തിച്ചേരേണ്ടതുണ്ട്. ദൃശ്യമാധ്യമാങ്ങൾക്ക് അപ്പുറമായി സോഷ്യൽ മീഡിയായുടെ വളർച്ച ചെറുതായി കാണാൻ കഴിയില്ല. എറണാകുളം കരയോഗം ആ മേഖലയിൽ കൂടി ഒരു കാൽവെപ്പ് നടത്തുകയാണ്. "Media @25" എന്ന പേരിൽ കരയോഗത്തിന്റെ ഒരു മീഡിയ ചാനൽ ആരംഭിക്കാൻ തത്ത്വത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ശതാബ്ദിയാഘോഷവേളയിൽ ജനറൽ സെക്രട്ടറി "Media @25" ഔദ്യോഗികമായി ആരംഭിച്ചതായി പ്രഖ്യാപിച്ചു. വരും ദിവസങ്ങളിൽ കരയോഗത്തിന്റെ പ്രവർത്തനം പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭിക്കുവാനുള്ള സജ്ജീകരണം നടത്തുയകാണ് ലക്ഷ്യം. എറണാകുളം കരയോഗത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് പുറത്തിറക്കുന്ന സ്മരണികയായ ശതീകത്തിന്റെ പ്രകാശനം സ്വാമി ആനന്ദവനം ഭാരതി മഹാമണ്ഡലേശ്വർ ശ്രീ. ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖിന് നൽകി കൊണ്ട്പ്രകാശനം ചെയ്തു. ജനുവരി അവസാനത്തോടെകൂടി സ്മരണിക പുറത്തിറക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ. കഴിഞ്ഞ 1 വർഷമായി സ്മരണികയുടെ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ച എഡിറ്റർ ശ്രീ. രവികുറ്റിക്കാടിന് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ.

**ജനുവരി മാസത്തെ പരിപാടികൾ**


എറണാകുളം കരയോഗം സാംസ്ക്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം- മണ്ഡല മഹോത്സവം, ക്രിസ്മസ്, പുതുവത്സര ചലച്ചിത്ര ഗാനപരിപാടി 18-01-2026 ഞായറാഴ്ച്ച വൈകുന്നേരം 4.00 ന് ടി. ഡി. എം. ഹാളിൽ.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ കലാക്ഷേത്ര കാർത്തിക നാരായണൻ അവതരിപ്പിക്കുന്ന ഭരതനാട്യ കച്ചേരി 27-01-2026 ചൊവ്വാഴ്ച വൈകുന്നേരം 6.30 ന്

ടി.ഡി.എം.ഹാളിൽ എറണാകുളം കരയോഗം സാഹിതിയോഗം - മലയാളികളുടെ ശ്രീനിവാസൻ - അവതരണം ശ്രീ പി.ജി രാമചന്ദ്രൻ 24-01-2026 ഞായറാഴ്ച രാവിലെ 11.00 ന് ടി. ഡി. എം. ഹാളിൽ

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

**ജനറൽ സെക്രട്ടറി**



# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ്
എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ – 9447032434

## തെക്കോട്ട് മുഖമുള്ള വീടുകൾ

തെക്കോട്ട് മുഖമുള്ള വീടുകൾ പണിയുമ്പോൾ വളരെയധികം ശ്രദ്ധിക്കണം. ഞാൻ പോയികണ്ട വീടിന്റെ മുഖം തെക്കോട്ടാണ്. ഗേറ്റ് തെക്കു മദ്ധ്യത്തിലും, കിണർ തെക്ക്പടിഞ്ഞാറ്. ഗേറ്റ് കടക്കുമ്പോൾ തെക്ക്കിഴക്ക് കാർപോർച്ച് ഉണ്ട്. വീട് പണികഴിഞ്ഞ് നമ്പർ കിട്ടിയശേഷം വടക്ക്കിഴക്കും, കിഴക്ക്വടക്കും മതിൽ ഷീറ്റ് വെച്ച്പൊക്കി വർക്കേരിയ എടുത്തിട്ടുണ്ട്. പലരും വീടുപണി കഴിഞ്ഞ് പിന്നീട് വടക്കും, കിഴക്കുമുള്ള തുറന്ന സ്ഥലം മുകളിൽ ഷീറ്റ് ഇട്ടും, മതിൽ പൊക്കിയും ഉപയോഗിക്കുന്നതായി കാണുന്നുണ്ട്. ഞാൻ പോയികണ്ട വീട്ടിൽ അച്ഛനും, അമ്മയും, രണ്ട് ആൺമക്കളും താമസിക്കുന്നു. പുതിയ വീട്ടിൽ താമസമാക്കിയിട്ട് ഉദ്ദേശം നാലുകൊല്ലമായി. ഗൃഹനാഥന് സ്വന്തം വാഹനത്തിൽ നിന്നും അപകടം ഉണ്ടായി ഇപ്പോൾ വീൽചെയറിലാണ്. മൂത്ത മകന് ഗൾഫിൽ ജോലിയുണ്ടായിരുന്നത് പോയി ഇവിടെ ജോലിക്കുവേണ്ടി ശ്രമിക്കുന്നു. അയാളുടെ ഭാര്യ പിണങ്ങിപ്പോയിരിക്കുകയാണ്. രണ്ടാമത്തെ മകന്റെ ഭാര്യ വേറെ വീട് പണിത് താമസിക്കണമെന്ന് നിർബന്ധിക്കുകയും, തല്ക്കാലം വാടക വീട്ടിലേക്ക് മാറുകയും ചെയ്തു. വീട്ടിലേക്ക് കയറുന്നതും, വീട്ടിൽ നിന്ന് പുറത്തേക്ക് ഇറങ്ങുന്നതും തെക്ക്കിഴക്ക് വരാന്തയിൽ നിന്നും കിഴക്കോട്ടാണ്. തച്ചു ശാസ്ത്രപ്രകാരം വീടുകളിൽ നിന്നും കിഴക്കോട്ടോ , വടക്കോട്ടോ ഇറങ്ങുന്നതാണ് നല്ലതെന്ന് വിശ്വാസമുണ്ട്. വാസ്തുശാസ്ത്ര പ്രകാരം വീടിന്റെ മുഖം എവിടേക്കാണോ അവിടേക്കു തന്നെ ഇറങ്ങണം. തെക്കോട്ട് മുഖമുള്ള വീട്ടിലേക്ക് കയറുന്നതും, ഇറങ്ങുന്നതും തെക്ക്കിഴക്ക് ഭാഗത്തുകൂടി തെക്കോട്ട് ഇറങ്ങുകയും, കയറുകയും വേണം. താഴെപറയുന്ന കാര്യങ്ങൾ ചെയ്യുന്നതിനായി ഏർപ്പാട് ചെയ്തു.

1) കാർപോർച്ച് തെക്ക്കിഴക്ക് നിന്നും തെക്ക് പടിഞ്ഞാറോട്ട് മാറ്റണം


2) ഗേറ്റ് തെക്ക്മദ്ധ്യത്തിൽ നിന്ന് തെക്ക് കഴക്കോട്ട് മാറ്റണം.


3) വീട്ടിലേക്ക് വരുന്നതും, പോകുന്നതുമായ പടികൾ തെക്ക്കിഴക്ക് വരാന്തയിൽ നിന്നും തെക്കോട്ട് തന്നെ വേണം.

4) കിണറിനും വീടിനുമിടയിൽ വീടിന് സമാന്തരമായി 18 cm ഉയരത്തിൽ പടിഞ്ഞാറുനിന്നും കിഴക്കെ മതിൽ വരെ ചിത്രത്തിൽ കാണുന്നതുപോലെ A to B കുട്ടിമതിൽ കെട്ടണം.

5) വടക്കുകിഴക്കെ മൂലയിലുള്ള വർക്കേരിയ മുകൾഭാഗം പൊളിച്ചുമാറ്റി മതിലിന്റെ ഉയരം തെക്കും, പടിഞ്ഞാറുമുള്ള മതിലിനെക്കാൾ താഴ്ത്തണം.

6) മഴപെയ്യുന്ന വെള്ളം വടക്കുകിഴക്കേ മൂലയിലേക്ക് വരുവാൻ പാകത്തിന് Plot ശരിയാക്കണം. പ്രത്യേകം ശ്രദ്ധിക്കുക. ഒരിക്കലും വീട് പണികഴിഞ്ഞ് നമ്പർ കിട്ടിയശേഷം വീടിന്റെ വടക്കുകിഴക്കെമൂല അടച്ചുകെട്ടി വർക്കേരിയ, മറ്റുസാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള Store പണിയരുത് ഒരിക്കലും വീട്ടിലേക്ക് വരുന്ന എനർജി Block ചെയ്യരുത് ഇതിനോടൊന്നിച്ചുള്ള Sketch A to B നോക്കുക



# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് - 9847537007

നിസ്വാർത്ഥ സ്നേഹത്തിന്റെ പ്രതീകം അല്ലെങ്കിൽ മകുടോദാഹരണം മറ്റാരുമല്ല. അമ്മ. അത് സത്യമാണ്. അമ്മയ്ക്കു പകരം അമ്മ മാത്രം. പത്തമ്മ ചമഞ്ഞാലും പെറ്റമ്മയ്ക്കു പകരമാകില്ല. ഒന്നും മക്കളിൽ നിന്നും പ്രതീക്ഷിയ്ക്കാതെ മക്കളുടെ ക്ഷേമത്തിനായി രാപകൽ ഭേദമെന്യേ പ്രവർത്തിയ്ക്കുന്ന ഒരു മനുഷ്യ യന്ത്രമെന്ന് വിശേഷിപ്പിയ്ക്കാം.

കൈ വളർന്നോ, കാൽ വളർന്നോ, എന്ന് അനുനിമിഷം ആശങ്കയകലാതെ സ്വജീവന് ഒരു വിലയും കല്പിക്കാതെ സസന്തോഷം മക്കളുടെ അഭ്യുന്നതിയക്കായി പ്രാർത്ഥനാ നിർഭരമായി ജീവിതം തള്ളി നീക്കുന്നു. സകലജീവജാലങ്ങൾക്കും അമ്മയെന്നത് അപ്രകാരമാണ്. എന്നാൽ ഒരു മനുഷ്യജീവിയ്ക്ക് വ്യത്യസ്ഥതയില്ലേ തിരിച്ചറിവുള്ള വിവേകശക്തിയുള്ള അമ്മ ഒരു കുഞ്ഞിന്റെ ബാല്യം, യൗവനം ഇങ്ങനെ ഓരോ അവസ്ഥയിലും കാവലാളായി ജീവിതം മക്കൾക്കായി ഉഴിഞ്ഞുവയ്ക്കുന്ന മഹത്‌വ്യക്തിയാണ് അമ്മ.

അമ്മയില്ലാതൊരു ജീവിയുമില്ല അമ്മയില്ലാതൊരു ജീവനുമില്ല. എത്ര ശരിയാണ് എന്നാൽ ഇന്നത്തെ നമ്മുടെ സമൂഹത്തിൽ അമ്മമാരെ തള്ളിക്കളയുന്ന പ്രവണത സർവ്വസാധാരണമാണ്. എത്രയൊക്കെ വാത്സല്യ വർഷം ചൊരിഞ്ഞാണ് അമ്മ ഒരു കുഞ്ഞിനെ വ്യക്തിത്വമുള്ള ഒരു സമൂഹജീവിയാക്കുന്നത്. ഒരമ്മയുടെ അനുഭവം നമ്മെ വല്ലാതെ ചിന്തിപ്പിയ്ക്കുന്നു.

അന്ധയായ അമ്മ മകനെയാതൊരു അല്ലലും അറിയിക്കാതെ വളർത്തുന്നു. അവന് തിരിച്ചറിവു വന്നപ്പോൾ അമ്മയുടെ അന്ധത സമൂഹമദ്ധ്യത്തിൽ അവനെ വല്ലാതെ അസ്വസ്ഥനാക്കുന്നു. കൂട്ടുകാർ കണ്ണുപൊട്ടിയെന്നൊക്കെ വിളിച്ചു കളിയാക്കുന്നു. അതുകൊണ്ട് അമ്മയിൽ നിന്നും അകലാൻ വെമ്പൽകൊള്ളുന്നു. ഒരിയ്ക്കൽ സ്ക്കൂളിൽ അവനെ അന്വേഷിച്ചെത്തിയ അമ്മയെ ശകാരവർഷം ചൊരിഞ്ഞ് ആട്ടിയോടിച്ചു.

മകൻ നിർദ്ദയനായി പെരുമാറിയിട്ടും അമ്മ മകനെ താലോലിയ്ക്കാൻ ഒട്ടും പിശുക്കു കാട്ടിയില്ല. വളർന്നു നല്ല ഉദ്യോഗസ്ഥനായി. വിവാഹിതനായി കുടുംബസ്ഥനായി കഴിയുന്ന അവനെ കാണാൻ ഒറ്റപ്പെട്ട അമ്മ അവന്റെ വീട്ടിലെത്തുന്നു. അവന്റെ ഭാര്യയും, മക്കളും അമ്മയെ ആരെന്നറിയാത്ത വിധം അകന്നുപോയി ആ മകൻ. ആട്ടി ഓടിച്ചിട്ട് പിന്നാലെ ചെന്ന് മേലിൽ എന്നെ അന്വേഷിച്ച് വരരുത്, ഇത്രയും നാണംകെടുത്തിയിട്ടും മതിയായില്ലേ കണ്ണുകാണാത്ത അമ്മയുടെ വിയർപ്പിന്റെ വില പുഛിച്ചു തള്ളുന്നു. എന്നിട്ടും ആ അമ്മ മകനെ വേദനിപ്പിയ്ക്കാൻ മുതിരുന്നില്ല.

മകൻ ബാല്യത്തിൽ ഒരു അപകടത്തിൽപ്പെട്ട് അവന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടു. അമ്മയുടെ കണ്ണുകൾ മകനു നല്കി സ്വയം അന്ധയായതാണെന്ന് മകനെയറിയിക്കാൻ അമ്മയുടെ മനസ്സു തയ്യാറായില്ല. മകന്റെ മനസ്സു തകരാതെ തളരാതെ സന്തോഷവാനായി കഴിയണമെന്നാഗ്രഹിയ്ക്കുന്ന അമ്മയക്കു മകൻ നല്കുന്ന കടുത്ത ക്രൂരമായ ശിക്ഷ എത്ര കഠിനം. ഇത്രയധികം വേദനാജനകമായ അനു ഭവം കിട്ടിയിട്ടും അമ്മ മകനെ എത്രസ്നേഹമസൃണമായ വാക്കുകളാൽ ആശ്ലേഷിയ്ക്കാൻ ശ്രമിയ്ക്കുന്നു. പക്ഷേ

എല്ലാം വ്യഥാവിലാണ്. അമ്മരോഗ ബാധിതയായി കിടപ്പിലായപ്പോൾ അയൽക്കാർ വശം ഒരു കത്തു മകനു കൊടുത്തയയ്ക്കുന്നു. ആ കത്തു മകനു കിട്ടി വായിച്ചു വിവരമറിയും മുമ്പേ അമ്മ ഇഹലോകവാസം വെടിഞ്ഞു. മകൻ വിഷണ്ണനായി അമ്മയോട് മാപ്പപേക്ഷിയ്ക്കാനെത്തുമ്പോൾ വിറങ്ങലിച്ച ശരീരം മാത്രമേ അവനു കാണാൻ കഴിഞ്ഞുള്ളൂ.

അച്ഛനമ്മമാരെ നാം ജീവിച്ചിരിയ്ക്കുമ്പോൾ നന്നായി പരിചരിയ്ക്കേണ്ടത് നമ്മുടെ കടമയാണ് എന്ന് തിരിച്ചറിയണം. കാലം കഴിഞ്ഞിട്ട് അലമുറ കൂട്ടിയിട്ട് എന്തർത്ഥം. ജീവിതത്തിൽ ആദ്യാക്ഷരം ചൊല്ലിത്തന്ന്, താരാട്ടുപാടി ഉറക്കി, എല്ലാ കാര്യങ്ങളും ചെയ്യാൻ പ്രാപ്തരാക്കുന്ന വരെ തള്ളി കളയുന്നതിനെക്കാൾ മഹാപാപം മറ്റെന്താണ്. നന്ദി വേണ്ട, നിന്ദിക്കരുത്.

ഈ കഥ ഏതൊരു വ്യക്തിയേയും സ്പർശിയ്ക്കും. നമ്മുടെ ജീവിതത്തിൽ എത്ര പ്രാധാന്യവും, വിലമതിയ്ക്കാനാകാത്ത വ്യക്തിത്വമാണെന്ന് വൈകി തിരിച്ചറിയുന്നത് ശൂന്യത മാത്രം സമ്മാനിയ്ക്കും. ■

---

**എറണാകുളം കരയോഗം**
**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**




**2026 ജനുവരി 10 മുതൽ ഫെബ്രുവരി 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 12-01-2026<br>09-02-2026 | തിങ്കൾ | വിമൻസ് ഫോറം | 3.00 p.m - 5.00 p.m. |
| 2. | 14-01-2026<br>21-01-2026<br>28-01-2026<br>04-02-2026 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 3. | 15-01-2026<br>22-01-2026<br>29-01-2026<br>05-02-2026 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 4. | 17-01-2026<br>24-01-2026<br>31-01-2026<br>07-02-2026 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>ആചാര്യൻ കെ. ആർ . നമ്പ്യാർ | 10.00 am - 12.00 pm |
| 5. | 18-01-2026 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി **അകായിലെ സംഗീതത്തിൽ,** മണ്ഡലമഹോത്സവം, ക്രിസ്മസ്, പുതുവത്സര **ചലച്ചിത്ര ഗാനപരിപാടി** | 4.00 p.m |
| 6. | 25-01-2026 | ഞായർ | സാഹിതീ യോഗം പരിപാടി: **മലയാളികളുടെ ശ്രീനിവാസൻ – അവതരണം ശ്രീ പി.ജി രാമചന്ദ്രൻ** | 11.00 a.m |
| 7. | 27-01-2026 | ചൊവ്വ | **ബീം** – കലാക്ഷേത്ര കാർത്തിക നാരായണൻ അവതരിപ്പിക്കുന്ന **ഭരതനാട്യ കച്ചേരി** | 6.30 p.m. |

ക്ഷേത്രങ്ങളിലൂടെ

# പറശ്ശിനിക്കടവ് ശ്രീമുത്തപ്പൻ ക്ഷേത്രം

ഇന്ദിരാഭായി – 8078552892

ഭാരതത്തിലെ ക്ഷേത്രങ്ങളെ വിശ്വാസികളുടെ ആരാധനാലയങ്ങളായി മാത്രം കാണുവാൻ സാധിക്കില്ല. ഓരോ ക്ഷേത്രങ്ങളും അതാത് പ്രദേശങ്ങളുടെ ചരിത്രവുമായി അഭേദ്യമായ ബന്ധമുള്ളവയാണ്. ക്ഷേത്രങ്ങൾ ഓരോ പ്രദേശങ്ങളുടെയും പ്രശസ്തിക്ക് മുഖ്യപങ്കുവഹിക്കുന്നുണ്ട്. നാടിന്റെ സംസ്കാരം പോലും ആ പ്രദേശത്തെ ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നതായി കാണാം. ക്ഷേത്രോത്സവങ്ങളും ആചാരാനുഷ്ഠാനങ്ങളും തദ്ദേശവാസികളുടെ നിത്യജീവിതത്തെ സ്വാധീനിക്കുന്നു. അതിമഹത്തായ ക്ഷേത്രചരിത്രങ്ങളുള്ള പുണ്യഭൂമിയായ ഭാരതത്തിന്റെ തെക്കേ അറ്റത്തുള്ള കേരളക്കരയിലും വിശ്വപ്രസിദ്ധങ്ങളായ പല ക്ഷേത്രങ്ങളുമുണ്ട്. ഐതിഹ്യങ്ങളാലും ആചാരരീതികളാലും പ്രസിദ്ധിയാർജ്ജിച്ച ക്ഷേത്രമാണ് കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവ് ശ്രീ മുത്തപ്പൻ ക്ഷേത്രം. നായക്കുട്ടികളെ നടയിൽ സമർപ്പിക്കുന്ന ക്ഷേത്രം . സാധാരണമായി ക്ഷേത്രശ്രീകോവിലിനു മുന്നിൽ കൊടിമരം കാണുമ്പോൾ, ഇവിടെ ശ്രീകോവിലിനു പിന്നിലാണ് കൊടിമരം എന്നതും ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. ജാതിമതലിംഗവർഗ്ഗ ഭേദങ്ങളൊന്നും അതിർവരമ്പുകൾ സൃഷ്ടിച്ചിട്ടില്ലാത്ത ക്ഷേത്രം. ആന, പശു, കാള, കോഴി എന്നിവയെ നടയിരുത്തുന്ന പലക്ഷേത്രങ്ങളുമുണ്ട്. എന്നാൽ നായ്ക്കുട്ടികളെ വഴിപാടായി സമർപ്പിക്കുന്ന ഒരു അപൂർവ്വ ക്ഷേത്രമാണിത്. ഉത്തരകേരളത്തിലെ ധർമ്മസ്ഥല എന്നും പറശ്ശിനിക്കടവ് മടപ്പുര എന്നും അറിയപ്പെടുന്ന ക്ഷേത്രമാണ് ശ്രീ പറശ്ശിനിക്കടവ് മുത്തപ്പൻക്ഷേത്രം, ശൈവ–വൈഷ്ണവ ചൈതന്യമുള്ള ഇവിടുത്തെ ദേവസാന്നിദ്ധ്യത്തെ ആബാലവൃദ്ധം ഭക്തരും മുത്തപ്പാ എന്ന് സംബോധനചെയ്യുന്നു. മുത്തപ്പൻ ആരാണ? എങ്ങനെ ഭക്തർക്ക് മുത്തപ്പനായി? മുത്തപ്പന് പറശ്ശിനിക്കടവിൽ വാസസ്ഥാനമുണ്ടായതെങ്ങനെ? എന്നിങ്ങനെ മുത്തപ്പനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളെ നമുക്ക് ഒന്ന് പരിചയപ്പെടാം.

എരുവശ്ശേരിയിലെ ബ്രഹ്മണഗൃഹമായ അയ്യങ്കര ഇല്ലത്തെ നമ്പൂതിരിയായിരുന്നു അക്കാലത്തെ നാടുവാഴി. അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് പാർവ്വതിക്കുട്ടിയെന്നായിരുന്നു. ഇവർക്ക് മക്കളില്ലായിരുന്നു. ശിവഭക്തരായ നമ്പൂതിരിയും പാർവ്വതിക്കുട്ടിയമ്മ എന്ന  പാടിക്കുറ്റിയമ്മയും  തികഞ്ഞ ശിവ ഭക്തരായിരുന്നു. സന്താന ഭാഗ്യത്തിനായി അവർ നിത്യവും ഭഗവാനോട് പ്രാർത്ഥിക്കുമായിരുന്നു. ഒരു ദിവസം രാത്രി ഉറക്കത്തിൽ അവർക്ക് ഒരു ദിവ്യാനുഭൂതി ഉണ്ടാവുകയും അത് അവരുടെ മനസ്സിനെ പ്രകാശമാനമാക്കുകയും ചെയ്തു. അവരുടെ കാതുകളിൽ ശംഖനാദവും, മൃദംഗനാദവും മുഴങ്ങുന്നതായി അനുഭവപ്പെട്ടു. അവർ പെട്ടന്ന് കണ്ണ് തുറന്നു നോക്കുമ്പോൾ പുലിത്തോലുടയാടയും നാഗഹാരവുമണിഞ്ഞ ശ്രീ പരമേശ്വരൻ മുന്നിൽ നിൽക്കുന്നതായി അവർക്ക് തോന്നി. ഉറക്കമുണർന്ന അവർ മുറിയിലെല്ലാം നോക്കിയെങ്കിലും ആരെയും കാണാൻ കഴിഞ്ഞില്ല, കത്തുന്ന നിലവിളക്കുമാത്രം മുറിയിൽ കണ്ടു. തന്റെ ഇഷ്ടദേവനെ കണ്ട സന്തോഷത്തിൽ അവർ ആ രാത്രി കഴിച്ചുകൂട്ടി. പതിവുപോലെ പാടിക്കുറ്റിയമ്മ പ്രഭാതസ്നാനത്തിനായി പോയി. അപ്പോഴും അവരുടെ മനസ്സിൽ മായമയനായ ഭഗവാന്റെ രൂപവും കാതിൽ മുഴങ്ങിയ ശംഖുനാ

ദവും മൃദംഗനാദവും അലയടിച്ചു കൊണ്ടിരുന്നു. പുഴയിൽ മുങ്ങിനിവർന്ന പാടിക്കുറ്റിയമ്മ അവിടെ ഒരു കല്ലിന്മേൽ തേജോമയനായ ഒരു കുഞ്ഞ് കിടക്കുന്നതാണ് കണ്ടത്. കണ്ണിനാനന്ദകരമായതും പാടിക്കുറ്റിയമ്മ കാണുവാൻ ഏറെ ആഗ്രഹിച്ചതുമായ ഒരു കാഴ്ചയാണ് അവരുടെ ദൃഷ്ടിയിൽപ്പെട്ടത്. പെട്ടന്ന് അവർ ആ കുഞ്ഞിനെ വാരിയെടുത്തു. സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് അവർ ആ കുഞ്ഞിനെ ചുംബനങ്ങൾ കൊണ്ട് പൊതിഞ്ഞു. കുഞ്ഞിനേയും കൊണ്ട് ഇല്ലത്തെത്തിയപ്പോൾ ഒരു കുഞ്ഞിനുവേണ്ടി കാത്തുകാത്തിരുന്ന നമ്പൂതിരി ഗദ്ഗദകണ്ഠനായി ഭഗവാനേ എന്നുറക്കെ വിളിച്ചു പ്രാർത്ഥിച്ചു. മകനെ ലഭിച്ചതിന്റെ ആഹ്ലാദം നമ്പൂതിരി കാരണവർ അന്നദാനവും വസ്ത്രദാനവും മറ്റും നടത്തി എല്ലാവരുമായി പങ്കുവെച്ചു.

നമ്പൂതിരിയുടെയും പാടിക്കുറ്റിയമ്മയുടെയും ഭക്തിയിൽ ശ്രീ മഹാവിഷ്ണുവും ശ്രീപരമേശ്വരനും പ്രസന്നരായി. അവർ ഭഗവാനെ പ്രാർത്ഥിച്ചിരുന്ന കാലത്താണ് പാർവ്വതി പരമേശ്വരന്മാർ കാട്ടാളവേഷധാരികളായി വനത്തിൽ തപസ്സനുഷ്ഠിക്കുന്ന അർജ്ജുനനെ പരീക്ഷിക്കുവാൻ പുറപ്പെട്ടത്. വനത്തിലുടനീളം ആടിയും പാടിയും അർജ്ജുനൻ തപസ്സു ചെയ്യുന്ന സ്ഥലത്തേക്ക് പോകുന്ന പാർവ്വതിപരമേശ്വരന്മാരെ കാണുവാൻ ബ്രഹ്മാവും, വിഷ്ണുവും മറ്റ് ദേവീദേവന്മാരും അവിടെയെത്തി. ഈ സമയം പാടിക്കുറ്റിയമ്മയുടെയും നമ്പൂതിരിയുടെയും പ്രാർത്ഥനക്ക് ഫലം നൽകുന്നതിനായി ശ്രീ മഹാവിഷ്ണു ശ്രീ പാർവ്വതിപരമേശ്വരന്മാരുടെ മകനായി അവതരിച്ചു. അപ്രകാരമുണ്ടായ ആ കുഞ്ഞിനെ അവർ തിരുവങ്കടവിൽ ഉപേക്ഷിച്ചു. എരുവശ്ശേരിക്കുന്നിന്റെ താഴെ തിരുവങ്കടവുഭാഗത്ത് കൂടിയാണ് എരുവശ്ശേരിപ്പുഴ ഒഴുകുന്നത്. തിരുവങ്കടവിലാണ് അവർ കുഞ്ഞിനെ ഉപേക്ഷിച്ചത്. കുഞ്ഞിനെ കിടത്തിയിരുന്ന കല്ല് പിന്നീട് തിരുനെറ്റിക്കല്ല് എന്നറിയപ്പെട്ടു.

പാടിക്കുറ്റിയമ്മ മകനെ സന്തോഷത്തോടെ വളർത്തി, മകന്റെ നന്മക്കായി പ്രാർത്ഥനകളും വഴിപാടുകളും നടത്തി നാളുകൾ കഴിച്ചു. മകൻ കൗമാരപ്രായത്തിലെത്തിയപ്പോൾ മകനിൽ ചില പ്രത്യേകസ്വഭാവങ്ങളുള്ളതായി ആ മാതാപിതാക്കൾ മനസ്സിലാക്കി. ഇല്ലത്തിന് അല്പം അകലെയുള്ള കൊടുംകാടുകളിൽ മകൻ നിത്യസന്ദർശകനായി മാറി. കാട്ടിൽ കാലികളെ മേയ്ച്ചും നായാടിയും നടക്കുന്ന മറ്റു സമുദായത്തിൽപ്പെട്ട ആളുകളുടെ വീടുകളിൽ പോയി ഭക്ഷണം കഴിക്കുകയും അമ്പും വില്ലുമായി അവരോടൊപ്പം നായാട്ടുനടത്തുകയും പതിവാക്കി. നായാടികിട്ടുന്ന ജീവികളെ ചുട്ടുകരിച്ചും മത്സ്യമാംസാദികളും മദ്യവും കഴിച്ചും ഇല്ലത്തേക്കുവരുന്നു. വളരെയധികം പ്രതീക്ഷകളോടെ മകനെ വളർത്തിയ ആ മാതാപിതാക്കൾക്ക് മകന്റെ ഈ പ്രവൃത്തി വല്ലാത്ത ദുഃഖമുണ്ടാക്കി. തങ്ങളുടെ വളർത്തുമകൻ കാരണം ഇല്ലത്തിന്റെ സൽപ്പേര് കളങ്കപ്പെടുമല്ലോ എന്ന് അവർ സങ്കടപ്പെട്ടു. നാടിനും വീടിനും കണ്ണിലുണ്ണിയായിരുന്ന മകൻ വഴിതെറ്റി സഞ്ചരിക്കുന്നു എന്നറിഞ്ഞ മാതാപിതാക്കൾ മകനെ വിളിച്ചു അവരുടെ സങ്കടങ്ങൾ പറഞ്ഞു. പക്ഷെ മകൻ ആ സങ്കടങ്ങൾക്ക് അത്രവലിയ പ്രാധാന്യമൊന്നും നൽകിയില്ല. അയ്യങ്കരഇല്ലം വീണ്ടും ദുഃഖഭാരത്താൽ തളർന്നു തുടങ്ങി.

മകന്റെ പെരുമാറ്റരീതികൾ കണ്ടു ദുഃഖിതനായ നമ്പൂതിരി ഒരു ദിവസം പാടിക്കുറ്റിയമ്മയോട് ഞാൻ എന്റെ ജീവിതം അവസാനിപ്പിക്കുവാൻ പോവുകയാണ്, മകനെ കിട്ടിയപ്പോൾ എന്റെ എല്ലാ ദുഃഖവും തീർന്നു എന്നാണ് ഞാൻ കരുതിയത്. ഇപ്പോൾ എന്റെ എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്, നീ എങ്ങനെയെങ്കിലും മകന്റെ കൂടെ സുഖമായി കഴിയുവാൻ ശ്രമിക്കു എന്ന് പറഞ്ഞ് അദ്ദേഹം പൊട്ടിക്കരഞ്ഞു. തന്റെ ഭർ

ത്താവിന്റെ വാക്കുകൾ കേട്ട് പാടിക്കുറ്റിയമ്മ എന്ത് പറയണം എന്നറിയാതെ തേങ്ങി. ഈ സമയം അവർ പറഞ്ഞതെല്ലാം കേട്ടുകൊണ്ട്, മകൻ അവിടേക്കു വന്നു. ഒന്നും മിണ്ടാതെ ഒന്നും ഭാവിക്കാതെ സ്വന്തം മുറിയിൽ കയറി വാതിലടച്ചു. പാടിക്കുറ്റിയമ്മയും നമ്പൂതിരിയും പരിഭ്രമിച്ച് പിന്നാലെ ചെന്ന് വാതിലിൽ തട്ടി മകനേ മകനേ എന്ന് വിളിച്ചുക്കരഞ്ഞു. മകൻ വാതിൽ തുറന്നില്ല .അല്പം കഴിഞ്ഞ് വാതിൽ തനിയെ തുറന്നു. ആ മുറിയിൽ മകന് പകരം കയ്യിൽ അമ്പും വില്ലും ധരിച്ച് അഗ്നിജ്വലിക്കുന്ന കണ്ണുകളുമായി നിൽക്കുന്ന കാലഭൈരവ രൂപത്തെയാണ് അവർ കണ്ടത്. അത്ഭുതപ്പെട്ട അവർ ഭഗവാനേ എന്ന് വിളിച്ച് കാൽക്കൽ വീണു. അവരെ അനുഗ്രഹിച്ചശേഷം തന്റെ അവതാരകഥകൾ അറിയിച്ചു. പിന്നീട് യാത്ര ചോദിച്ച് അവിടെനിന്നും പോകുവാൻ ഭാവിക്കുമ്പോൾ പാടിക്കുറ്റിയമ്മ മകനോട് തനിക്ക് ഒരു വരം തരണമെന്നപേക്ഷിച്ചു. അമ്മയുടെ ആഗ്രഹം നിറവേറ്റാമെന്ന് മകൻ സമ്മതിച്ചു. മുൻകോപിയായ എന്റെ മകൻ തന്റെ കണ്ണുകളെ പൊയ്ക്കണ്ണിനാൽ മൂടിക്കെട്ടണമെന്ന് അവർ മകനോടപേക്ഷിച്ചു. അമ്മയുടെ ആഗ്രഹം നിറവേറ്റാമെന്ന് വാക്കുനൽകിയ ശേഷം മകൻ അയ്യങ്കര ഇല്ലത്തുനിന്നും യാത്രയായി. മക്കളില്ലാതെ വിഷമിച്ച ശിവഭക്തരായ നമ്പൂതിരി ദമ്പതിമാർക്ക് ഭഗവാന്റെ അനുഗ്രഹത്താൽ ലഭിച്ച കുട്ടിയാണ് പിൽക്കാലത്ത് പറശ്ശിനിക്കടവ് മുത്തപ്പനായത് എന്നാണ് ഐതീഹ്യം. കിരാതമൂർത്തികളായ കണ്ണൂർ പയ്യാവൂരിലെ എരുവശ്ശേരി വയത്തൂർകാലിയാരും പാടിക്കുറ്റിഭഗവതിയും മുത്തപ്പന്റെ മാതാപിതാക്കളാണ് എന്ന് വിശ്വസിക്കുന്നു.

(തുടരും.....)

**മിനിക്കഥ**

**ഉണ്ണി വാരിയത്ത് – 9867179480**

# ആ വാക്കുകൾ

ആ വീട്ടിൽ ഒരു മാസം മുമ്പ് ഒരു മരണം സംഭവിച്ചു. വീട്ടുകാർക്ക് ഇപ്പോഴും ദുഃഖം താങ്ങാനാവുന്നില്ല. തേങ്ങൽ... നെടുവീർപ്പുകൾ...

അയൽപക്കത്തെ ടീച്ചർ അവരെ സാന്ത്വനിപ്പിച്ചുകൊണ്ട് പറഞ്ഞു. 'പൂമരത്തെ ശ്രദ്ധിച്ചിട്ടുണ്ടോ? അത് കൊഴിഞ്ഞുവീണ പൂവിനെ ഓർത്ത് ദുഃഖിച്ചുകൊണ്ടിരിക്കാതെ പുതിയ പൂചൂടി വീണ്ടും പുഞ്ചിരിക്കും. പക്ഷേ, വകതിരിവുള്ള മനുഷ്യർ എന്തുകൊണ്ടാണ് സങ്കടത്തെ താലോലിച്ചു കൊണ്ടേയിരിക്കുന്നത്?'

എന്തായാലും, ആ വാക്കുകൾ അവർക്ക് ഗുണം ചെയ്തു.


# 32-ാം ചരമവാർഷികം

**21. 01. 2026**



**മേലങ്ങത്ത് ഗോവിന്ദൻകുട്ടി മേനോൻ**

**'മേലങ്ങത്ത്'**

**ആലപ്പാട്ട് റോഡ്, രവിപുരം, കൊച്ചി–682016**

*സന്തപ്ത കുടുംബാംഗങ്ങൾ*

# നമഃശിവായ

കെ. ഹരിഹരൻ - 9847313322

(തുടർച്ച.....)

ഈ അപരോക്ഷജ്ഞാനത്തിന്റെ ഫലമാണ് ധന്വന്തരി. ധനു, ധനുസ്സ് ആദിയായവയാലുണ്ടാകുന്ന പീഡയുടെ ഉപലക്ഷണമായിട്ടാണ് ഇതിൽ നിന്നും സംസാര ദുഃഖവും ഉപലക്ഷിതമാകുന്നു. ഇതിനെ 'ഉപലക്ഷിതോപലക്ഷണാ' എന്ന് പറയുന്നു. ധനു എന്നതിന് ധനുസ്സ് എന്ന് അർത്ഥം പറഞ്ഞു. അതിൽ നിന്നും ധനുഷജന്യപീഡാ എന്നു ലക്ഷണയും, അതിൽ നിന്നും സംസാരദുഃഖം-ലക്ഷിതവുമാകും. സർവ്വ സംസാരവും ദുഃഖരൂപമാണ്. ആദ്യത്തെ പരിണാമം ദുഃഖരൂപമായിരിക്കട്ടെ, അല്ലാതിരിക്കട്ടെ അന്തിമപരിണാമം ദുഃഖരൂപം തന്നെയാണ്. അന്തിപരിണാമം വാർദ്ധക്യമാണ്, മരണമാണ്. ആരും തന്നെ മരണത്തെ കണ്ടിട്ടില്ല. എന്നാൽ മറ്റൊരാളുടെ മരണം തീർച്ചയായും കണ്ടിട്ടുണ്ടാവാം. എന്നാൽ അതിൽ എന്ത് ബുദ്ധിമുട്ടാണുള്ളത് അത് അനുഭവിച്ചിട്ടില്ല എന്നിട്ടും ആ പീഡയെ എല്ലാവരും ഭയക്കുന്നു. പൂർവ്വ ജന്മ-ജന്മാന്തരങ്ങളിലെ മരണാനുഭവങ്ങളുള്ളതിനാലും, ആ പീഡാനുഭവം ഗഹനമായതിനാലും, ആഴത്തിലുള്ള സംസ്കാരം അവശേഷിച്ചതുകൊണ്ടുമാണ് ജന്മാന്തരങ്ങളിലും ആ സ്മരണയുണ്ടാകുമെന്നാണ് ആചാര്യന്മാർ പറയുന്നത്. ആഴത്തിലുള്ള അനുഭവങ്ങൾ പെട്ടന്ന് ഓർമ്മിക്കും അത് അനിവാര്യമായ ദുഃഖം തന്നെയാണ്. അതിനിടയിൽ അനേകം ദുഃഖങ്ങൾ വേറെയും ഉണ്ടാകുന്നുണ്ട്. ഇവയെ അനുഭവിക്കുന്നതിലും ശ്രേയസ്കരം മരണം തന്നെയെന്നും, ഈ ദുഃഖങ്ങളെല്ലാം സർവ്വഥാ നിരാകരിക്കാൻ വേറൊരു ഉപായവുമില്ലല്ലോ എന്നും മനുഷ്യൻ ചിന്തിക്കാറുണ്ട്.

ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്നീ മൂന്ന് വിധത്തിൽ ദുഃഖങ്ങൾ എപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കും. ഈ ദുഃഖങ്ങളെ ദൂരീകരിക്കുവാനുള്ള ജിജ്ഞാസ എല്ലാവരിലും ഉണ്ടാകാറുണ്ട്. എന്നാൽ അതിനുള്ള പ്രത്യക്ഷമായ ഉപായം ഒന്നും തന്നെയില്ല കുറെ ദുഃഖങ്ങൾ ഒഴിഞ്ഞു പോയേക്കാം എന്നാൽ പോയി എന്നതിന് ഗ്യാരണ്ടിയൊന്നുമില്ല. ചിലപ്പോൾ ശാരീരിക ദുഃഖങ്ങൾ, ചിലപ്പോൾ മാനസിക ദുഃഖങ്ങൾ, ശരീരത്തിൽ വിവിധ രോഗങ്ങൾ, വേദനകൾ. ഒരു വേദന മാറിയാൽ പ്രതിക്രിയാരൂപത്തിൽ മറ്റൊരു ഭാഗത്ത് വേദനയുണ്ടാകുന്നു. അതുപോലെയാണ് മാനസപീഡയും. സത്പുരുഷന്മാരും സംസാരം ദുഃഖരൂപമായാണ് കണക്കാക്കുന്നത്. ദേവർഷി നാരദൻ ദുഃഖാകുലനായിട്ട് സനത്കുമാരന്റെ അടുത്തു ചെന്നു. നാരദൻ തന്റെ അപാരമായ ശോകത്തെക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞു. സനത്കുമാരൻ നാരദർക്ക് ഭൂമവിദ്യ ഉപദേശിച്ചു 'യോ വൈ ഭൂമാ തത്സുഖം നാൽവേ സുഖമസ്തി' ഭുമാവിൽ തന്നെയാണ് സുഖമുള്ള അപരിഛിന്നമായ സത്തത്വത്തിൽ തന്നെയാണ് സുഖമുള്ളത്, പരിച്ഛിന്നങ്ങളിലല്ല. എവിടെയാണോ മറ്റൊന്നും ദ്വിതീയമായി കാണാത്തത്, കേൾക്കാത്തത്, അറിയാനില്ലാത്തത് അതുതന്നെ ഭൂമാ. എവിടെയാണോ രണ്ടാമതൊന്നിന്റെ പ്രതീതിയുള്ളത് അത് അൽപ്പമാണ്, പരിച്ഛിന്നമാണ്.

നാരദൻ രാഗാദികഷായ രഹിതനായിരുന്നു. അദ്ദേഹത്തെ ഭഗവാൻ സനത്കുമാരൻ തമസ്സിനപ്പുറമുള്ള ജ്യോതിർ ബ്രഹ്മദർശനം ചെയ്യിച്ചു. അതിനാൽ അദ്ദേഹത്തിന് സ്കന്ദനെന്ന നാമം കിട്ടി. ശോകസാഗരം അഥവ തമസ്സാകുന്ന സാഗരം ശേഷിപ്പിച്ചതിനാൽ സ്കന്ദൻ എന്ന് വിളിക്കുന്നു. തമസ്സിന്റെ പാരം, ജ്ഞാനം

അഥവാ മോക്ഷരൂപിയായ ഗതി കാണിച്ചതി നാലും സ്കന്ദൻ എന്ന നാമം കിട്ടി. നാരദൻ ഋഗ്വേദാദി സമ്പൂർണ്ണ വേദശാസ്ത്രദികളെ പഠിച്ചു കഴിഞ്ഞവനാണ്. എന്നിട്ടും അദ്ദേഹം പറഞ്ഞു:- "ഞാൻ മന്ത്രവിത്തു മാത്രമാണ്, ആത്മ വിത്തല്ല". അതിനെകൊണ്ട് ശോകതരണം സാദ്ധ്യമല്ല പരോക്ഷജ്ഞാനം മാത്രമാണ്,സദ്ഗുരു പ്രാപ്തിയുണ്ടാകുന്നതുവരെ, മന്ത്രത്താലുണ്ടാകുന്ന ജ്ഞാനം പരോക്ഷം തന്നെയാണ്. തീർച്ചയായും താങ്കൾ ശബ്ദം കേൾക്കും, അർത്ഥവും മനസ്സിലാകുന്നുണ്ടെന്നു തോന്നും എന്നാൽ അതിൽ ധാരാളം തെറ്റുകളും കുറവുകളും കാണും. നാം മുമ്പ് കണ്ടതോ കേട്ടതോ തത് സാദൃശ്യമോ അല്ലെങ്കിൽ അത് തന്നെയോ ആണ് ശബ്ദത്തിലൂടെ മനസ്സിലാകുന്നത്. ബ്രഹ്മമെന്നു പറഞ്ഞാൽ, വ്യത്യസ്ത സ്ഥലങ്ങളിൽ പ്രകടമാകുന്ന മനുഷ്യരൂപമുള്ള ഒരു വ്യക്തിയോ അതല്ലെങ്കിൽ, ആകാശമാനം നീല നിറമുള്ള ഏതോ തത്വമായിട്ടോ മനസ്സിലാകും. ഇവയെല്ലാം താങ്കളുടെ കല്പനമൂലമായിരുന്ന കാര്യങ്ങളാണ്. ബ്രഹ്മം ശബ്ദവിഷയകമോ, കല്പനാവിഷയകമോ അല്ല. സനത് കുമാരൻ ഇരുപത്തിയഞ്ചു തത്വങ്ങൾ ഒന്നിന് പിറകെ ഒന്നായി ഉത്ഭവം പറഞ്ഞ് ആദ്യം ഒരു ബിന്ദുവിൽ എത്തിച്ചു. അതിനുശേഷം മുന്നോട്ടു വേറെ ജ്ഞാനകാരമില്ല. എന്നിട്ട് എല്ലാ പദാർത്ഥങ്ങളേയും നിഷേധിച്ചു.

"യത്ര നാന്യത് പശ്യതി" എന്നിവയാൽ ഇപ്രകാരം, ഇതരമായ സകല വ്യാവൃത്തിരൂപകമായ പരാമർത്ഥതത്വലക്ഷണയെ നേതി നേതിയെന്ന് പൃഥക്കരിച്ച് ഒരു സ്വയം പ്രകാശിത തത്വത്തിൽ സ്ഥാപിച്ചു. എന്നിട്ട് വിശേഷമായി ഒരു മുന്നറിയിപ്പും കൊടുത്തു:- "ഈ രഹസ്യം നിങ്ങൾക്ക് വെറുതെ വായിച്ചാലോ, കേട്ടാലോ ലഭിക്കുന്നതല്ല".

"തസ്മൈ മുദിത കഷായായ" ഇത് ഒരു വിലക്ഷണ ശബ്ദമാണ്. എപ്പോൾ വരെ രാഗാദികളായ കഷായങ്ങളുടെ മർദ്ദനമുണ്ടാകുന്നില്ലയോ, അപ്പോൾ വരെ കല്പനിക വസ്തു തന്നെയായിരിക്കും മുന്നിൽ വരുന്നത്.

ഇക്കാരണത്താലാണ് ഇവിടെ ഐരാവതത്തിന് ശേഷം പാരിജാതത്തിന്റെ പേര് പറഞ്ഞത്. പാരീ- മോക്ഷം -അതിനെ ലക്ഷ്യമാക്കി എന്ത് ജാതമായോ അത് പാരിജാതം. രാഗാദികഷായമർദ്ദനം വിവേകാദികളായ എന്തെല്ലാം അപേക്ഷിതമായോ. അവയുടെയെല്ലാം ഗ്രഹണം അതിനാൽ ഉണ്ടാകുന്നു. ഇതെല്ലാമുണ്ടായാലും ആദ്യം സാമാന്യ ഗുരുക്കന്മാരിൽ നിന്നും ശ്രവണം ചെയ്താൽ പരോക്ഷജ്ഞാനം വരയേ ചെന്നെത്തുകയുള്ളു. കം, ഖം വരെ മാത്രം പോര ശംഖം വരെ എത്തുന്നതിലും വിഷമമുണ്ടാകും. അതിനു ശേഷം ഗുരുമുഖത്തുനിന്നും ഉച്ചൈഃ ശ്രവണം ഉണ്ടാകണം. ശാർങ്ഗരുപിയായ ശിഖര സാധന - നിദിധ്യാസനം ചെയ്താലേ കൗസ്തുഭമണി രൂപത്തിലുള്ള ബ്രഹ്മദർശനം സാദ്ധ്യമാകുകയുള്ളൂ. കൃതോപാസ്തിയാണെങ്കിൽ നിദിധ്യാസന പ്രയാസത്തിന്റെ ആവശ്യകതയുമില്ല. കൃതോപാസ്തിക്ക് ഭഗവദ് കൃപയുള്ളതിനാൽ നീണ്ട നിദിധ്യാസനത്തിന്റെ ആവശ്യകതയില്ല. നാരദന് അതിന്റെ ആവശ്യമില്ലായിരുന്നു. ഉച്ചൈഃശ്രവണം കൊണ്ടുതന്നെ കൗസ്തുഭാത്മക ബ്രഹ്മദർശനം അദ്ദേഹത്തിനുണ്ടായി.

നേരത്തെ മനസ്സിലാക്കിയ അവരോക്ഷ ജ്ഞാനമുണ്ടായതിനുശേഷം, ധന്വന്തരീരൂപമായ ശോകനിവൃത്തിയുണ്ടാകും. ധനു - ദുഃഖ ക്ലേശത്തിന് അന്ത്യം വരുത്തുന്നവൻ ധന്വന്തരി അഥവ ശോകനിവൃത്തി. ഇതിനു ശേഷമാണ് പൂർണ്ണലക്ഷ്യത്തിലെത്തുന്നത്. പൂർണ്ണ ലക്ഷ്യം അമൃതപ്രാപ്തിയാണ്. അതിനെയാണ് ഏഴാമത്തെ അവസ്ഥയായ നിരങ്കുശ തൃപ്തി എന്ന് പറഞ്ഞത്. "രമയതീതി രത്നം" ഈ വിഗ്രഹമനുസരിച്ച് എല്ലാവർക്കും ആനന്ദം പകർന്നു കൊടുക്കുന്നതാണ് രത്നം. അമൃത് വാസ്തവത്തിൽ ബ്രഹ്മം തന്നെയാണ്. അതിന്റെ ആനന്ദത്താലാണ് സമസ്ത പ്രാണികളും ആനന്ദം അനുഭവിക്കുന്നത്.

“ഏഷഹ്യേ വാനാന്ദയാതി” എന്നാണ് ശ്രുതി വചനം രമന്തേ fസ്മിൻ എന്നും വിഗ്രഹമുണ്ട്. ഏതിൽ രമണം ചെയ്യുന്നുവോ, മുഖ്യരത്നം ബ്രഹ്മം തന്നെയാണ്. മറ്റുള്ളവയെല്ലാം രത്നാനുഭവ സാധനകളാകയാൽ രത്നങ്ങളെന്നു പറയപ്പെടുന്നു.

സമുദ്ര മന്ഥനത്തിൽ ആദ്യം പ്രകടമായത് ഹാലാഹലം, ഭയങ്കരമായി നാലു ദിക്കിലും വിഷജ്വാലകൾ ഉയർന്നു. മൂന്ന് ലോകങ്ങളും ഭസ്മമായിപ്പോകുമെന്ന് തോന്നും വിധം ജ്വാലകൾ മുകളിലേക്കുയർന്നു. ദേവാസുരന്മാർ വിറച്ചുപോയി, ആ വിഷം ഇല്ലാതാക്കാൻ ഉപായമൊന്നുമില്ലായിരുന്നു. എല്ലാവരും ശങ്കരഭഗവാനെ സ്തുതിച്ചു. ഭഗവാൻ ശങ്കരൻ ഉപസ്ഥിതനായി. അതിനെ ശാന്തമാക്കുന്നതിന് ഭഗവാൻ ശങ്കരൻ ആ വിഷം കുടിച്ചു. രത്നം രതിസാധനം - ആനന്ദ സാധനമാണല്ലോ, വിഷമാകട്ടെ മൃത്യു സാധനവും. അമൃത് മരണത്തിൽ നിന്നും രക്ഷിക്കുന്ന രത്നമാണ്. വിഷം മരണകാരണമാണ്. എന്നാൽ നാം ഏതെങ്കിലും മരുന്ന് വാങ്ങാൻ കടയിൽ ചെന്നാൽ അവിടുന്ന് ലഭിക്കുന്ന കുപ്പിയിൽ “പോയ്സൺ” എന്ന് എഴുതിയിട്ടുണ്ടാകും, അപ്പോൾ ആ വിഷവും ജീവദായകമാകുന്നു എന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. യഥാസ്ഥാനത്താണെങ്കിൽ വിഷവും അമൃതിന്റെ ഫലം ചെയ്യും. “വിഷം വിഷേണ വൈഹന്യാത്” രസം വിഷമാണ് പക്ഷെ സിദ്ധമാക്കിയാൽ യോഗസിദ്ധികൾ തരുന്നു. ഇത് കണാമാത്രമായ വിഷത്തിന്റെ കാര്യമാണ്. പാഞ്ചജന്യ ശംഖിന്റെ ബാക്കി ശേഷിപ്പാണ് ഇന്നുള്ള ശംഖുകൾ, അതുപോലെയാണ് വിഷവും. ആധുനിക വിഷങ്ങളേയും മൂല വിഷമായ ഹലാഹലത്തേയും രത്നമെന്ന് കരുതുന്നതിൽ തെറ്റില്ല. തെറ്റായരീതിയിൽ ഉപയോഗിച്ചാൽ രത്നവും വിഷമാകും. രത്നക്കല്ല് വിഴുങ്ങിയാൽ വിഴുങ്ങുന്നയാൾ മരിച്ചു പോകും. സർപ്പാദികളുടെ കാര്യമാകട്ടെ പറയാനുമില്ല. ഇത്യാദി അനേകതരം വിഷവർണ്ണന് ഉണ്ട്. യോഗ്യസ്ഥാനത്ത് വിഷവും അമൃതാകും. അയോഗ്യസ്ഥാനത്ത് അമൃതും വിഷമാകും. അമൃതുപോലും രാഹുവിന് ഗളച്ഛേദന കാരണമായി, വിഷം പോലും ശങ്കരന് കണ്ഠഭൂഷണമായിത്തീർന്നു. ഹവിർധാനിയിലൂടെ യജ്ഞാദി കർമ്മങ്ങളെയറിഞ്ഞു. സംസാര സാഗരം കടഞ്ഞപ്പോൾ ആദ്യമായി കിട്ടിയത് വിഷമായ അനിത്യതയും അസുഖരൂപതയുമാണ്, അത് ഓരോരോ രത്നങ്ങളുടേയും കൂടെയുള്ളതാണ്. കർമ്മം ചെയ്താൽ അതിന്റെ കൂടെ വികർമ്മവും നിശ്ചിതമാണ്. കർമ്മഫലം അനിത്യം തന്നെ. വികർമ്മ ഫലമായ ദുഃഖവും അതിനൊപ്പം തന്നെയുണ്ട്. അതുകൊണ്ടാണ് ഭഗവാൻ സ്വയം “സർവ്വാരംഭാ ഹി ദോഷേണ ധുമേനാഗ്നിരിവാവൃതാ” എന്ന് പറഞ്ഞത്. ആരംഭിച്ച എല്ലാ കർമ്മങ്ങളും പുക അഗ്നിയെ എന്നതുപോലെ ദോഷാവൃതങ്ങളാണ്.

അർത്ഥം സമ്പാദിക്കുന്നതിന് വിശപ്പും ദാഹവും മറന്ന്, രാത്രിയെയും പകലാക്കുന്നവരുണ്ട് അതിനെ വർദ്ധിപ്പിക്കാനും, സമ്പാദിച്ചു സൂക്ഷിക്കാനുമുള്ള ബുദ്ധിമുട്ട് വേറെയും. എങ്ങാനും അത് നഷ്ടപ്പെട്ടാൽ അത് പ്രത്യക്ഷ ദുഃഖവുമാകും. ചെലവാക്കുന്ന കാര്യമോർത്താൽ തന്നെ ഹൃദയമിടുപ്പ് കൂടും. എങ്ങനെ നോക്കിയാലും അനിത്യയാണ് ശ്രീ. ശ്രീയിൽ നിന്നും ഉപാസനയിലേക്ക് പോയാലും സംഗതി ഇതു തന്നെയാണ. ശ്രീ എന്നതിനെ ലക്ഷ്മിയെന്നോ, ഉപാസനയെന്നോ എടുക്കാം. ഉപാസനയിലും വിഹിതത്തിന്റേയും, പ്രതിഷിദ്ധത്തിന്റേയും, രണ്ടിന്റേയും വർണ്ണനയുണ്ട് . സർവ്വാരംഭഃ എന്നതിൽ ഉപാസനാത്മകമായ മാനസിക കർമ്മാരംഭവും കൂടി ചേർന്നിരിക്കുന്നു. അതിന്റെ ഫലമായ ദേവലോക പ്രാപ്തിയും ശാശ്വതമല്ല. ജ്ഞാനം - ഉപാസനാദി രൂപമായതിനാൽ സദൃശമാണ്. ഹവിർധാനി, ശ്രീ, വാരുണി, അപ്സരസ്സുകൾ ഇവ നാലും ഹാലാഹം അടങ്ങിയവയാണ് എന്ന് മനസിലാക്കുക. ദിവ്യത്വമുള്ള ആനയും മറ്റും കല്പാന്തകാലത്തോളം

→

സ്ഥിരമാണെങ്കിലും, അനന്തകാലവുമായി തുലനം ചെയ്താൽ കൽപാദികൾ ഒന്നുമല്ല. ഇവർക്കും ഒരു അവസാനമുണ്ട്. ദുർവ്വാസാവ് സമ്മാനിച്ച മാല ഐരാവതം കാലുകൊണ്ട് ചവിട്ടിയരച്ചത്, ഇന്ദ്രനെ ശാപഗർത്തത്തിലേക്ക് തള്ളിയിടുകയും, ലക്ഷ്മി വിട്ടുപോകാൻ കാരണമാകുകയും ചെയ്തു. സതസംഗത്തിന്റെ അർത്ഥമെടുത്താലും കുറച്ചു വിഷഗന്ധമുണ്ട്. സാധാരണ ഗതിയിൽ സത്സം അത്യുത്തമം തന്നെയാണ്.

ശ്രുതികൾ നാനാവിധമുണ്ട്. സ്മൃതികളും നാനാവിധമുണ്ട്. മുനിസത്തമന്മാർ ഇതിനർത്ഥം പറയുമ്പോൾ ഭേദങ്ങൾ ഉണ്ടാകുന്നതിനാൽ അതും പരമസുഖദായകങ്ങളല്ല. ദ്വൈതാദ്വൈത കലഹങ്ങളിൽ ആളുകൾ പെട്ടുപോകുന്നു. ശൈവർ വൈഷ്ണവരെ നിന്ദിക്കുന്നു. വൈഷ്ണവർ ശൈവരെയും. ഇവിടെയും വിഷം പുരണ്ടിരിക്കുന്നു. പാരിജാതം സ്വർഗ്ഗീയമെന്നെടുത്താൽ തന്നെ, അതിനുവേണ്ടിയായിരുന്നു ശ്രീകൃഷ്ണ - ഇന്ദ്രയുദ്ധം എന്ന കാര്യവും ഓർക്കണം. വിവേകാദി സാധനപക്ഷത്ത് അന്യദോഷങ്ങൾ ഇല്ലെന്നിരിക്കിലും അനിത്യമെന്ന ദോഷം ഒന്നിലും ഒഴിഞ്ഞു പോകുന്നില്ല. അപ്പോൾ സത്സംഗത്തെ നിർദോഷമെന്നെടുത്താൽ തന്നെ അനിത്യത്വ ദോഷത്തിൽ നിന്നും അതും മോചിതമല്ല. സത്സംഗം മുതൽ അപരോക്ഷ സാക്ഷാത്കാര കാരണരൂപമായ ശർങ്ഗം വരെയുള്ള സാധനകളും, അവയുടെ സാദ്ധ്യമായ അപരോക്ഷ സാക്ഷാത്കാരമായ കൗസ്തുഭ മണിയേയും പറഞ്ഞു. ഇവകളെല്ലാം അനിത്യങ്ങളെന്നും മനസ്സിലാക്കി.

കർമ്മത്താൽ, ശ്രീ ആദികളാൽ എന്ത് ഭോഗമാണോ ലഭിക്കുന്നത്, അതിന്റെ കൂടെ രോഗഭയവുമുണ്ട്. "രുജോ ഭംഗേ" എന്ന ധാതുവിൽ നിന്നാണ് രോഗശബ്ദം ഉണ്ടായത്. ഇവിടെ രോഗം സുഖഭഞ്ജകമായതിനാലാണ് ഭയമുണ്ടാകുന്നത്. സ്വർഗ്ഗാദിസുഖഭോഗങ്ങളും ഭംഗമുള്ളതാണ്. അതിനാൽ അവിടെയും രോഗഭയം അല്ലെങ്കിൽ ഭംഗഭയമുണ്ട്. ധനമുണ്ടായാൽ സർക്കാരിനെ ഭയക്കും. മുദ്രവെച്ച് എല്ലാം ജപ്തി ചെയ്താലോ? എന്നു ഭയം തോന്നും. മാനാഭിമാനങ്ങളിൽ അഭിമാനഭീതിയുണ്ട് . മാന്യവ്യക്തിക്ക് അപമാനം മരണത്തേക്കാൾ ഭയാനകമാണ്. അവനവന്റെ സൗന്ദര്യം നോക്കി ആളുകൾ അഹങ്കരിക്കുന്നു. വിശ്വസുന്ദരികൾ അഹങ്കരിക്കുന്നു. എന്നാൽ തലമുടി നരച്ചാൽ, അവർ കരയാൻ തുടങ്ങും. ബ്രഹ്മാ, വിഷ്ണ്വാദി ശരീരങ്ങൾക്കും കൃതാന്തഭയം നിശ്ചിതമാണ്. എല്ലാവരുടെ ആയുസ്സും സീമിതമാണ് "അനിത്യമസുഖം" മുഴുവൻ സംസാരവും അനിത്യമാണ്. സുഖമില്ലാത്തതാണ്. മോഹിച്ചുപോയാൽ സുഖം നഷ്ടമാകും. സർവ്വത്ര വിഷമയം. വൈരാഗ്യം തന്നെ അഭയം. എവിടെയും രാഗമുണ്ടാകരുത് അതുതന്നെ ഭയം. നിർവിഷ പരമ അഭയം ബ്രഹ്മമൊന്ന് മാത്രമാണ്. അതിനെയാണ് യാജ്ഞവാല്ക്യൻ ജനകരാജാവിന് പ്രാപ്തമാക്കിക്കൊടുത്തത്. ബ്രഹ്മകാരവൃത്തിയിൽ എത്തുക, എന്നാൽ അതിലും രാഗമുണ്ടാകരുത്, എന്തെന്നാൽ അതും സ്ഥായിയല്ല.

ധാരാളം മാലിന്യങ്ങൾ അടിഞ്ഞുകൂടിയിരിക്കുന്നു. അവയെല്ലാം നശിപ്പിക്കണമായിരുന്നു. എല്ലാംകൂട്ടിയിട്ടു തീയിട്ടു. അഗ്നിയാൽ എല്ലാ ചപ്പുചവറുകളും കത്തി ദഹിച്ചുപ്പോയി. ചപ്പുചവറുകൾ ആഗ്രഹിച്ചതല്ലെങ്കിൽ, അഗ്നി എന്നും കത്തികൊണ്ടിരിക്കണമെന്നതും ആഗ്രഹമല്ല. അപ്പോൾ എങ്ങനെ തീ കെടുത്തും. അഗ്നി തന്നെത്താൻ കെട്ടടങ്ങിക്കൊള്ളും. അതുപോലെ തന്നെ അന്തിമമായ അഖണ്ഡാകാരവൃത്തി വിശ്വത്തെ ബാധിതമാക്കി സ്വയം ശാന്തമാകും. ഈ അഖണ്ഡാകാരവൃത്തി തന്നെയാണ് ജഗത്ദാഹകമായതിനാൽ ഹാലാഹലമായിരിക്കുന്നത്. ഇത് തന്നെയാണ് പരമാനന്ദരതിയെ നൽകുന്ന പരമമായ രത്നം. വൃത്ത്യവച്ഛിക ചൈതന്യം തന്നെ ജ്ഞാനമാകയാൽ നിത്യവുമാണ്. "വിഷം വിഷേണ ഹന്യാത" സംസാര വിഷത്തിന്റെ നാശകം അഖണ്ഡകാരവൃത്തി രൂപത്തിലുള്ള ഹലാഹലം തന്നെയാണ്.

(തുടരും.....)

# *ദൃഗ് ദൃശ്യ വിവേകം* (*32*)

സി. നാരായണൻ – 9819456012

(തുടർച്ച.....)

നാൽപ്പത്താറു ശ്ലോകങ്ങൾ അടങ്ങുന്ന ദൃഗ് ദൃശ്യവിവേകം എന്ന ഗ്രന്ഥം നാം പഠനത്തിന് വിഷയമാക്കിയല്ലോ. അതിലെ സിദ്ധാന്തപരമായ അംശങ്ങളിലേക്കൊന്ന് തിരിഞ്ഞു നോക്കലാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. അതിനോടൊപ്പം ഗ്രന്ഥത്തിന്റെ സാരാംശം ഒന്നു ചുരുക്കി പറയാനും ശ്രമിക്കാം.

അദ്വൈതത്തെ വിഷയമാക്കിയിരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ പേര് തന്നെ വിരുദ്ധ സ്വഭാവങ്ങളുള്ള ദൃക് എന്നും ദൃശ്യമെന്നുമായ ദ്വൈതങ്ങളെ സൂചിപ്പിക്കുന്നതാണല്ലോ എന്നൊരു സംശയം ഉയർന്നേക്കാം. എന്നാൽ, എല്ലാ ദ്വൈതങ്ങളും അദ്വൈതത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. ഉദാഹരണത്തിന്, 'ഇന്നലെ കലാമണ്ഡലം ഗോപിയാശന്റെ കർണ്ണൻ കേമമായിരുന്നു' എന്നൊരു കഥകളി ആസ്വാദകൻ പറഞ്ഞെന്നിരിക്കട്ടെ. അപ്പറഞ്ഞതിൽ, ഗോപിയാശാൻ, കർണ്ണൻ എന്നിങ്ങനെ രണ്ടുപേർ പരാമർശിക്കപ്പെട്ടെങ്കിലും, ഒരാളെ കുറിച്ചാണ് വിവരണമെന്ന് സ്പഷ്ടമാണല്ലോ. അതുപോലെതന്നെ, 'ഇന്നലെ ഉറക്കത്തിൽ ഞാൻ കാശിക്ക് പോയി വന്നു' എന്നൊരാൾ പറഞ്ഞാൽ, അയാൾ രണ്ടു പേരായി ഭവിച്ച്, ഒരാൾ കിടക്കയിൽ കിടക്കുകയും മറ്റേയാൾ കാശിക്ക് പോയി വന്നു എന്ന അർത്ഥമില്ലല്ലോ. വീണ്ടും, സ്വർണ്ണവള എന്ന വസ്തുവിൽ സ്വർണ്ണം എന്നും വള എന്നും പ്രകടമായ രണ്ടു സത്തകളുണ്ടെങ്കിലും, വള എന്നത് വെറുമൊരു ഉപാധിയും, ഉപഹിതമായ സ്വർണ്ണം മാത്രമേ യാഥാർത്ഥത്തിലുള്ളൂ എന്നത് സമാന്യബുദ്ധിയാണ്. വളയുടെ വൃത്താകൃതിക്ക് ന്യൂനം തട്ടിയാലും, വളയിലെ കൊത്തുപണിയുടെ പരിഷ്ക്കാരം കാലഹരണപ്പെട്ടാലും സ്വർണ്ണത്തിനൊന്നും സംഭവിക്കുന്നില്ല. അതായത്, ഒരു ഉപഹിത വസ്തു ഉപാധിയോടൊപ്പമാണ് കാണപ്പെടുന്നതെങ്കിലും, അതിന്റെ സ്വരൂപം ഉപാധിയിൽ നിന്ന് വേറിട്ടു തന്നെ നിൽക്കുന്നു. പക്ഷേ ഒരവിവേകി സ്വർണ്ണവളയെ ഒരൊറ്റ സത്തയായി കാണുന്നു. അതായത്, സ്വർണ്ണവും വളയെന്ന രൂപവും തമ്മിൽ അഭേദ്യമായ രീതിയിൽ യോജിച്ചാണിരിക്കുന്നതെ ന്നയാൾ കരുതുന്നു. സ്വർണ്ണവും വളയും തമ്മിൽ വേർതിരിച്ചറിയുന്ന വിവേകമില്ലെങ്കിൽ ഒരാൾ പല അപകടങ്ങളിലും ചെന്നു ചാടും. സ്വർണ്ണം വളയോടെന്ന പോലെ, ആത്മാവ് എന്ന ശുദ്ധ ചൈതന്യം അന്തഃകരണമാകുന്ന ഉപാധിയോട് ചേർന്ന നിലയിലാണ് നാം കാണുന്നത്. അവിദ്യയുടെ സ്വാധീനം മൂലം അന്തഃകരണധർമ്മങ്ങൾ ആത്മാവിൽ അധ്യസിക്കപ്പെടുന്നു. അതായത്, ആത്മാവിന്റേതല്ലാത്ത, ദുഃഖം, രാഗദ്വേഷങ്ങൾ മുതലാവ ആത്മാവിൽ അധ്യസിക്കപ്പെടുന്നു. ഇങ്ങനെ ആത്മാവിനോട് അന്തഃകരണധർമ്മങ്ങൾ യോജിക്കുമ്പോൾ ഉണ്ടാവുന്ന തത്വമാണ് ജീവൻ. ലോകത്തിൽ വ്യവഹരിക്കുന്ന നാമൊക്കെത്തന്നെ ജീവന്മാരാണ്. നമ്മുടെ യാതനകൾക്കെല്ലാം കാരണം, അധ്യസിക്കപ്പെട്ടിട്ടുള്ള അന്തഃകരണധർമ്മങ്ങളെ ആത്മാവിൽ നിന്ന് വേറിട്ടറിയാനുള്ള വിവേകം ഇല്ലാത്തതിനാലാണ്.

ദൃഗ് ദൃശ്യവിവേകം എന്ന പേരിലുള്ള ഈ ഗ്രന്ഥം ഉപദേശിക്കുന്നത് ആ വിവേകമാണ്. ആത്മാവ് ചൈതന്യവും, അന്തഃകരണവൃത്തികൾ ജഡവുമാണെന്നുള്ള വസ്തുതയാണ് അവ രണ്ടും തമ്മിലുള്ള വിവേചനത്തിന് മാനദണ്ഡമായി സ്വീകരിക്കുന്നത് ചൈതന്യമുള്ള ഒരേയൊരു വസ്തു ആത്മാവാണ്. അറി

യുക എന്നത് ആത്മാവിന്റെ മാത്രം ധർമ്മമാണ്. ആത്മാവൊഴിച്ച് ബാക്കിയെല്ലാം ആത്മാവിനാൽ അറിയപ്പെടുന്നവയാണ്. ദ്രഷ്ടാ എന്ന, അറിയുന്ന ആ തത്വത്തെ ദൃക് എന്നാണ് ഈ ഗ്രന്ഥത്തിൽ വിളിക്കുന്നത്. നാമൊക്കെ സാർവത്രികമായി അതിനെ ഞാൻ എന്നു വിളിക്കുന്നു. അറിയപ്പെടുന്നവയെ ദൃശ്യമെന്നും വിളിക്കുന്നു. പ്രത്യേകം ശ്രദ്ധിക്കേണ്ടതായ ഒരു കാര്യം, എല്ലാ ദൃശ്യങ്ങളും അന്തഃകരണവൃത്തി ( ബുദ്ധി വൃത്തികൾ മനോവൃത്തികൾ) കളായായാണ് അറിയപ്പെടുന്നത്. എല്ലാ തരത്തിലുള്ള അറിവുകളും ദൃശ്യങ്ങളാണ്. ദുഃഖം, സന്തോഷം, നിരാശ, ആഗ്രഹം, ഇച്ഛ, ദ്വേഷ്യം എന്നിവയെല്ലാം അറിയപ്പെടുന്ന വൃത്തികളാണ്, അല്ലെങ്കിൽ ദൃശ്യങ്ങളാണ്. ദൃക് എന്നത് ചൈതന്യ രൂപവും മനോവൃത്തികൾ ജഡങ്ങളുമാണ്. ഈ മാനദണ്ഡം ഉപയോഗിച്ചാണ് ദൃക്ക് ദൃശ്യവിവേചനം നടത്തേണ്ടത്. ചേതനവും ജഡവും എന്ന നിലയ്ക്ക് വിരുദ്ധ സ്വഭാവങ്ങളുള്ള ഈ രണ്ടു തത്വങ്ങളെ ആത്മാവ്, അനാത്മാവ് എന്നും പറയും. യഥാർത്ഥത്തിലുള്ള ഞാൻ, ദൃക്, സാക്ഷി, ആത്മാ ബ്രഹ്മം എന്നീ പദങ്ങൾ കൊണ്ട് ഈ ഗ്രന്ഥത്തിൽ വിവക്ഷിക്കപ്പെടുന്നു ഇതിലെ ആദ്യത്തെ ശ്ലോകം ഇങ്ങനെയാണ്' രൂപം ദൃശ്യം ലോചനം ദൃക് തദ്ദൃശ്യം ദൃക്തു മാനസം ദൃശ്യാ ധീവൃത്തയഃ സാക്ഷീ ദൃഗേവ ന തു ദൃശ്യതേ' (രൂപങ്ങൾ ദൃശ്യങ്ങളാണ്. അവയെ കാണുന്നതായ കണ്ണ് ദൃക്കാണ്. കണ്ണുകൾ ദൃശ്യങ്ങളും അവയെ കാണുന്ന ദൃക് മനസ്സുമാണ്. മനസ്സ് കാണപ്പെടുകയും, എന്നാൽ അതിന്റെ ദ്രഷ്ടാവായ സാക്ഷി ഒരിക്കലും ഒന്നിന്റെയും ദൃശ്യമാകുന്നില്ല, അതെല്ലായ്പ്പോളും ദ്രഷ്ടാവായി തന്നെ ഇരിക്കുന്നു) മുൻപ് പറയപ്പെട്ട ദ്രഷ്ടാ, ദൃശ്യം എന്നീ രണ്ടു തത്വങ്ങളും ഇവിടെ പ്രതിപാദിക്കപ്പെടുന്നുണ്ട്. ഏതൊക്കെയാണ് ദ്രഷ്ടാ എന്ന വിഭാഗത്തിൽ ഉൾക്കൊണ്ടിട്ടുള്ളത്? ലോചനം, മനസ്സ്, എന്നിവയാണ് ദ്രഷ്ടാ എന്ന വിഭാഗത്തിൽ പെടുന്നതായി ആദ്യത്തെ വരിയിൽ പറയുന്നത്. എന്നാൽ പിന്നീടുള്ള വരികളിൽ ലോചനം, മനസ്സ് എന്നിവ ദൃശ്യം എന്ന വിഭാഗത്തിലേക്ക് മാറ്റപ്പെട്ടു. അതായത്, ആദ്യം ദ്രഷ്ടാ എന്ന് കരുതപ്പെട്ടത് യഥാർത്ഥത്തിൽ ദൃശ്യമാണ്. എന്നാൽ സാക്ഷി ചൈതന്യം ഒരിക്കലും ദൃശ്യമാവില്ലെന്നും അത് എന്നും ദ്രഷ്ടാവയിത്തന്നെ നിലകൊള്ളുമെന്നും പ്രത്യേകം ഊന്നിപ്പറയുന്നു

നമ്മുടെ ദുഃഖകാരണം ദൃഗ് ദൃശ്യങ്ങളെ വേർതിരിച്ചു കാണാനുള്ള വിവേകമില്ലായ്മയാണെന്നു തുടക്കത്തിൽ പറഞ്ഞല്ലോ. ഇപ്പോളിതാ ആ അവിവേകത്തിന്റെ ആദ്യത്തെ സൂചന നമുക്ക് കിട്ടി. യഥാർത്ഥത്തിൽ ദൃശ്യമായ മനസ്സിനെ ദ്രഷ്ടാവായാണ് ആദ്യം ഈ ശ്ലോകത്തിൽ കണ്ടത്. ആചാര്യൻ ഈ വിഷയം വിശദമായി ചർച്ച ചെയ്തുകൊണ്ട്, പടി പടിയായി ദൃക്കിനെ കുറിച്ചുള്ള യഥാർത്ഥ ജ്ഞാനം നമ്മെ ഉപദേശിക്കും. ഗ്രന്ഥത്തിലെ പിന്നീടുള്ള മൂന്നു ശ്ലോകങ്ങളിൽ ദൃശ്യത്തിന്റേയും ദ്രഷ്ടാവിന്റേയും ധർമ്മങ്ങൾ ഏതൊക്കെയാണെന്ന് വിവരിക്കുന്നു. ദൃശ്യത്തിന് വേദാന്തത്തിൽ ക്ഷേത്രം എന്നും പേരുണ്ട് . ഭഗവത്ഗീതയുടെ പതിമൂന്നാം അധ്യായത്തിൽ ഭഗവാൻ ക്ഷേത്രമെന്നു വിവക്ഷിക്കപ്പെടുന്ന തത്വങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെ തരുന്നുണ്ട്. പഞ്ചഭൂതങ്ങൾ, അഹങ്കാരം, മനസ്സ്, ബുദ്ധി, ചേതന എന്നിവയാണ്. അവയിൽ മുഖ്യം. ഒരു കാര്യം ശ്രദ്ധിക്കാനുള്ളത് ഇവയെല്ലാം മനസ്സിൽ വൃത്തി രൂപങ്ങളായാണ് ദൃശ്യമാകുന്നത്. അതിൽ നിന്ന് നമ്മുടെ തെറ്റിദ്ധാരണക്കുള്ള സൂചന കിട്ടുന്നുണ്ട്. കാരണം, അഹങ്കാരം മനസ്സ് ബുദ്ധി തത്വങ്ങൾ, യഥാർത്ഥത്തിൽ ദൃശ്യങ്ങളാണെങ്കിലും, അവയെല്ലാം ഞാൻ എന്ന ദ്രഷ്ടാവായാണ് മിക്കവാറും എല്ലാവരും എടുക്കുന്നത്. ദ്രഷ്ടാവിനു ക്ഷേത്രജ്ഞൻ, ജീവൻ എന്നീ പേരുകളുമുണ്ട്. ദ്രഷ്ടാവിന്റെ പ്രധാനമായ ധർമ്മങ്ങൾ ചേതനത്വം, മാറ്റമില്ലായ്മ, ഏകത്വം എന്നിവയാണ്. ദ്രഷ്ടാവായ സാക്ഷി, വൃത്തിരൂപത്തിലുള്ള ജഡങ്ങ

ളായ എല്ലാ ചിന്തകളെയും, വികാരങ്ങളെയും വിഷയീകരിക്കുന്നു.

ഗ്രന്ഥത്തിന്റെ അഞ്ചാമത്തെ ശ്ലോകത്തിൽ ഉപനിഷത്തുകളെ ഉദ്ധരിച്ച് ദ്രഷ്ടാവായ സാക്ഷി ചൈതന്യത്തിന്റെ മുഴുവൻ വിവരണവും തരുന്നു. ദൃക്ക് എന്ന സാക്ഷി, ക്ഷയമില്ലാത്തതും, ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്യാത്ത ചൈതന്യമാത്ര സ്വരൂപമാണെന്നു അതിൽ പറയുന്നു. സാക്ഷിക്ക് ബ്രഹ്മത്തിന്റെ എല്ലാ ലക്ഷണങ്ങളുമുണ്ട്. ഗ്രന്ഥത്തിലെ ആറാമത്തെ ശ്ലോകത്തിൽ ഒരു ദാർശനിക സമസ്യയ്ക്ക് ഉത്തരം നൽകുകയാണ്. അതെന്തെന്നാൽ, ദ്രഷ്ടാ, ദൃശ്യം എന്നീ രണ്ട് സത്തകൾ മാത്രമേയുള്ളൂ എന്നു പറഞ്ഞല്ലോ. അവയിൽ ദ്രഷ്ടാ എന്ന ചൈതന്യത്തിന് സംസാരം ഉണ്ടാവാൻ വയ്യ. ജഡമായ ദൃശ്യത്തിനും സംസാരം സാദ്ധ്യമല്ല. പിന്നെ സംസാരം ആർക്കാണ്? ആറാമത്തെ ശ്ലോകത്തിൽ, തികച്ചും ചൈതന്യവും, തികച്ചും ജഡവുമല്ലാത്ത ഒരു വസ്തുവിനെ അവതരിപ്പിക്കുന്നു. അതാണ് ചിദാഭാസൻ. ആ തത്വം എങ്ങനെയാണ് ഉണ്ടാവുന്നതെന്നറിയാൻ വേദാന്തത്തിലെ പ്രാഥമിക പാഠങ്ങൾ അറിയണം .

വേദാന്ത സിദ്ധാന്തപ്രകാരം യഥാർത്ഥത്തിൽ അസ്തിത്വമുള്ള ഒരേയൊരു വസ്തു ബ്രഹ്മമാണ്. ബ്രഹ്മത്തെ കൂടാതെ അതിനെ ആശ്രയിച്ചു നിൽക്കുന്ന, സ്വന്തമായി അസ്തിത്വമില്ലാത്ത പ്രകൃതി എന്നൊരു തത്വത്തേയും വേദാന്തം അംഗീകരിക്കുന്നുണ്ട്. ഈ പ്രകൃതി ജഡവും പഞ്ചഭൂതാത്മകവുമാണ്. ഇതുകൊണ്ടാണ് ജഗത്ത് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. പഞ്ചഭൂതങ്ങൾക്ക് സ്ഥൂല രൂപത്തിലും സൂക്ഷ്മ രൂപത്തിലും സ്ഥിതിചെയ്യാനാവും. സൂക്ഷ്മ രൂപമെന്നാൽ ഭൂതങ്ങളുടെ തന്മാത്രകളാണ്. നാം പ്രത്യക്ഷമായി അറിയുന്ന ജലം, ഭൂമി എന്നിവ സ്ഥൂലഭൂതങ്ങളുടെ സംയുക്തങ്ങളാണ്. പഞ്ചഭൂതങ്ങളുടെ തന്മാത്രാവസ്ഥയാണ് അന്തഃകരണം.

അന്തഃകരണത്തിന് നാല് വിഭാഗങ്ങളുണ്ട് . മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം എന്നിവയാണവ. അന്തഃക്കരണം സൂക്ഷ്മ തന്മാത്രകളാൽ നിർമ്മിക്കപ്പെട്ടതായതിനാൽ, സ്ഥൂലഭൂതങ്ങൾക്കില്ലാത്ത ഒരു സാമർത്ഥ്യം അതിനുണ്ട്. അതെന്തന്നാൽ, അന്തഃകരണത്തിനു ആത്മചൈതന്യത്തെ ഉൾക്കൊള്ളാനും പ്രതിഫലിക്കാനും കഴിയും. അങ്ങനെ പ്രതിഫലിക്കപ്പെടുന്ന ചൈതന്യമാണ് ചിദാഭാസൻ. ചിദാഭാസൻ പ്രതിഫലിക്കുന്നതോടെ അത് അഹങ്കാരവുമായി സംയോജിച്ച് അഹങ്കാരത്തിന് കർത്താവ് , ജ്ഞാതാ എന്നൊക്കെയുള്ള ഒരു വ്യക്തിത്വം കിട്ടുന്നു. പുരുഷബീജവും സ്ത്രീയുടെ അണ്ഡവും ചേർന്ന് ഭ്രൂണം ഉണ്ടാവുന്ന പോലെയാണ്. അഹങ്കാരത്തിനു മൂന്നു സത്തകളുമായി സംബന്ധമുണ്ട്. ചിദാഭാസൻ, ശരീരം, സാക്ഷി എന്നിവയാണ് ആ മൂന്ന്. ഇതിൽ ചിദാഭാസനുമായുള്ള സംബന്ധം സഹജമാണ് അതായത്, അഹങ്കാരം ജനിക്കുന്നതു തന്നെ ചിദാഭാസനുമായി യോജിച്ചു കൊണ്ടാണ്. അഹങ്കാരവും ചിദാഭാസനും പ്രത്യേകം പ്രത്യേകമായി നിലനിൽക്കുന്നില്ല. അവർ തമ്മിലുള്ള വിഛേദനം അസാധ്യമാണ്. അഹങ്കാരത്തിന് ശരീരവുമായുള്ള സംബന്ധം കർമ്മജമാണ് അതായത് ശരീരം ഉണ്ടായിട്ടുള്ളത് കർമ്മഫലങ്ങളനുഭവിക്കാനാണല്ലോ. അതിനാൽ പ്രാരബ്ധ കർമ്മങ്ങളുമായി അഹങ്കാരം യോജിക്കുന്നു. പിന്നെയുള്ളത്, സാക്ഷിയായിട്ടുള്ള സംബന്ധമാണ്. അതിനെ ഭ്രാന്തിജന്യം എന്നു പറയും. കാരണം, സാക്ഷി സത്യവും, അഹങ്കാരം മിഥ്യയുമാണ് . അവ രണ്ടും തമ്മിൽ സംബന്ധമുണ്ടാവാൻ വയ്യ. എന്നിരുന്നാലും ഭ്രാന്തിക്ക് വിധേയമായി അഹങ്കാരവും സാക്ഷിയും തമ്മിൽ സംബന്ധമുള്ളതുപോലെ പ്രവർത്തിക്കുന്നുണ്ട്. ഈ സംബന്ധം കാരണമാണ് അഹങ്കാരം വ്യാപാരങ്ങൾക്ക് സമർത്ഥമാകുന്നതും, സംസാരനാടകം അരങ്ങേറുന്നതും. സാക്ഷിചൈതന്യവുമായുള്ള അഹങ്കാരത്തിന്റെ ഭ്രാന്തിരൂപത്തിലുള്ള ബന്ധം വിഛേദിക്കലാണ്

മോക്ഷത്തിനുള്ള ഒരേയൊരു മാർഗ്ഗം

പത്താമത്തെ ശ്ലോകത്തിൽ ചിദാഭാസയുക്തമായ അഹങ്കാരമാണ് എല്ലാവിധ ജഗത് വ്യാപാരങ്ങളും നടത്തുന്നതെന്ന് പറയുന്നു. അഹങ്കാരത്തിന്റെ അർദ്ധവികാസത്തെ സ്വപ്നം എന്നും പൂർണ്ണ വികാസത്തെ ജാഗ്രത് അവസ്ഥയെന്നും വിളിക്കുന്നു. അഹങ്കാരം പൂർണമായും ലയിക്കുമ്പോൾ സുഷുപ്തി എന്നു പറയപ്പെടുന്നു. പന്ത്രണ്ടാമത്തെ ശ്ലോകത്തിൽ ജഡമായ അന്തഃകരണം തന്നെയാണ് ലിംഗശരീരമെന്നു വിളിക്കപ്പെടുന്നതെന്ന് പറയുന്നു. ഈ ലിംഗ ശരീരത്തിനാണ് ഭൂലോക ജീവിതവും മരണശേഷം ദേഹാന്തര പ്രാപ്തിയുമെല്ലാം.

പതിമൂന്നാമത്തെ ശ്ലോകം, ജഗദ്ഭ്രാന്തിക്ക് കാരണമായ മായ എന്ന തത്വത്തെ പരിചയപ്പെടുത്തുന്നു. മായക്ക് ആവരണശക്തി എന്നും വിക്ഷേപശക്തി എന്നും രണ്ട് ഭാവങ്ങൾ ഉണ്ടെന്നു പറയുന്നു, അവയിൽ ആവരണ ശക്തി സാക്ഷിചൈതന്യത്തെ ആവരണം ചെയ്യുന്നു, വിക്ഷേപശക്തി ജീവൻ എന്ന മിത്ഥ്യാസത്തയെ സൃഷ്ടിക്കുന്നു. ശരീരത്തിനു പുറത്ത് അതേ മായാശക്തി ബ്രഹ്മത്തിൽ നാമരൂപങ്ങൾ ആരോപിച്ച് ജഗത്തിന്റെ ഭാനം ഉണ്ടാക്കുന്നു പതിനഞ്ചാമത്തെ ശ്ലോകത്തിൽ സംസാരം എങ്ങനെ ഉണ്ടാവുന്നു, അല്ലെങ്കിൽ ജഗത് എങ്ങനെ ദുഃഖകാരണമാവുന്നു എന്നത് ശാസ്ത്രീയമായി വിശദീകരിക്കുന്നു. എങ്ങനെയെന്നാൽ, ഇതുവരെ പറഞ്ഞത് ചുരുക്കി സാരാംശം പറയുന്നു. സത്യമായിട്ടുള്ളത് ബ്രഹ്മം അല്ലെങ്കിൽ സാക്ഷി (ദ്രഷ്ടാ) യാണെന്നു പറഞ്ഞല്ലോ. ആ സാക്ഷി ചൈതന്യം അഹങ്കാരത്തോട് ചേർന്ന് പ്രമാതാ എന്ന ഒരു തത്വമായിത്തീരുന്നു. പ്രമാതാവെന്നാൽ സാക്ഷിയുടെ ആഭാസമാണ്. അത് സാക്ഷിയല്ലെങ്കിലും കടമെടുത്ത ചൈതന്യം ഉള്ളതിനാൽ സാക്ഷിയെ പോലെ തോന്നിപ്പിക്കും. അതുതന്നെയാണ് സംസാരിയായ ജീവൻ. പ്രമാതാവെന്ന ജീവനു സാക്ഷിക്കില്ലാത്ത പല ന്യൂനതകളുമുണ്ട്. പ്രധാനമായും വിഷയങ്ങളോടുള്ള സഗവും ദുഃഖിക്കാനുള്ള പ്രവണതയുമാണവ. പ്രമാതാവിനു ആഗ്രഹങ്ങളുണ്ട്, സുഖകാംക്ഷയുണ്ട്, നിരാശകൾ ഉണ്ട്. ഇവ തന്നെ സംസാരകാരണം. . സാക്ഷിക്ക് ചിത്തും ആനന്ദവും അല്ലാതെ ഒന്നുമില്ല. സാക്ഷി എന്ന ദ്രഷ്ടാ ശുദ്ധ ചൈതന്യവും, പ്രമാതാ ചൈതന്യാഭാസവും ആണ്. സർവ്വപ്രധാനമായ ഈ ഭേദമാണു മായ മറയ്ക്കുന്നത്. അതായത് ആനന്ദസ്വരൂപമായ ചൈതന്യമാണു എന്നതിനു പകരം, ചൈതന്യത്തിന്റെ പരിഛിന്നമായ ആഭാസമാണ് താനെന്നു ജീവൻ ഭ്രമിക്കുന്നു. അങ്ങനെ എപ്പോഴും ദുഃഖങ്ങൾക്ക് പാത്രമാവുകയും ചെയ്യുന്നു. ശരീരത്തിനു പുറത്തും മായ ബ്രഹ്മത്തിൽ നാമരൂപങ്ങളെ അധ്യസിക്കുന്നുണ്ട്.

(തുടരും.....)

## 2025 ഡിസംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**രാജഗോപാല മേനോൻ (L/0935 )**
സരിത, രവിപുരം,
കൊച്ചി - 682015



**ശ്രീകുമാരൻ നായർ (L/2014)**
“റിതു”, ടി. കെ. എസ് റോഡ്,
മരട്, എറണാകുളം



**ശിവദാസ് മേനോൻ (L/2164)**
"RASHMI", സിൽവർ ലൈൻ
അശോക റോഡ്, കലൂർ, കൊച്ചി-17

# സർപ്പാരാധന കേരളത്തിൽ

എം. ആർ. എസ്. മേനോൻ – 9037126220

(തുടർച്ച.....)

**സർപ്പവും കുണ്ഡലിനീശക്തിയും**

മനുഷ്യന്റെ ഉള്ളിൽ ഉറങ്ങുന്ന പ്രപഞ്ചശക്തിയുടെ പ്രതീകമാണ് കുണ്ഡലിനി ശക്തി. മനുഷ്യന്റെ സൂക്ഷ്മശരീരത്തിൽ ആറ് ആധാര ചക്രങ്ങൾ ഉണ്ട്. ഏറ്റവും താഴേ മൂലാധാരവും അതിന് മീതെ സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം , വിശുദ്ധി ചക്രം, ആജ്ഞാ ചക്രം എന്നീ ആധാരചക്രങ്ങൾക്ക് മീതെ സഹസ്രാരം എന്നിങ്ങനെയാണ് ചക്രങ്ങളുടെ ഘടന ഏറ്റവും താഴേ മൂലാധാരത്തിൽ ഉറങ്ങിക്കിടക്കുന്ന കുണ്ഡലിനി ശക്തി തപസ്സിലൂടെ സാധനയിലൂടെ, ഗുരു അനുഗ്രഹിലൂടെ ഉണർന്ന് ആറ് ആധാരചക്രങ്ങളും കടന്ന് ശിരസ്സിലെ സഹസ്രാരത്തിൽ എത്തിച്ചേരുന്ന അവസ്ഥയാണ് ഈശ്വര സാക്ഷാത്കാരം. പടിയാറും കടന്നവിടെ ചെല്ലുമ്പോൾ ശിവനെ കാണാകേണം എന്ന് പറയുന്നത് ഈ ആറ് ആധാര ചക്രങ്ങൾക്ക് ഉപരി സ്ഥിതി ചെയ്യുന്ന സഹസ്രാരത്തെയാണ് സൂചിപ്പിക്കുന്നത്. ഈ ആശയങ്ങൾ വ്യക്തമാക്കുന്ന നിരവധി മന്ത്രങ്ങൾ ലളിതാസഹസ്രനാമത്തിൽ ഉണ്ട്. ഇവിടെ മൂലാധാരത്തിൽ ഉറങ്ങിക്കിടക്കുന്ന പ്രപഞ്ചബോധത്തിന്റെ സൂക്ഷ്മരൂപമായ കുണ്ഡലിനി ശക്തിയെ മൂന്നരചുറ്റുള്ള ഒരു സർപ്പമായാണ് സങ്കൽപ്പിച്ചിരിക്കുന്നത്. ശ്രീ നാരായണഗുരുവിന്റെ

'ആടു പാമ്പേ പുനം തേടു പാമ്പേ
അരുളാനന്ദ കൂത്തുകണ്ടാടു പാമ്പേ
തിങ്കളും കൊന്നയും ചൂടുമീശൻ പദ
പങ്കജം ചേർന്നു നിന്നാടു പാമ്പേ
വെണ്ണീറണിഞ്ഞു വിളങ്ങും തിരുമേനി
കണ്ണീരൊഴുകക്കണ്ടാടു പാമ്പേ'

എന്ന് തുടരുന്ന കുണ്ഡലിനിപ്പാട്ട് ഈ ആശയത്തെയാണ് വ്യക്തമാക്കുന്നത്. അപ്പോൾ ഉറങ്ങിയിരിക്കുന്ന സർപ്പം ഇവിടെ പ്രപഞ്ചശക്തിയുടെ പ്രതീകമാണ് എന്ന് വ്യക്തം. നാഗാരാധയുടെ അടിസ്ഥാനം ഈ കുണ്ഡലിനീ ശക്തിയാണ്. ആയുർവ്വേദത്തിന്റെ ചിഹ്നവും സർപ്പം തന്നെയാണ്. യൂറോപ്പിൽ രൂപം കൊണ്ട് ആധുനിക വൈദ്യശാസ്ത്രത്തിന്റെ ചിഹ്നവും ഒരു ദണ്ഡിൽ ചുറ്റിപ്പിരിഞ്ഞിരിക്കുന്ന സർപ്പങ്ങളുടെ രൂപമാണ്. ക്രൂസ്തുവിന്റെ കാലശേഷം സിറിയയിൽ സ്ഥാപിച്ച (അന്ത്യോഖ്യ) പ്രാർത്ഥനാലയങ്ങൾക്ക് സ്വീകരിച്ച അടയാളവും അംശവടിയും ദണ്ഡിൽ ചുറ്റിയ സർപ്പവുമാണ്. WHO വിന്റെ ചിഹ്നത്തിൽ ഒരു ദണ്ഡിൽ ചുറ്റിയ സർപ്പം തന്നെയാണ്. എല്ലാ പ്രാചീന വിശ്വാസങ്ങളും സർപ്പവുമായി ബന്ധപ്പെട്ടതാണെന്ന് കാണാം.

**നാഗലോകം ശ്രീ. എം എൻ ന്റെ അനുഭവങ്ങൾ**

വിവിധ പുരാണങ്ങളിൽ നാഗലോകത്തെപ്പറ്റി പരാമർശനങ്ങൾ ഉണ്ട്. അർജുനൻ നാഗകന്യകയായ ഉലൂപിയെ വിവാഹം കഴിച്ച കഥ മഹാഭാരതത്തിൽ ഉണ്ട്. പുരാണ പ്രകാരം സപ്തപാതാളങ്ങളിൽ അവസാനത്തെ രണ്ട് തലങ്ങളാണ് നാഗങ്ങൾക്കായി നീക്കി വച്ചിരിക്കുന്നത്, മഹാതലം, സർപ്പങ്ങളുടെ ലോകമാണ്. വാസുകിയാണ് ഈ തലത്തിന്റെ നാഥൻ സർപ്പശത്രുവായ ഗരുഡൻ വാസുകിയുടെ മിത്രവുമാണ് ഈ ലോകത്ത് പ്രശസ്ത സർപ്പങ്ങളായ തക്ഷകൻ, കാളിയൻ, കാർക്കോടകൻ, ഗുളികൻ തുടങ്ങിയ സർപ്പരാജാക്കന്മാരും ഉണ്ട്. പാതാളലോകത്തേയും ഭരണം വാസുകിക്ക് തന്നെയാണ്. ഇതിന്റെ മൂലസ്ഥാനമായി ഈരേഴു പതിനാലു ലോകങ്ങളെക്കാളും ആയിരം ഇരട്ടി വലുപ്പത്തിൽ വാസുകിയുടെ ജ്യേഷ്ഠനായ അനന്തൻ വസിക്കുന്നു.

ശ്രീ. എം. ഇത്തരം ഒരു നാഗലോകങ്ങളെപ്പറ്റി തന്റെ അനുഭവങ്ങൾ വിവരിക്കുന്നു. ഒരു ദി

വസം ഹിമാലയത്തിലെ അരുന്ധതി ഗുഹയിൽ ഗുരു ബാബാജിയുമൊന്നിച്ച് തങ്ങുന്ന സമയത്ത് ഉണ്ടായ ഒരു അനുഭവം എം. എൻ വിവരിക്കുന്നു. 'ഒരു ദിവസം രാത്രിയിൽ ഒരു ശബ്ദം കേട്ട് ഞാൻ ഞെട്ടിയുണർന്നു. ആ സമയത്ത് ഗുരു ബാബാജി പതിവുപോലെ ധ്യാനത്തിൽ ഇരിക്കുകയായിരുന്നു. അപ്പോൾ മേഘങ്ങൾക്കിടയിൽ നിന്ന് ഗോളാകൃതിയിൽ പൂർണ്ണചന്ദ്രന്റെ വലുപ്പത്തിൽ ഒരു വസ്തു വരുന്നത് കണ്ടു. ജ്വലിക്കുന്ന ആ അഗ്നിഗോളം ഗുഹയുടെ അടുനത്തേക്ക് വരുന്തോറും ഇടിമുഴക്കം പോലത്തെ ഒരു ശബ്ദം കേൾക്കാം. ആ ഗോളം ഗുഹയിലേക്ക് കടന്ന് ഗുരുനാഥന്റെ മുന്നിൽ കത്തിക്കൊണ്ടിരുന്ന ധുനിയിൽ വന്നിറങ്ങി. ഇത് കണ്ട് ഞാൻ ഭയപ്പെട്ടെങ്കിലും ഗുരു അചഞ്ചലനായി ഇരിക്കുകയായിരുന്നു. ഞാൻ ഉറക്കെ നിലവിളിക്കാൻ ശ്രമിച്ചെങ്കിലും എനിക്കതിന് സാധിച്ചില്ല. ഞാൻ ഭയം കാരണം വിറക്കുകയായിരുന്നു. ഇടി മുഴക്കത്തിന്റെ ശബ്ദം പെട്ടെന്ന് നിൽക്കുകയും ആഗോളം രണ്ടായി പിളർന്നു. അന്നേരം നീല നിറമുള്ള വൈദ്യുതി വെളിച്ചം പോലെ പത്തി വിടർത്തിയ ഒരു മൂർഖൻ പാമ്പിനെ ആയിരുന്നു കണ്ടത്. വയലറ്റ് നിറമുള്ള സുതാര്യമായ ഒരു കണ്ണാടി പോലെയുള്ള ഒരു സാമഗ്രിക്കുള്ളിൽ വൈദ്യുത ഫിലമെന്റുകൾ കത്തിച്ച് വച്ച പോലെ തോന്നി. സർപ്പത്തിന്റേത് പോലെ അതിന്റെ കണ്ണുകൾ തിളങ്ങി. സൗമ്യമായ ഒരു സീൽക്കാരത്തോടെ ആ ജന്തു ബാബാജിയുടെ പാദങ്ങൾ സ്പർശിച്ചു. ബാബാജി തന്റെ വലതു കൈ കൊണ്ട് അതിന്റെ ശിരസിൽ സ്പർശിച്ചു. നീല നിറമുള്ള ആ സർപ്പം നിവർന്ന് ബാലാജിയുടെ മുൻപിൽ ഇരുന്നു. കുറച്ച് നേരം സീൽക്കാര ഭാഷയിൽ അവർ സംസാരിച്ചു. പിന്നീട് ബാബാജി എന്റെ നേർക്ക് തിരിഞ്ഞു പറഞ്ഞു 'മധൂ അടുത്തേക്ക് വരൂ നാഗലോകത്തിലെ ഉപമുഖ്യനെ കാണൂ'. ഞാൻ ബാബാജിയുടെ പിന്നിൽ ഭയത്തോടെ ഇരുന്നു. ബാബാജി പറഞ്ഞു 'നാഗരാജനെ വന്ദിക്കു' . ഞാൻ സർപ്പത്തിനെ നമസ്കരിച്ചു. അടുത്തിരുന്നപ്പോഴാണ് അതിന് വലിയ വലുപ്പം ഉണ്ടന്ന് മനസ്സിലായത്. അത് ശീൽക്കാരം പുറപ്പെടുവിച്ച് കൊണ്ട് എന്റെ ശിരസ്സിൽ അതിന്റെ നാക്ക് കൊണ്ട് സ്പർശിച്ചു. എന്റെ ശരീരത്തിൽ ഒരു വൈദ്യുതാഘാതം പോലെ തോന്നി. ഇതിനുശേഷം ഇഴഞ്ഞ് ഗോളത്തിനടുത്തേക്ക് പോയി. ഗോളത്തിലേക്ക് സർപ്പം പ്രവേശിച്ചയുടൻ ഗോളം അടഞ്ഞു. ഇടിമുഴക്കം പോലെ ഗോളം ഉയർന്ന് പൊങ്ങി മേഘങ്ങൾക്കുള്ളിൽ മറഞ്ഞു. ഞാൻ ചോദിച്ചു 'ഇപ്പോൾ എന്താണ് സംഭവിച്ചത് ഞാനിത് ആളുകളോട് പറഞ്ഞാൽ വിശ്വസിക്കില്ല ആളുകൾ എനിക്ക് കിറുക്കാണെന്ന് പറയും. അല്ലെങ്കിൽ കെട്ടുകഥയാണെന്ന് പറയും. നടന്നത് എന്താണ് എന്ന് വിസ്തരിച്ചാൽ കൊള്ളാം'.

ബാബാജി പറഞ്ഞു 'നീ പറഞ്ഞത് നേരാണ്. അധികം പേരും നീ പറഞ്ഞത് വിശ്വസിക്കില്ല. എന്നിരുന്നാലും പൊതുജനങ്ങളോട് നിന്റെ അനുഭവം പറയണം നിന്റെ ആത്മകഥ എഴുതുമ്പോൾ അത് ചെയ്യാവുന്നതാണ്. ആരെങ്കിലും വിശ്വസിക്കുന്നതിനേയും വിശ്വസിക്കാതിരിക്കുന്നതിനേയും കാരണമാക്കേണ്ടതില്ല ഒരു കാര്യം ഞാൻ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു. സത്യം പലപ്പോഴും കഥയെക്കാൾ വിചിത്രമാണ്.

ആകാശഗംഗയിൽ ഏഴു ഗ്രഹങ്ങളും പതിനെട്ട് ചന്ദ്രഗോളങ്ങളും ഉള്ള ഒരു നക്ഷത്രമണ്ഡലം ഉണ്ട്. ആഗ്രഹങ്ങളിൽ ഒന്നിനെയാണ് നാഗലോകം എന്ന് വിളിക്കുന്നത്. ഈ ലോകത്ത് പൂർണ്ണമായും വസിക്കുന്നത് ഏറെ വികാസം പ്രാപിച്ച ഫണമുള്ള നാഗങ്ങളാണ്. ഇവയെ നാഗദേവതകൾ എന്ന് പറയുന്നു. നീ കണ്ടത് നാഗലോകത്ത് ഉപമുഖ്യന്റെ സ്ഥാനം വഹിക്കുന്ന നാഗമാണ്. ഈ നാഗം നാഗരാജാവ് എന്നാണ് അറിയപ്പെടുന്നത്. നാഗലോകത്ത് പരമോന്നത സ്ഥാനം വഹിക്കുന്നത് അഞ്ച് ഫണങ്ങളുള്ള സ്വർണ്ണനിറമുള്ള നാഗമാണ്. പ്രാചീന ഗ്രന്ഥങ്ങളിൽ അനന്തൻ എന്ന് പറയുന്നത് ഇതിനെയാണ്..

സഹസ്രാബ്ദങ്ങൾക്ക് മുമ്പ് മാനവസമൂഹം വികാസത്തിന്റെ കാര്യത്തിൽ ശൈശവാവസ്ഥയിൽ ആയിരുന്നപ്പോൾ അവർ സർപ്പലോകവു

മായി നിരന്തരം സമ്പർക്കം പുലർത്തിയിരുന്നു. വിവേകശാലികളും വികാസം പ്രാപിച്ചവരുമായ നാഗന്മാർ ഭൂലോകവുമായി നിരന്തരം സമ്പർക്കം പുലർത്തുകയും ഭൂമിയിൽ ദീർഘകാലം മനുഷ്യരെ വിദ്യ അഭ്യസിപ്പിക്കയും ചെയ്തിരുന്നു. എല്ലാ സംസ്കാരങ്ങളിലും കാണുന്ന നാഗാരാധന ശ്രേഷ്ഠമായ നാഗവംശത്തോടുള്ള ആദരവ് ആണ്. പണ്ട് അവർ കുണ്ഡലിനി വിദ്യയുടെ രഹസ്യം മനുഷ്യരെ അഭ്യസിപ്പിച്ചു. പ്രസ്തുത വിദ്യയെ സർപ്പാകാരത്തിൽ പ്രതീകവൽക്കരിക്കുകയും ചെയ്തു. അഷ്ടാംഗയോഗസൂത്രം ലോകത്തിന് നൽകിയ പതഞ്ജലി നാഗവംശജനായിരുന്നു. അദ്ദേഹത്തിന്റെ രൂപം പകുതി മനുഷ്യന്റെയും പകുതി സർപ്പത്തിന്റെയും രൂപത്തിലായിരുന്നു. പുരാതന ഈജിപ്തിലെ ഫാരോ രാജാവിന്റെ ശിരസ്സിലെ സർപ്പവും ശിവന്റെ കഴുത്തിലെ സർപ്പവും പ്രതിനിധാനം ചെയ്യുന്നത് നാഗന്മാരായ ഗുരുക്കന്മാർ മനുഷ്യർക്ക് നൽകിയ ശക്തിയെയാണ്. പക്ഷേ പിന്നീട് മനുഷ്യരാശി ശക്തരായ തോടെ കൂടുതൽ സ്വാർത്ഥരും കൗശലക്കാരുമായി സർപ്പങ്ങളെ കൊല്ലാൻ തുടങ്ങി. ബുദ്ധിപരതയിലും ആദ്ധ്യാത്മികതയിലും മികവുറ്റ നാഗന്മാർ തങ്ങൾക്ക് ഭീഷണിയാവുമോ എന്ന് ഭയന്ന് മനുഷ്യർ അവരോടുള്ള കടപ്പാടുകൾ ഭയന്ന് അവരെ കൂട്ടക്കൊല ചെയ്ത് തുടങ്ങി. നാഗരാജാവ് ഭൂലോകത്ത് നിന്ന് സർപ്പങ്ങളെ തിരിച്ച് വിളിക്കാൻ തീരുമാനിച്ചു. ഒറ്റ രാത്രി കൊണ്ട് മുഴുവൻ നാഗങ്ങളേയും നാഗലോകത്തേക്ക് കൊണ്ടുപോയി. അതിന് ശേഷം ആദ്ധ്യാത്മിക രംഗത്ത് പുരോഗതി കൈവരിച്ചിട്ടുള്ള ചിലരുമായി മാത്രം അവർ ബന്ധം പുലർത്തിപ്പോന്നു. വാർദ്ധക്യം ബാധിച്ചവരോ നാഗരാജാവിനോട് എതിർപ്പുള്ളവയോ ആയ ചില നാഗങ്ങൾ മാത്രം അവശേഷിച്ചു അവരുടെ പരമ്പരകളാണ് ഇന്നുള്ള നാഗങ്ങൾ ക്രമേണ അവരുടെ പരമ്പരകൾക്ക് മുമ്പുണ്ടായിരുന്നവയുടെ മഹത്വവും കഴിവും നഷ്ടപ്പെട്ടുകൊണ്ടിരുന്നു. ഇതൊക്കെയാണെങ്കിലും മനുഷ്യരിലെ ദിവ്യാത്മാക്കൾക്ക് നാഗങ്ങളുമായി സമ്പർക്കം പുലർത്തുന്നതിന് പല മാർഗ്ഗങ്ങളും ഉണ്ട്.

ഒരിക്കൽ ഷിർദ്ദി സായ് ബാബ മൂന്ന് ദിവസം തന്റെ ശരീരം വെടിഞ്ഞ് മറ്റൊരു ലോകത്ത് പോയി. മരിച്ചെന്ന് കരുതിയ അദ്ദേഹം നാലാം ദിവസം ശരീരത്തിൽ തിരിച്ചെത്തി. 'ഞാൻ മറ്റൊരു ലോകത്ത് പോയി വഴക്ക് തീർത്തിട്ട് വരുകയാണ' എന്നാണ് അദ്ദേഹം പറഞ്ഞത് ആ ലോകം സർപ്പലോകമായിരുന്നു. നാഗരാജാവ് ഗുരു ബാബയുടെ സഹായം അഭ്യർത്ഥിച്ചിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചാണ് നാഗരാജാവ് ചർച്ചക്കായി എന്റടുത്ത് വന്നത. 'ഞാൻ ഗുരു ബാബയോട് ഇതൊക്കെ എഴുതിയാൽ ഒരു ഭ്രാന്തന്റെ പിച്ചും പേയും ആണെന്ന് കരുതി പറയാതിരിക്കയല്ലേ നല്ലത് എന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു' വായിക്കുന്നവർ കഥയാണെന്ന് കരുതിയാലും കുഴപ്പമില്ല ഒരു ഘട്ടത്തിൽ അവർക്ക് ബോധത്തിന്റെ ചില ഉയർന്ന തലങ്ങളെപ്പറ്റി ബോധോദയം ഉണ്ടാകും. അപ്പോൾ അവർ ഒരു കാര്യം മനസ്സിലാക്കും ശുഷ്കമായ യുക്തിവാദങ്ങളിലൂടെയോ ഇന്ന് ലഭ്യമായിരിക്കുന്ന ബൗദ്ധിക ക്ഷമതയിലൂടെയോ ബോധത്തെ ഗ്രഹിക്കാൻ കഴിയുകയില്ല.

ആധുനികകാലത്ത് നമ്മോടൊപ്പം ജീവിക്കുന്ന ലോകത്തിന്റെ മുഴുവൻ ആദരവും നേടാൻ കഴിഞ്ഞ മഹായോഗിയായ എം. ന്റെ അനുഭവങ്ങളെ നമുക്ക് അവിശ്വസിക്കേണ്ട ആവശ്യമില്ല. ഈ പ്രപഞ്ചത്തെ അനന്തം, അജ്ഞാതം, അവർണ്ണനീയം എന്നേ പറയാനൊക്കൂ. ഈ ക്ഷീരപഥത്തിലെ ലക്ഷക്കണക്കിന് നക്ഷത്രങ്ങളിൽ ഒരു കൊച്ച് നക്ഷത്രമാണ് സൂര്യൻ. (ഈ സൂര്യന് ചുറ്റും കറങ്ങുന്ന എത്രയോ ചെറിയ ഒരു ഗ്രഹമാണ് ഭൂമി) ഈ ക്ഷീരപഥമാകട്ടെ ലക്ഷക്കണക്കിന് നക്ഷത്രക്കൂട്ടങ്ങളിൽ ഒന്ന് മാത്രം. ഇത്തരം നക്ഷത്രക്കൂട്ടങ്ങൾ ജനിക്കുകയും മരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇതിൽ എവിടെയെങ്കിലും മനുഷ്യനെക്കാൾ ബുദ്ധിയുള്ള ജീവികൾ ഉണ്ടായേക്കാമെന്ന് ശാസ്ത്രവും ചിന്തിച്ച് കൊണ്ടിരിക്കുന്നു.

തുടരും ........

# നർമ്മഭാവന - മുൻഷിമാഷ്

ജി. കെ. പിള്ള, തെക്കേടത്ത്– 7293239170

ബസ്റ്റാന്റിൽ പിടിച്ചിട്ടിരിക്കുന്ന ബസ്സിൽ കയറിയിരുന്ന അയാൾ ബസ്സിലാകെ നോക്കി.താനല്ലാതെ വേറെ ആരുമില്ല. പുറപ്പെടാൻ സമയമേറെയുണ്ടാകും, അതിനാലാണ് മറ്റാരു യാത്രക്കാരുമില്ലാത്തത് എന്ന് കരുതി സൗകരപ്രഥമായ ഒരു സീറ്റിൽ ഇരിപ്പുറപ്പിച്ചു. ഉച്ച സമയമായതിനാൽ ഡ്രൈവറും കൺട്രക്ടറും ഊണുകഴിക്കുകയാകും എന്ന് വിചാരിച്ചിരിക്കുമ്പോൾ രണ്ട് യുവതികൾ ബസ്സിൽ കയറിവന്ന് മുൻ സീറ്റുകളിലിരുന്നു. എന്നിട്ട് ഒരുവൾ പിറകിലേയ്ക്ക് നോക്കി അയാളോട് ചോദിച്ചു.

'അമൃതയല്ലേ?' അയാൾ അല്പം മടിച്ചെങ്കിലും മറുപടി പറഞ്ഞു. 'അല്ല, നാരായണൻ.' പേരല്ല ചോദിച്ചെ, അമൃത ബസ്സാണോ എന്നാ അയാൾ യാതൊരു സങ്കോചകവുമില്ലാതെ മറുപടി പറഞ്ഞു. 'അല്ല.' യുവതികൾ രണ്ടും ധൃതിയിൽ ബാഗുമെടുത്ത് താഴെയിറങ്ങി ബസ്സിന് മുന്നിലേയ്ക്ക് പോയി. പോയ അതേ വേഗത്തിൽ തിരിച്ച് ബസ്സിൽ കയറി അതേ സീറ്റിലിരുന്ന് തിരിഞ്ഞുനോക്കി അയാളോട് ദേഷ്യത്തിൽ പറഞ്ഞു. 'പ്രായം ഇത്രം ആയില്ലെ, നിർത്തിക്കൂടെ?' 'നിങ്ങള് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. എന്ത് നിർത്തുന്ന കാര്യമാ? 'ഒന്നുമറിയാത്ത കുഞ്ഞ്. ഞങ്ങളെ അമൃത ബസ്സല്ലായെന്ന് പറഞ്ഞ് പറ്റിച്ചില്ല?' 'ഞാനാരേയും പറ്റിക്കാനോ തട്ടിക്കാനോ അല്ല പറഞ്ഞത്, സത്യമാണ്. അമൃത ബസ്സല്ലിത്.'

വീണ്ടും യുവതികൾക്ക് സംശയമായി. അവർ പരസ്പരം എന്തൊക്കെയോ പറഞ്ഞിട്ട് വീണ്ടും താഴെയിറങ്ങി, ബസ്സിന്റെ ബോർഡ് വായിച്ച് ദേഷ്യംകൊണ്ട് തിളച്ച് ബസ്സിൽ കയറി. നേരെ അയാളുടെ അടുത്തുചെന്ന് ദേഷ്യത്തിൽ പറഞ്ഞു. 'ദേ, പ്രായമൊന്നും ഞങ്ങൾ നോക്കില്ല പറഞ്ഞേക്കാം. നിങ്ങക്കെന്താ വട്ടുണ്ടോ? ഞങ്ങളെ പറ്റിക്കാൻ?' 'ഞാനെന്തു പറ്റിച്ചെന്ന പറയുന്നെ?' 'അമൃത ബസ്സല്ലായെന്ന് പറഞ്ഞത്.' 'അതു ശരിതന്നെ. ഇത് അമൃത ബസ്സല്ല. കെ എസ് ആർ ടി ബസ്സാണ്. നിങ്ങൾ അമൃത ബസ്സന്നെല്ലെ ചോദിച്ചത്.' 'അല്ല...അത്...'

അബദ്ധം പറ്റിയത് യുവതികൾക്ക് മനസ്സിലായി. 'ക്ഷമിക്കണം. ഞങ്ങളുദ്ദേശിച്ചത് അമൃതയിലേയ്ക്ക് പോകുന്ന ബസ്സാണോ എന്നാണ്.'

ഇത്ര കണിശ്ശക്കാരനായ അയാളെ യുവതികൾ സൂക്ഷിച്ചുനോക്കി. എവിടെയോ കണ്ടുമറന്ന മുഖം. നല്ല പരിചയം തോന്നുന്നു, ആരാണ്? യുവതികളിൽ ഒരുവൾക്ക് ആളെ മനസ്സിലായി. എന്തു മാറ്റം. പതിനഞ്ചു പതിനാറ് വർഷമായില്ല അവസാനം കണ്ടിട്ട്. കവിളൊട്ടി, നര നന്നായി ബാധിച്ചു. അവൾ മറ്റെ യുവതിയോടെ മന്ത്രിച്ചു. 'ടീ, മുൻഷിമാഷ്! പത്താം ക്ലാസ്സിൽ മലയാളം പഠിപ്പിച്ച നാരായണൻ മാഷ്. 'അവരുടെ മനസ്സിൽ നഷത്രം' കടന്നു വന്നു. മലയാളം ക്ലാസ്സിൽ പാഠഭാഗം വായിച്ചപ്പോൾ 'നക്ഷത്ര'ത്തിന്റെ' നഷത്ര' മെന്ന് ഉച്ചരിച്ചപ്പോൾ 'ക്ഷ, കക്ഷത്തിൻറെ ക്ഷ' എന്നുപറഞ്ഞ് മാഷിന്റെ കക്ഷത്തടിച്ച് കാണിച്ച് ഭാഷശുദ്ധി വരുത്തിയ മാഷ്!

യുവതികൾ പരിചയം ഭാവിക്കാതെ മുൻസീറ്റിലേയ്ക്ക് പോയി. മുൻഷി മാഷ് ശ്രദ്ധ തിരിക്കാൻ, വെളിയിലെ കാഴ്ച കണ്ടിരിക്കയായിരുന്നു. അപ്പോഴും മാഷിന്റെ മനസ്സിൽ "ഞാൻ പഠിപ്പിച്ച വല്ല കുട്ടികളുമായിരിക്കുമോ എന്ന ചിന്തയായിരുന്നു."

## 19 ഡിസംബർ 2025, വെള്ളി

# ശതാബ്ദി ആഘോഷ സമാരംഭം
















## 20 ഡിസംബർ 2025, ശനി
























## 21 ഡിസംബർ 2025, ഞായർ













## 22 ഡിസംബർ 2025, തിങ്കൾ











## 23 ഡിസംബർ 2025, ചൊവ്വ




















# 24 ഡിസംബർ 2025, ബുധൻ















## 25 ഡിസംബർ 2025, വ്യാഴം

# ശതാബ്ദി ആഘോഷ സമാപന സമ്മേളനം































# ശതാബ്ദി ആഘോഷ സമാരംഭം

**19 – 12 – 2025**

**പി. രാമചന്ദ്രൻ (വേണു) – സ്വാഗതം**

ഒരു നൂറ്റാണ്ടു കാലം സേവനം ദൗത്യമാക്കിയ പ്രസ്ഥാനമാണ് കരയോഗം. കഴിഞ്ഞകാല അധ്വാനഫലമാണ് കലകളുടെ വിളനിലമാണിത്. യേശുദാസിനെ പോലെയുള്ള കലാകാരൻമാരെ വാർത്തെടുത്ത സ്ഥാപനമാണിത്. ഇന്നു നാം കൊയ്യുന്നത് മനുഷ്യനുവേണ്ട സംസ്കാരം എങ്ങനെ നൽകാം എന്നും. മൂല്യങ്ങൾ ധാർമ്മികത ഇവയെല്ലാം ഉയർത്തിപ്പിടിച്ചുകൊണ്ട് തന്നെ സേവനം നടത്തുന്ന പ്രസ്ഥാനമാണിത്. അന്നദാനം മഹാദാനം എന്ന മൂല്യത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു യുവതലമുറയുടെ അഭാവം പൈതൃകം കൈമാറാൻ തടസ്സമാകുന്നു. സേവനസന്നദ്ധരായ യുവാക്കൾ മുന്നോട്ടു വരണം. പുതുതലമുറ സംസ്കാരം നിലനിർത്തണം നമുക്ക് കാലാനുസൃതമായി വളരാൻ കഴിഞ്ഞുവെന്നത് ഈ ശതാബ്ദി ആഘോഷം തെളിയിക്കുന്നു.

**ജസ്റ്റിസ് രാധാകൃഷ്ണൻ – ആമുഖം**

1925-ൽ സ്ഥാപിതമായ കരയോഗത്തിൽ ശതാബ്ദിക്കു മുമ്പ് നവതിയുടെ ചെയർമാനായും പ്രവർത്തിച്ചിരന്നു. കരയോഗം ജനന മുതൽ മരണം വരെയുള്ള ചടങ്ങുകൾക്ക് സാക്ഷിയാകുന്നു. ഇവിടെ ജാതിമതഭേദമന്യെ പ്രവർത്തിക്കുന്നു. രാഷ്ട്രീയ മത ചിന്തകൾക്കതീതമായി വ്യക്തി വൈഭവങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനമാണ് കരയോഗം എന്ന് അഭിമാനിക്കാം

**ആലപ്പാട്ട് മുരളീധരൻ - അദ്ധ്യക്ഷ പ്രസംഗം**

കലാസാംസാകാരിക മണ്ഡലത്തിലെ പ്രവർത്തനം ശ്ലാഘനീയമാണ് എറണാകുളം കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളും പ്രശംസനീയം തന്നെയാണ്. ബാലികമന്ദിരം അമ്മ വീട് ഇവയൊക്കെ ഉദാഹരണം.

**പത്മഭൂഷൺ മോഹൻലാൽ – ഉദ്ഘാടനം**

നഗരത്തിലെ ജീവകാരുണ്യ പ്രവർത്തന ആസ്ഥാനമായി വിശേഷിച്ചും എല്ലാ വിഭാഗത്തിലെ ആളുകളെയും കോർത്തിണക്കി, സ്നേഹമെന്ന ആയുധത്തിലൂടെ ഒരു നൂറ്റാണ്ടിന്റെ പ്രവർത്തനവുമായി കരയോഗം പരിലസിക്കുന്നു നാടകം സംഗീതം ആരോഗ്യം വിദ്യാഭ്യാസമേഖല എല്ലാം തന്നെ കരയോഗത്തിന്റെ പ്രവർത്തന മേഖലകളെന്നത് പ്രത്യേകതയാണ്. സാമൂഹ്യസേവനമാണ് കരയോഗത്തിന്റെ മുഖ്യലക്ഷ്യം.

**ചിദാനന്ദപുരി – അനുഗ്രഹ പ്രഭാഷണം**

മനുഷ്യനായാലും പ്രസ്ഥാനമായാലും പിറന്നാളാഘോഷത്തിന്റെ ഉദ്ദേശമെന്താണ്? ജീവിതയാത്രയിൽ ഒരു കൊല്ലം കഴിഞ്ഞു മനുഷ്യന് ആയുസ്സിൽ ഒന്നു കുറഞ്ഞു. പ്രസ്ഥാന സ്ഥാപകർ എന്തുദ്ദേശിച്ചു, അത് സഫലമായി എന്നാണ് ഇപ്പോൾ വിലയിരുത്തേണ്ടത്. എന്നാൽ പൂർവ്വമാണ് ഭാവിക്കു നിർദ്ദേശം വാക്കുകൾ പ്രവർത്തികൾ ഇവ പരസ്പരം ആദരിക്കണം. നമ്മുടെ പ്രവർത്തി മറ്റുള്ളവർക്ക് നിരുപദ്രവമായി പ്രചോദനം നൽകണം പരിമിതികൾ കൂടാതെ പ്രവർത്തിക്കണം. സേവനം പ്രതിഫലേച്ഛകൂടാതെയാകണം സ്ഥാപകരുടെ സങ്കൽപ്പ ശുദ്ധി ഊർജ്ജസ്വലത ഇവയാണ് വളർച്ചയുടെ വളം, ദീർഘ വീക്ഷണത്തോടെ പ്രവർത്തിക്കുക. നന്മ നേരുന്നു.

**പാണക്കാട് സെയ്ദ് സാദിഖലി**

**ശിഹാബ് തങ്ങൾ**

വിജ്ഞാനം അജ്ഞാനിയെ ഒത്തൊരുമിപ്പിക്കും എല്ലാ മതവും ഒരേ തത്വമാണ് പ്രതിപാ

ദിക്കുന്നത് ദൈവത്തെ അറിയുക ധനികനും പാവപ്പെട്ടവനും വ്യത്യസ്ഥരല്ല. ദൈവം ഹൃദയത്തിലാണ് മൺകുടിലും, രാജകൊട്ടാരവും ദൈവത്തിനു തുല്യമാണ് ഭക്തിയുള്ള മനസ്സിലാണ് ദൈവം. എറണാകുളം കരയഗോത്തിന് ജീവകാരുണ്യ പ്രവർത്തനങ്ങൾ മേൽക്കുമേൽ നടത്താൻ കഴിയട്ടെ

**ഡോ. യാക്കോബ് മാർ ഐറേനിയോസ്**

കായലും കടലും സമ്മേളിക്കുന്ന വ്യത്യസ്ത ഭാവങ്ങളെ ഒരുമിച്ചു കൊണ്ടുപോകുന്ന നഗരമാണ് കൊച്ചി. വിവിധ തരത്തിലുള്ള ആളുകൾ പലദേശം, ഭാഷ ഇവരെയെല്ലാം കരയോഗം സമന്വയിപ്പിച്ചു കൊണ്ടുപോകുന്നു സാംസ്കാരിക സാമൂഹ്യ പരിഷ്കരണം മനുഷ്യന്റെ ആവശ്യമറിഞ്ഞു പ്രവർത്തിക്കുന്ന സേവന പ്രസ്ഥാനമാണ് കരയോഗം. യാത്ര തുടരുമ്പോൾ ചിറകുവിടർത്തി 'കേരളകരയോഗമായി' മാറട്ടെ എറണാകുളം കരയോഗം

**പി. രാജീവ് – മന്ത്രി**

തന്റെ മതം മാത്രമല്ല മറ്റു മതങ്ങളും തുല്യപ്രാധാന്യമാണ് അർഹിക്കുന്നതെന്നു കരയോഗം തെളിയിക്കുന്നു മതം ഏതുമാകാം മനുഷ്യന്റെ ആവശ്യം പരിഗണിക്കുക പുതിയകാല ആശയം ഉൾപ്പെടുത്താനും ലവലേശം പിന്നിലല്ല കരയോഗം ഇന്നും യൗവനയുക്തമായി തുടരുന്നു. എല്ലാ മതങ്ങളുടെയും സത്ത ഒന്നാണെന്ന് സ്മരിക്കുന്ന കരയോഗത്തിന്റെ പ്രവർത്തനം തുടരട്ടെ.

**പാർവ്വതി ഗോപകുമാർ, ഐ. എ. എസ്**

കേരളചരിത്രത്തിൽ കരയോഗത്തിന്റെ സാമൂഹിക പ്രതിബദ്ധത നിലനിർത്തി പ്രശസ്തിയോടെ പ്രസ്ഥാനം പ്രവർത്തിക്കുന്നത് ഓരോ അംഗത്തിന്റെയും ശ്രമം കൊണ്ടാണ്. അടുത്ത തലമുറയ്ക്ക് ഇതേ പ്രൗഢിയോടെ മുന്നോട്ടു നയിക്കാൻ കഴിയട്ടെ.

**പുനലൂർ സോമരാജൻ**

എല്ലാ മതത്തിനും തുല്യസ്ഥാനം മനുഷ്യന് സേവനം നൽകുക . ഈ സ്ഥാപനം വിജയിക്കുന്നത് ഇതുകൊണ്ടുതന്നെയാണ് പുതിയ കാഴ്ചപ്പാട് ദീർഘവീക്ഷണം എല്ലാ മേഖലകളിലും പ്രഗത്ഭരുടെ അഭിപ്രായം ഇവയൊക്കെയാണ് വിജയ രഹസ്യം ഇവിടെ വന്നു മനുഷ്യസ്നേഹം എങ്ങനെയാണെന്ന് പഠിക്കണം. അത് മാതൃകയാക്കണം.

## 20 – 12– 2025, സെമിനാർ – I
## വിഷയം : "ഒരു നൂറ്റാണ്ടിന്റെ പ്രസക്തി"

**ശ്രീ. പി. രാമചന്ദ്രൻ–സ്വാഗതം/ വിഷയാവതരണം**

എറണാകുളം കരയോഗത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് നടക്കുന്ന ഈ സെമിനാറിൽ ഒരു നൂറ്റാണ്ടിന്റെ പ്രസക്തി എന്നതാണ് വിഷയം. എറണാകുളം കരയോഗത്തിനെപ്പറ്റി അറിയാത്തവർ ആരും ഉണ്ടാവില്ല . 1925 ഡിസംബർ 25ന് ഇതെങ്ങനെ ആരംഭിച്ചിരിക്കാം? അന്നത്തെ വേഷവിധാനങ്ങൾ എങ്ങനെയായിരിക്കും? ഡിസംബർ 25 ആണ് എറണാകുളം കരയോഗത്തിന്റെ ജന്മദിനം സാമൂഹിക പ്രശ്നങ്ങളിലും , ആതുര കാര്യങ്ങളിലും , വിദ്യാഭ്യാസ മേഖലയിലും എറണാകുളം കരയോഗം മുൻപന്തിയിൽ നിൽക്കുന്നു. വസ്ത്രധാരണ രീതി മാറി, ഭക്ഷണ രീതി മാറി. അന്നത്തെ കാലത്ത് പഞ്ഞം ഉണ്ടായിരുന്നു. ഇന്ന് പഞ്ഞമില്ല. കപ്പയും കഞ്ഞിയും കഴിക്കുന്ന ഒരു കാലഘട്ടമായിരുന്നു അന്ന്. ഇന്ന് പൊതിച്ചോറും ബിരിയാണിയും കഴിക്കുന്ന ആളുകൾ ഉണ്ടെങ്കിലും, ഭക്ഷണം കിട്ടാത്ത ആളുകളും ജീവിക്കുന്നു. വിദ്യാഭ്യാസമേഖലയിൽ അന്ന് സുന്ദരകാണ്ഡം തെറ്റുകൂടാതെ വായിച്ചാൽ, മെട്രിക്കുലേഷൻ പാസായാ ൽ 4–ാം ക്ലാസ്സ് അദ്ധ്യാപകരായി നിയമിച്ചിരുന്നു. പണ്ടത്തെ നായന്മാർ കായിക ശക്തിയുള്ളവരായിരുന്നു. യുദ്ധത്തിൽ മുൻപന്തിയിൽ നിന്നവരായിരുന്നു ഇന്നത്തെ സിക്സ്പാക്ക് ആളുകളെപോലെ. പണ്ടത്തെ കല്യാണം വീ

ട്ടുമുറ്റത്തു പന്തലിട്ടുള്ള ആഘോഷമായിരുന്നു. ബന്ധുക്കളെയും സ്വന്തക്കാരെയും വിളിച്ചു ഇന്നാകട്ടെ ഹാളുകളിലാണ് കല്യാണം. 4, 5 ദിവസം നീണ്ടു നിൽക്കുന്ന കല്യാണഘോഷങ്ങളാണ് ഇന്ന്. പണ്ട് ജാതിവ്യവസ്ഥയിൽ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. മനുഷ്യസ്നേഹം നിലനിന്നിരുന്നു. ഇന്ന് അത്രത്തോളമില്ലങ്കിലും മതസ്പർദ്ധ നിലനിൽക്കുന്നു ഇന്ന് ആധുനികസാങ്കേതികവിദ്യയുയർന്നെങ്കിലും മനുഷ്യമനസ്സിന്റെ സംങ്കുചിതാവസ്ഥ നിലനിൽക്കുന്നു. മതസൗഹാർദ്ദമല്ല, മനുഷ്യസ്നേഹമാണ് നമ്മൾക്കാവശ്യം. മൂല്യങ്ങളെ ചേർത്തുപിടിച്ചു മനുഷ്യസ്നേഹത്തെ നിലനിർത്തുക. മതമൈത്രിയല്ല, മനുഷ്യമൈത്രിയാണ് വേണ്ടത്.

**ഹൈബി ഈഡൻ, എം പി - ഉദ്ഘാടകൻ**

ഈ സെമിനാർ ഉദ്ഘാടനം ചെയ്തു. എല്ലാ വിശിഷ്ടതിഥികളെയും സദസ്സിനെയും സ്വാഗതം ചെയ്തു. ഒരു സെമിനാറിൽ ഒതുക്കി നിർത്താൻ പറ്റുന്നതാണോ ഈ വിഷയം എന്ന് സംശയം പ്രകടിപ്പിച്ചു എല്ലാ രംഗത്തും ഈ 100 വർഷത്തിനിടയ്ക്കു ഒരു പാടു മാറ്റങ്ങളുണ്ടായിട്ടുണ്ട്. മാധ്യമങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങൾ ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് തിരിച്ചറിയാൻ ബുദ്ധിമുട്ടുന്നു. മീഡിയയിലും, ടെലികമ്മ്യൂണിക്കേഷനിലും, ടെക്നോളജിയിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ റിവൊല്യൂഷനിങ്ങ് ആയി മാറിയിരിക്കുന്നു. അതൊരു സാമൂഹിക വിഷയമായി മാറിയിരിക്കുന്നു വികസനം ഏതു വിധത്തിലായിരിക്കണം എന്നന്വേഷിക്കേണ്ടിയിരിക്കുന്നു.

**ടി. പി. എം. ഇബ്രാഹീം ഖാൻ**

ഇതുപോലെയുള്ള ഒരു വിഷയത്തിൽ ഒരു സെമിനാർ നടത്തുകയെന്നത് വളരെ പ്രയാസമേറിയതാണ്. ഒരു വർഷം കൊണ്ട് അത്രയധികം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കും. എറണാകുളം കരയോഗത്തിന്റെ പ്രവർത്തന മേഖലകൾ അത്രയധികം എറണാകുളത്തെ മാറ്റിമറിച്ചു. എല്ലാ വിഭാഗത്തിനും തുല്യ പ്രധാന്യം കൊടുത്തു. ഒരു വിഭാഗീയതയും ഇല്ലാതെ, ആരാണോ അർഹിക്കുന്നത് അവിടെ സഹായഹസ്തം നീട്ടുക അതായിരുന്നു കരയോഗത്തിന്റെ പ്രവർത്തന ശൈലി. വിദ്യാഭ്യാസമേഖല ഒരു നിക്ഷേപമേഖലയാണ്. വിസ്തരിക്കാൻ കഴിയാത്ത മാറ്റങ്ങളാണ് എറണാകുളം കരയോഗം നടത്തിയത്. ജീവിതത്തിന്റെ ഏതു മേഖലയിലായാലും, അവിസ്മരണീയത കാഴ്ചവെച്ചു. സഹായഹസ്തങ്ങൾ എല്ലാ വിഭാഗത്തിനും നീട്ടുന്നു എറണാകുളം കരയോഗം.

**ടി. എൻ. ടി. നായർ**

എറണാകുളം കരയോഗ ശതാബ്ദി സമാപന സമ്മേളനത്തിന്റെ ആദ്യദിനമായ ഇന്നലെ പത്മഭൂഷൺ മോഹൻലാൽ ഉത്ഘാടനം ചെയ്തു. ഇന്നലെകളെ മറന്നുകൊണ്ട് ഇന്ന് എനിക്ക് ഇവിടെ പറയാൻ ഒന്നും തന്നെയില്ല എഐയുടെ വരവോടുകൂടി നമ്മൾ പലതും കണ്ടുകൊണ്ടിരിക്കുന്നു, കാണാനിരിക്കുന്നു. ഏതെല്ലാം അപചയത്തിലേക്കു 'എഐ' നമ്മളെ കൊണ്ടുപോകുമെന്നറിയില്ല. സർവ്വമയ ആശ്ലേഷിയായ ഈ സംഘടന വളർന്നു വന്നത് ഇതിന്റെ പൂർവ്വികരുപോലും ഓർത്തുകാണാത്ത് സ്ഥിതി വിശേഷത്തിലേയ്ക്കാണ്. ഇവർ എല്ലാം സമൂഹത്തിൽ ഉന്നതതലത്തിൽ വിരാജിച്ചവരായിരുന്നു, മെക്കാളെ പോലുള്ളവർ നല്ലതായാലും നന്നല്ലാത്തതായാലും .കേരളത്തിൽ ഏറ്റവും കൂടുതൽവിദ്യാഭ്യാസം ലഭിച്ചത് കൊച്ചിയിലെ ആളുകൾക്കായിരുന്നു. അതിൽ നായർ സമുദായത്തിലുള്ളവർക്കു മുൻഗണന കിട്ടിയിരുന്നു. നായർ സമുദായത്തിന്റെ അധ:പതനം ഉണ്ടായത് ആരും ഓർത്തില്ലെങ്കിലും നായന്മാർ ഓർക്കണം. അന്ന് അവർ മാടമ്പികളായി ജീവിച്ചിരുന്നു. അവർ പറയുന്നതായിരുന്നു നിയമം. ചട്ടമ്പി സ്വാമികൾ പറയുന്നത് സ്വന്തം പ്രയത്നം കൊണ്ട് മാത്രമേ ഉയരാൻ പറ്റുകയുള്ളു എന്നാണ്. സേവനം ജീവിത സാഫല്യം എന്നആപ്തവാക്യം സ്വീകരിച്ച് കൊണ്ട് എറണാകുളം കരയോഗം ഉയരങ്ങളിൽ എത്തട്ടെ.

**എം. രാമചന്ദ്രൻ**

ഈ സ്ഥാപനം വളരെ പ്രിയപ്പെട്ടതാകാൻ കാരണം എന്താണ്. ഏതു സമുദായത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ അതിൽനിന്നുകൊണ്ടുതന്നെ പരിഹരിക്കപ്പെടുന്നു. എറണാകുളം പ്രദേശത്തെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടു എറണാകുളം കരയോഗം മുന്നോട്ടു പോകുന്നു. നാടക പ്രവർത്തനത്തിൽ, സംഗീതപരിപാടികളിൽ എല്ലാം പ്രവർത്തനം നടത്തുന്നു. ഇനിയും മുന്നോട്ടു പോകട്ടെ എന്നാശംസിക്കുന്നു.

**വി. ആർ. രാജ്മോഹൻ, മാധ്യമ പ്രവർത്തകൻ**

വിവിധ വ്യക്തിത്വങ്ങൾ പങ്കെടുക്കുന്ന, വിവിധങ്ങളായ പരിപാടികൾ നടക്കുന്നു. പണ്ട് അച്ചടി മാധ്യമം മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീട് ഇലക്ട്രോണിക്സ് (ദൂരദർശൻ) മാധ്യമ രംഗം വന്നു. ഇപ്പോൾ വിരൽത്തുമ്പിൽ നടക്കുന്നു. (ഡിജിറ്റൽ മീഡിയ). പണ്ട് എഡിറ്റർ ആണ് മാറ്റർ നിശ്ചയിച്ചിരുന്നത്. ഇന്ന് പരസ്യദായകർ നിശ്ചയിക്കുന്നു, എല്ലാ മാധ്യമങ്ങളും പരതിയാലും സത്യം കണ്ടെത്താൻ ആകില്ല. കൂടുതൽ ഉയരത്തിൽ , എല്ലാ മേഖലകളിലും വ്യാപിക്കട്ടെ കരയോഗത്തിന്റെ പ്രവർത്തനങ്ങൾ.

**ആർ. ഗോപാലകൃഷ്ണൻ**

വിഷയം വ്യാപകമാണ്. കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും വലിയ സംഭവം ഇന്ത്യയുടെ സ്വാതന്ത്ര്യമാണ്. എറണാകുളം പട്ടണത്തിന്റെ ഐക്കൺ ആണ് ടിഡിഎം ഹാൾ. എല്ലാ സാമൂഹിക മാറ്റങ്ങളിലും പങ്കെടുക്കുന്നു. മറ്റുള്ളവർക്കും ശ്രേയസ്കരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. സാമൂഹികമായ കൂട്ടുചേരലിനു അവസരം ഒരുക്കുന്നു. 100 വർഷം കഴിഞ്ഞിട്ടും കാലത്തിന്റെ പ്രസക്തിക്കൊത്തു നിൽക്കുന്നു എറണാകുളം കരയോഗം. കാലത്തിനനുസരിച്ചു മാറ്റാൻ കഴിയാത്തതൊക്കെ കാലം മാറ്റിയെടുക്കുന്നു.

**ടി. എം. എബ്രഹാം**

പണ്ട് വിശപ്പ് വലിയ പ്രശ്നമായിരുന്നു. 2 ലോകമഹായുദ്ധങ്ങൾ നടന്നു ഈ കാലഘട്ടത്തിൽ. ഏറ്റവും കൂടുതൽ ആളുകൾ പട്ടിണി കിടന്നത് രണ്ടാം ലോകമഹായുദ്ധകാലത്താണ്. ലോകത്തിലാദ്യമായിട്ടു മരം കത്തിച്ചു ഹൈഡ്രജൻ ഉണ്ടാക്കിയതും ഈ കാലഘട്ടത്തിലാണ്. ഒരു കൂരപോലും ഇല്ലാതിരുന്ന ഒരു കാലഘട്ടത്തെപ്പറ്റി കുടി നാം ഇപ്പോൾ ആലോചിക്കണം. വലിയ മാറ്റങ്ങൾ അതിനു ശേഷം ഉണ്ടായി. കലാസാംസ്കാരിക രംഗത്ത് ഏറ്റവും പ്രോത്സാഹനം കൊടുത്ത സ്ഥാപനമാണ് ഈ കരയോഗം. വലിയ മാറ്റങ്ങൾക്കു മുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു.

**ശുഭ വിജയകുമാർ** കൃതജ്ഞത പറഞ്ഞു.

## 21 – 12– 2025, സെമിനാർ – II
## വിഷയം : 'സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ / ലഹരിവിരുദ്ധ ബോധവൽക്കരണം"

യോഗത്തിൽ ശ്രീമതി മാലിനി മേനോൻ സ്വാഗതം ആശംസിച്ചു. അഡ്വ. പാർവ്വതി സഞ്ജയ് സ്ത്രീകളുടെയും കുട്ടികളുടെയും നിലവിലുള്ള അനേകം നിയമങ്ങൾ ഉദ്ധരിച്ചുകൊണ്ട് സംസാരിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള നിയമങ്ങൾക്ക് ഭരണഘടനയിൽ പ്രത്യേക പരിരക്ഷയുണ്ടെന്നു അറിയിച്ചു. 1929 ൽ ശൈശവ വിവാഹ നിരോധനം നിലവിൽ വന്നു എങ്കിലും അത് ശരിയായ രീതിയിൽ നടപ്പാക്കപ്പെട്ടില്ല. 2006–ൽ പ്രൊഹിബിഷൻ ഓഫ് ചൈൽഡ് മാര്യേജ് ആക്ട് വന്നപ്പോഴാണ് അത് ശരിക്കും നടപ്പിൽ വന്നത് അതുപോലെ തന്നെ 1961–ൽ ഡൗറി പ്രൊഹിബിഷിന് ആക്ട് നിലവിൽ വന്നു. ഈ നിയമങ്ങളെല്ലാം ഇപ്പോൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. അതുപോലെ വീടുകളിലും ജോലിസ്ഥലങ്ങളിലും സ്ത്രീകൾക്ക് സുരക്ഷ ഉറപ്പുവരുത്തുന്ന നിയമങ്ങൾ

ഇന്ന് പ്രാബല്യത്തിലുണ്ട്. അതുപോലെ കോടതികൾ വരെ ലിംഗ സമത്വത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു തുടങ്ങിയിട്ടുണ്ട്. കപട വിവാഹ വാഗ്ദാനങ്ങൾ നൽകി ശരീര ബന്ധത്തിൽ ഏർപ്പെട്ടശേഷം പെൺകുട്ടിയെ വിവാഹം കഴിക്കാതിരിക്കുകയാണെങ്കിൽ അതും ഇന്ന് ബലാത്സംഗമായിക്കണ്ടു ശിക്ഷക്ക് വിധേയമാക്കുന്നതാണ്. കുട്ടികളുടെ സുരക്ഷയ്ക്കായി പോക്സോ ആക്ട് നിലവിലുണ്ട്. കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്തത് അറിവിൽ പെട്ടാൽ അത് പോലീസിനെ അറിയിക്കേണ്ടത് ഒരു പൗരന്റെ കടമയാണ് അങ്ങനെ അറിയിക്കുന്നില്ലങ്കിൽ അതും ശിക്ഷാർഹമായ കുറ്റമാണ്.

**ശ്രീ. പുട്ട വിമലാദിത്യ, ഐ. പി. എസ്**

നിയമങ്ങൾ ശരിയായി അറിയാത്തതിന്റെ പ്രശ്നങ്ങൾ ഇന്ന് സമൂഹത്തിൽ ധാരാളമായി കണ്ടു വരുന്നുണ്ട് എന്ന് അറിയിച്ചു. അടുത്തകാലത്തായി ഗാർഹിക പീഡന നിരക്ക് വളരെയധികം വർദ്ധിച്ചിട്ടുണ്ട് അടുത്തിടെ നടന്ന നാഷണൽ ഫാമിലി സർവേ പ്രകാരം അത് 27% ആയി ഉയർന്നിട്ടുണ്ട്. എന്നാൽ ഇതിന്റെ ഒരു പ്രത്യേകത യഥാർത്ഥത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതിനേക്കാൾ എത്രയോ കൂടുതലാണ് നടക്കുന്നത്. ഉദാഹരണമായി ട്രൈബൽ ഏരിയയിൽ 14/15 വയസ്സിൽ പെൺകുട്ടികളെ കല്യാണം ചെയ്തയയ്ക്കാറുണ്ട് അവർ പ്രസവത്തിനായി ആശുപത്രികളെ സമീപിക്കുമ്പോഴാണ് പ്രായം രേഖപ്പെടുത്തുന്നതും ഭർത്താക്കന്മാർ അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്യുന്നത്. നഗരങ്ങളിൽ ഗാർഹികപീഡനം നടക്കാറുണ്ട്. പക്ഷെ അവ റിപ്പോർട്ടു ചെയ്യപ്പെടാറില്ല. കുട്ടികളുടെയും സ്ത്രീകളുടെയും ഭവിഷ്യത്തിനെ ബാധിക്കുമെന്നോർത്താണ് ഇത്തരം കുറ്റങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതെ പോകുന്നത്. സ്ത്രീകൾ ഏറ്റവും കൂടുതൽ പീഡനം നേരിടുന്നത് ഭവനങ്ങളിലും, രണ്ടാമത് പൊതുസ്ഥലങ്ങളിലും മൂന്നാമത് ജോലിസ്ഥലത്തുമാണ്. ഇവയ്ക്കെല്ലാമെതിരെ നിയമങ്ങളുണ്ടെങ്കിലും അവ ശരിയായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നതാണ് ഖേദകരം.

അതുപോലെ ഡ്രഗ്സിന്റെ ഉപയോഗം കുടുതലും മറച്ചുവെയ്ക്കാനാണ് രക്ഷിതാക്കൾ വരെ ശ്രമിക്കുന്നത്. ഇതും തിരുത്തപ്പെടേണ്ടതാണ്.

**പായിപ്ര രാധാകൃഷ്ണൻ**

കേരളത്തിലെ പല കലാകാരന്മാർക്കും കലയുടെ വലിയലോകം തുറന്നുകൊടുത്തത് എറണാകുളം കരയോഗമാണ്. സ്ത്രീസുരക്ഷയുടെ കാര്യത്തിൽ അദ്ദേഹം പുരാണങ്ങളിൽ നിന്നും ഗാർഗിയുടെയും സീതയുടേയുമൊക്കെ കഥകൾ ഉദാഹരിച്ചുകൊണ്ടു പ്രസംഗിച്ചു. സ്ത്രീകളെ രക്ഷിക്കാൻ സ്ത്രീകൾക്ക് മാത്രമേ സാധിക്കുകയുള്ളു എന്നും നിരവധി സംഭവങ്ങൾ എടുത്തുകാട്ടിസമർത്ഥിച്ചു.

**ഡോ. ഇ. കെ. ജോൺ**

ഗാർഹികപീഡന ആക്റ്റും പോക്സോ ആക്റ്റും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി മാത്രമുള്ളതല്ല ഈ നിയമങ്ങൾ കുടുംബത്തിനും സമൂഹത്തിനും വേണ്ടിയുള്ളതുംകൂടിയാണ്. മോശമായ ഗൃഹാന്തരീക്ഷമാണ് കുട്ടികളെ ലഹരിമരുന്ന് ഉപയോഗത്തിലേക്കു നയിക്കുന്നത് ഇവയ്ക്കെതിരെയുള്ള നിയമങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ഒരു സ്ത്രീക്ക് പീഡനം അനുഭവിക്കേണ്ടി വന്നാൽ അത് തുറന്നു പറയാനുള്ള സാഹചര്യം സമുഹം ഒരുക്കേണ്ടതുണ്ട്. എന്നാലിപ്പോൾ സമുഹത്തെ ഭയന്ന് അവരെ കേസിൽ നിന്ന് പിന്തിരിപ്പിക്കുന്നതായി കാണപ്പെടുന്നു ഇതും തിരുത്തപ്പെടേണ്ടതാണ്.

**ശ്രീമതി. വിദ്യ എൻ**

അമിതമായി ലഹരി ഉപയോഗിക്കുന്ന വ്യക്തിയെ അതിൽനിന്നു മുക്തനാക്കുക എന്നത് വ്യക്തിയെ മാത്രമല്ല സമൂഹത്തിനെ തന്നെ ബാധിക്കുന്ന കാര്യമാണ് സ്ത്രീകളെയും കുട്ടി

കളെയും ഇതിനോട് പ്രതികരിക്കാൻ പ്രബുദ്ധരാക്കണം അമിതമായ ലഹരി ഉപയോഗം രോഗാവസ്ഥയാണെന്നു നാം മനസ്സിലാക്കണം അത് ചികിത്സിച്ചേ മതിയാകു. ചികിത്സിച്ചാൽ മാറ്റാവുന്നതേയുള്ളു മോട്ടിവേഷണൽ ഇൻഡർവ്യൂവിങ്ങ്, ബിഹേവിയറൽ തെറാപ്പി എന്നി ചികിത്സ രീതികളിലൂടെ ഫലപ്രദമായി മാറ്റിയെടുക്കാം ഈ കാര്യത്താൽ സ്ത്രീകൾക്കുള്ള ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. അർത്ഥവത്തായ നല്ല ബന്ധങ്ങളിൽ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു ഇത് ഒരു സമൂഹത്തിന്റെ പ്രശ്നം ആയതുകൊണ്ട് നാം ഓരോരുത്തരും അവരവർക്കു ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ കണ്ടുപിടിച്ചു ചെയ്യാൻ ശ്രമിക്കണം.

**ഉമാ തോമസ്, എം. എൽ. എ**

എറണാകുളം കരയോഗം ചെയ്തു വരുന്ന സാമൂഹിക, ജീവകാരുണ്യ പ്രവർത്തനങ്ങളെ പ്രശംസിച്ചു സംസാരിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വീടുകളിൽ നിന്നും തുടങ്ങണം. എന്ന് അഭിപ്രായപ്പെട്ടു. വീടുകളിലെല്ലാവരും കൂടിയിരുന്നു സംസാരിക്കുകയും, ഭക്ഷണം കഴിക്കുകയും ചെയ്യുന്ന ഒരു രീതി ഉണ്ടാവണം എന്ന് പറഞ്ഞു. ചടങ്ങിൽ പങ്കെടുക്കുവാൻ സാധിച്ചതിലുള്ള നന്ദിയും കരയോഗത്തിനു കൂടുതൽ മികവോടെ വളർന്നു വലുതാവാനുള്ള ആശംസകൾ അറിയിക്കുകയും ചെയ്തു.

## 22 – 12– 2025, സെമിനാർ – III
## വിഷയം : നവമാധ്യമസ്വാധീനവും പത്രസ്വാതന്ത്ര്യവും

വിശിഷ്ട അതിഥികൾക്കും പ്രാസംഗികർക്കും സദസ്സിനും അജിത്കുമാർ സ്വാഗതം പറഞ്ഞു.

**ശ്രീ. ശ്രീകുമാർ മുഖത്തല**

നവമാധ്യമസ്വാധീനവും, പത്രസ്വാതന്ത്ര്യവും എന്നു പറയുമ്പോൾ പത്രങ്ങളുടെ മാത്രം സ്വാതന്ത്ര്യമല്ല. എല്ലാ മാധ്യമങ്ങളുടേയും സ്വാതന്ത്ര്യമായി നമുക്ക് കാണേണ്ടിയിരിക്കുന്നു. ജേർണലിസം കലാലയ വിദ്യാഭ്യാസത്തിലൂടെ നാം പഠിച്ചിട്ടില്ല. സ്വാതന്ത്യം ലോകമെമ്പാടുമുള്ള പത്രങ്ങൾക്ക് പ്രധാനമാണ്. ഇവിടെ പത്രസ്വാതന്ത്യത്തിന് പ്രത്യേക നിയമമില്ല. സ്വാതന്ത്ര്യമെന്നത് ഒരു വലിയ സങ്കൽപമാണ്. നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന സർക്കാർ നടപടികളിൽ കർക്കശമായ നിലപാടുകൾ പഴയകാലത്തെ പത്രപ്രവർത്തകർ എടുത്തിരുന്നു. അടിയന്തരാവസ്ഥ കാലത്ത് ജനങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യത്തിനു വേണ്ടി ശക്തിയായി വാദിച്ച് എഴുത്തുകാരുണ്ടായിരുന്നു. ഇന്ന് അത്തരം പ്രവൃത്തികൾ ചെയ്യുന്നവർ വിരളമായി കൊണ്ടിരിക്കുകയാണ്. ഇന്ന് ഏററവും കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നത് സോഷ്യൽ മീഡിയയിലാണ്. സോഷ്യൽ മീഡിയയെ നിയന്ത്രിക്കുന്നത് നമ്മുടെ മുന്നിലെ ഒരു വലിയ ചോദ്യചിഹ്നമാണ്. ഭീകരമായ ഒരു ജാതിസ്പർദ്ധ കേരളത്തിൽ വളർന്ന് വരുന്നുണ്ട്. സമീപഭാവിയിൽ ഇതൊരു പൊട്ടിത്തെറിയാവാൻ സാധ്യതയുണ്ട്. ഇന്ന് സോഷ്യൽ മീഡിയകൾ നിർബ്ബാധം അസത്യത്തെ പ്രചരിപ്പിക്കുന്നു. ഇത് സമൂഹത്തിൽ വിഭജനം ഉണ്ടാക്കുന്ന വിധത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

**ശ്രീ. ജോണിലൂക്കോസ്**

2025 Oxford dictionary word of the year ആയി തിരഞ്ഞെടുത്തത് “റേയ്ജ് ബെയ്റ്റ്” എന്ന വാക്കിനെയാണ്. ഇത് cyber ഇടങ്ങളിൽ നമുക്ക് അരിശവും, രോഷവും ഉണ്ടാകാൻ വേണ്ടി നടത്തുന്ന കുത്തിത്തിരിപ്പുകളാണ്. പണ്ടൊക്കെ ജനാധിപത്യത്തിൽ argument ഉണ്ടായിരുന്നെങ്കിലും അതിനു ശേഷം dialogue, discussion, decison എല്ലാം ഉണ്ടാകുമായിരുന്നു. ഇതിന് social media വഹിച്ച് പങ്ക് വലുതാണ്. ജേർണലിസം ഇന്ന് സജീവമാണ്. എറണാകുളം കരയോഗം 100 വർഷം കൊണ്ട് ഒരു പ്രത്യേക സമൂഹ

ത്തിനുവേണ്ടി മാത്രമല്ലാതെ, എല്ലാവരേയും ചേർത്ത് പിടിച്ച് പ്രവർത്തിക്കുന്നു. അപരനു വേണ്ടിയുള്ള കരുതലാണത്. ഇന്നതില്ലാതായി രിക്കുന്നു. അപരനെ, വെറുക്കപ്പെടേണ്ടവനായി സോഷ്യൽ മീഡിയ ചിത്രീകരിക്കുന്നു. അഭിപ്രാ യങ്ങൾക്ക് യുക്തിവേണമെന്നില്ല. over reaction എന്നതാണ് ഇന്നത്തെ normal പ്രതികരണം. നവമാധ്യമങ്ങളെ താരതമ്യപ്പെടുത്തിയാൽ പത്രങ്ങൾക്ക് 'freedom of speech' ഉണ്ടെങ്കിലും 'freedom of reach' ഇല്ല, മറ്റുള്ളവരുടെ വീക്ഷണം എന്നൊന്നുണ്ട് എന്ന് ചിന്തിക്കാതിരിക്കുകയാ ണ് അവരുടെ പ്രവണത. ഒരു വ്യക്തിയേയോ, സ്ഥാപനത്തേയോ നശിപ്പിക്കാനുള്ള troll കൾ ഉണ്ടാക്കി പ്രചരിപ്പിക്കുകയാണ് ഇവർ ചെയ്യു ന്നത്. മുഖ്യധാര മാധ്യമങ്ങൾ report ചെയ്യുന്ന വാർത്തകളിൽ സത്യവും, വസ്തുതയും, സന്ദർഭവും എല്ലാം ഉണ്ടായിരിക്കും. ഒരു മാധ്യമ പ്രവർത്തകനായതു കൊണ്ട് അവന് മനുഷ്യത്വം നഷ്ടപ്പെടണമെന്നില്ല. മാധ്യമപ്രവർത്തകരും, സമ്മർദ്ദത്തിലാണ് പ്രവർത്തിക്കുന്നുത്. ന്യൂസ് കൊടുക്കുന്നവർ പറയുന്ന പോലെ ഇട്ടില്ലെങ്കി ൽ സൈബർ ആക്രമണം ഉണ്ടാകാം. അവനവൻ തന്നെ അപഗ്രന്ഥിച്ചു ശീലിക്കുകയും വളരെ ആലോചിച്ചു മാത്രം ജഡ്ജ്മെന്റ് നടത്തുക യും വേണം.

**ശ്രീ. രാംമോഹൻ പാലിയത്ത്**

ഗുട്ടൻബർഗ് മുതൽ സക്കർബർഗ് വരെയുള്ള പലരും മാധ്യമ പ്രവർത്തനങ്ങളെ സ്വാധീനിച്ചിട്ടു ണ്ട്. 2000 ത്തിനു ശേഷമാണ് ഒരു വിസ്ഫോടനം പോലെ സാമൂഹ്യമാധ്യമ പ്രവർത്തനം ആരംഭി ച്ചത്. അങ്ങിനെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന മാധ്യമങ്ങളുടെ ആവശ്യകതയുള്ള ആ സമയ ത്താണ് സാമൂഹ്യമാധ്യമങ്ങൾ പ്രവർത്തിച്ചു തുടങ്ങിയത്. 2006ൽ Time Magazine blue tooth, whatsapp youtube തുടങ്ങി പല മാധ്യമങ്ങളിലൂ ടെ ധൈര്യം കാണിച്ച മനുഷ്യനെ Man of the year ആയി തെരഞ്ഞെടുത്തു. എന്നാൽ 2008ലെ സാമ്പത്തിക മാന്ദ്യം ഈ അവസ്ഥയെ തകി ടം മറിച്ചു. അപ്പോൾ നമുക്ക് മനസ്സിലാക്കാം ഇതൊരു വ്യാജമായ അവസ്ഥയായിരുന്നു എന്നത്. പണ്ട് പറഞ്ഞിരുന്നത്. 'Man is a social Animal' എന്നായിരുന്നു. എങ്കിൽ ഇപ്പോൾ നമുക്ക് 'Man is a social media animal' എന്ന് പറയേണ്ടി വരും. ഇപ്പോൾ മനുഷ്യൻ സസ്യഭുക്കുകളോ, മാംസഭുക്കുകളോ മാത്രമല്ല face ഭുക്കുകളും ആയിരിക്കുകയാണ്. 2017 ൽ ട്രംമ്പ് ആദ്യമായി യുഎസ് പ്രസിഡന്റ് ആയപ്പോൾ അതിനുവേ ണ്ടി കുറെയേറെ പ്രവർത്തിച്ചത് പുട്ടിനും, face book ഉം ആയിരുന്നുവെന്നത് അങ്ങാടിപ്പാട്ടാണ്. ഇന്ത്യയിൽ നവമാധ്യമ ഉപയോഗത്തിന്റെ കാ ര്യത്തിൽ അവിശ്വസനീയ വളർച്ചയാണ് കൈ വരിച്ചിരിക്കുന്നതും. ഇതും ഒരു വ്യാജ സ്വാത ന്ത്ര്യാനുഭവമാണ്. ഇത് ഭീകരമായ സോഷ്യൽ മീഡിയ അഡിക്ഷൻ ആണ്. എഫ്ബിയിൽ നോക്കിയാൽ നമ്മൾ അതുപയോഗിക്കുന്ന അവസ്ഥ മനസ്സിലാക്കാൻ സാധിക്കും. വ്യാജ വാർത്ത അധികവും പ്രചരിപ്പിക്കുന്നത്. AI യു ടെ വരവോടെ വ്യാജ വീഡിയോകളും വന്നു തുടങ്ങിയിട്ടുണ്ട്. പ്രശസ്ത വ്യക്തികളുടെ വീഡിയോകളോടു കൂടിയ വ്യാജവാർത്തകളും പുതിയതാണെന്ന വ്യാജേന പഴയവാർത്തക ളും സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കു ന്നുണ്ട്. അപകടകരമായ ഒരവസ്ഥയിലൂടെ നാം സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്. ഈ ഒരു പ്രതി സന്ധിയെ എങ്ങിനെ പ്രതിരോധിക്കാം എന്നതാണ് ചിന്തിക്കേണ്ട വിഷയം. സാമൂഹികമാധ്യമങ്ങൾ ക്കെതിരെ മുഖ്യധാര മാധ്യമങ്ങൾ പണ്ടൊക്കെ ശക്തമായ പ്രതികരണം നടത്തിയിരുന്നു. ജനങ്ങ ളെ സ്വാധീനിപ്പിക്കാനും, സോഷ്യൽ മീഡിയ യുടെ കടന്നു കയറ്റത്തെ തടയിടാനുമാണിത്.

**ശ്രീ. കെ. എൽ. മോഹനവർമ്മ**

ഞാൻ ഒരു സാഹിത്യകാരനാണ്. ഞാൻ വീക്ഷണത്തിന്റെ ചീഫ് എഡിറ്റർ ആയി 7 1/2 വർഷം ജോലി ചെയ്തിട്ടുണ്ട്. പത്രം സംസാരി

ക്കേണ്ടത് പാർട്ടിക്കാരോടല്ല, മറ്റുള്ളവരോടാണ്. ടെക്ക്നോളജിയിൽ ഞാനിന്നും ഒരു വിദ്യാർത്ഥിയാണ്. വിവേകാനന്ദൻ വന്ന് കേരളം ഒരു ഭ്രാന്താലയമാണ് എന്നു പറഞ്ഞു പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, കേരളം എന്ന പേര് അന്ന് ഒരിടത്തും വന്നിട്ടില്ല. പിള്ളേരൊന്നും പറഞ്ഞാൽ കേൾക്കുന്നില്ല എന്നൊക്കെ എല്ലാവരും പറഞ്ഞു കോൾക്കാറുണ്ട്. പക്ഷെ ഞാൻ പറയുന്നു, ഒരു കുഴപ്പവും സംഭവിക്കില്ല, അവർ നമ്മളെക്കാളും നന്നായി കാര്യങ്ങൾ നടത്തികൊള്ളും. കമ്മ്യൂണിക്കേഷൻ വളരെ പ്രാധാന്യമുള്ളതാണ്. ജേണലിസ്റ്റ് ഒരു വിദ്യാർത്ഥിയായിരിക്കണം. ഇവിടെ ആർക്കും പുസ്തകങ്ങളോ, പത്രങ്ങളോ വായിക്കാൻ സമയമില്ല. എറണാകുളം കരയോഗത്തിന്റെ സെക്രട്ടറി ശ്രീ. വേണുവിനോട് എനിക്ക് നന്ദിയുണ്ട്. വേണു ഈ സ്ഥാപനം ടെക്നോളജിയുടെ സഹായത്തോടെയാണ് മാനേജ് ചെയ്യുന്നത്. പുത്തൻ ജനത രാജ്യത്തെ നല്ല നിലയിൽ കൊണ്ടു നടക്കും. എനിക്കു സംസാരിക്കാൻ അവസരം തന്ന എല്ലാവർക്കും നന്ദി.

## റെ. ഫാദർ അനിൽ ഫിലിപ്പ്

നവമാധ്യമങ്ങൾ നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്ന ആളാണ് ഞാൻ. നമുക്കിപ്പോൾ സിറ്റിസൺഷിപ്പ് നഷ്ടപ്പെട്ടിരിക്കുകയാണ്. നമ്മൾ എല്ലാവരും ഇപ്പോൾ netizen ആണ്. ലോകത്തിന്റെ ഏതു കോണിൽ നടക്കുന്ന കാര്യവും നമ്മളുടെ വിരൽതുമ്പിലുണ്ട്. നാം International ആയപ്പോൾ നമ്മളുടെ കൾച്ചർ പോയി. ഇപ്പോൾ നമ്മൾക്ക് അവകാശങ്ങളെ കുറിച്ച് നല്ല ധാരണയുണ്ട്. എന്നാൽ കടമളെ കുറിച്ച് ബോധവുമില്ല.

നമ്മളെല്ലാം സോഷ്യൽ മീഡിയയുടെ അഡിക്റ്റ് ആണ്. മുഖ്യധാര മാധ്യമങ്ങൾക്ക് വരെ സോഷ്യൽ മീഡിയ ആശ്രയിക്കാതെ മുമ്പോട്ട് പോകാൻ സാധിക്കാത്ത അവസ്ഥയാണ് ഇന്ന്. കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കുന്നത് യൂ ട്യൂബേഴ്സ് ആണ്. ഒരു മാസം 18 ലക്ഷം വരെ ഉണ്ടാക്കുന്നവർ ഉണ്ട്.

ഇന്ന് സോഷ്യൽ മീഡിയ യാതൊരു corntrol കളും ഇല്ലാത്ത ഒരു മീഡിയ ആയി വളർന്നിട്ടുണ്ട്. ഇതിന് പോസിറ്റീവ് ആയ വശങ്ങളുണ്ട്. വളരെ വേഗത്തിൽ കാര്യങ്ങൾ ആളുകളിൽ എത്തിക്കാൻ സാധിക്കുന്നുണ്ട്. അതുപോലെതന്നെ നെഗറ്റീവ് ആയിട്ടുള്ള വശവും ഉണ്ട്. പത്രങ്ങളെ നാം ഇപ്പോഴും നല്ല രീതിയിൽ കാണാറുണ്ട്. ഭരണകർത്താക്കൾക്ക് പിഴവ് സംഭവിക്കുമ്പോൾ, അതു ചൂണ്ടികാണിക്കുന്നത് അവരാണ്. നാം ദൂരദർശനെ മാത്രം ആശ്രയിച്ചിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. കൃത്യമായ വിവരങ്ങൾ നമുക്കു ലഭിച്ചിരുന്ന ഒരു കാലം.

പണ്ട് നമുക്ക് കുറെ values ഉണ്ടായിരുന്നു. അതിൽ ആദ്യത്തേത് natural values ആണ്. natural values നെ ബഹുമാനിച്ചിരുന്ന ഒരു തലമുറ പണ്ട് ഉണ്ടായിരുന്നതു കൊണ്ടാണ് ഇപ്പോൾ നമുക്ക് ഇങ്ങനെ ജീവിക്കാൻ കഴിയുന്നത്. അന്ന് ആലോചിക്കാതെ ആരും വലിയ റോഡുകളോ, അണക്കെട്ടുകളോ നിർമ്മിക്കാറില്ലായിരുന്നു. ഇന്ന് ആരുടേയും മുറ്റത്ത് മണ്ണില്ല. ടൈൽ മാത്രം. പ്രകൃതിയോട് കാണിക്കുന്ന അനീതി. സമൂഹത്തിൽ നാം എങ്ങിനെ പെരുമാറണം എന്ന സോഷ്യൽ വാല്യൂസ് ഇന്ന് നഷ്ടപ്പെട്ടു. ബഹുമാനിക്കേണ്ട വ്യക്തിത്വങ്ങളെ അറിയുന്നില്ല. പണ്ട് 'ഐക്കോണീക്' ആയ വ്യക്തിത്വങ്ങൾ ഉണ്ടായിരുന്നു. അവരെ ശ്രദ്ധിക്കുവാൻ നാം ശ്രമിച്ചിരുന്നു. ഇന്ന് അവരുടെ വാക്കുകൾ പുതിയ തലമുറയിലേക്ക് എത്തുന്നില്ല. അങ്ങിനെ സോഷ്യൽ വാല്യൂസ് നഷ്ടമായി.

മോറൽ വാല്യൂസിലും വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. parenting ന്റെ കാര്യത്തിൽ വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സ്പിരിച്വൽ വാല്യൂസിന്റെ കാര്യത്തിൽ മതമല്ല, ആത്മീയതയാണ് ഏറ്റവും പ്രാധാനം. ആത്മീയത നിലനിർത്താൻ എറണാകുളം കരയോഗവും

ചാവറ കൾച്ചറൽ സെന്ററും ഇതിനു വേണ്ടി പ്രവർത്തിക്കുന്നു.

ഇന്ന് കോളേജിൽ പഠിക്കുന്ന കുട്ടികൾക്കു വരെ രാഷ്ട്രീയമെന്തെന്നറിയില്ല. അതുകൊണ്ട് അവർ cyber ഇടങ്ങളിലേക്ക് മാറ്റിപാർപ്പിക്കപ്പെടുന്നു. എല്ലാ കാലത്തും പത്രമാധ്യമങ്ങളാണ് ഒരു നാടിന്റെ ഭരണസംവിധാനത്തെ പിടിച്ചു നിർത്തുന്നത്. സക്കർബർഗ് facebook അഴിച്ചുപണിയുകയാണ്. ഇനിയുള്ള വളർച്ചയ്ക്ക് ഇത് അത്യന്താപേക്ഷിതമാണ്. പിന്നണിയിൽ വലിയ വികാസത്തിന് അടിത്തറ ഇടുകയാണ്. ഇത്തരം വിഷയങ്ങൾ കരയോഗം ശതാബ്ദിയോടനുബന്ധിച്ച് സെമിനാറിൽ നടത്തുന്നതിൽ അവരെ ഞാൻ അഭിനന്ദിക്കുന്നു. ഇത് ഒരു static area അല്ല. മാറ്റങ്ങൾ വന്നുകൊണ്ടേയിരിക്കും. ഇപ്പോൾ ചെറുപ്പക്കാർ facebook നേക്കാൾ instagram ഉപയോഗിക്കുന്നു. insta മാറി AI വന്നു. AI യിൽ തന്നെ പുതിയ പുതിയ updations വന്നു കൊണ്ടിരിക്കുന്നു. അതിനുമപ്പുറത്തേക്ക് innovations നടന്നു കൊണ്ടിരിക്കുകയാണ്.

ഈ കാലഘട്ടത്തിൽ എങ്ങനെയാണ് നമ്മുടെ ഈ തലമുറക്കുവേണ്ടി natural ആയിട്ടുള്ള moral ആയിട്ടുള്ള, സ്പിരിച്യുവൽ ആയിട്ടുള്ള വാല്യൂസ് മുറുകെ പിടിച്ചുകൊണ്ട്, ഈ ഭൂമി സുന്ദരമാണെന്ന് പറഞ്ഞുകൊണ്ട്, എങ്ങിനെ കൊണ്ടുപോകാൻ സാധിക്കും എന്നത് നാം എല്ലാവരും ചിന്തിക്കേണ്ടതാണ്. കരയോഗത്തിന്റെ ചുക്കാൻ പിടിച്ചുകൊണ്ട് മനോഹരമായി വളരെ വ്യത്യസ്തമായി എല്ലാവരേയും ചേർത്തു പിടിച്ചുകൊണ്ട് ഈ സ്ഥാപനം നില്നിൽക്കുന്നു.

ഈ സെമിനാറിൽ പങ്കെടുത്ത പ്രാസംഗികർ എല്ലാവരും തന്നെ അതിന്റെ നല്ലതും, ചീത്തയും ആയ വശങ്ങൾ പറഞ്ഞു. പങ്കെടുത്ത എല്ലാ വിഷിശ്ടവ്യക്തികൾക്കും കരയോഗത്തിന്റെ പേരിൽ ശ്രീ. സജീവ് കുമാർ നന്ദിയും പറഞ്ഞു.

## 23 – 12– 2025, സെമിനാർ – IV
## വിഷയം : ലോക സമാധാനവും ശാസ്ത്രവും

### സ്വാഗതപ്രസംഗം – ശ്രീ. ജനാർദ്ദനൻ

എറണാകുളം കരയോഗത്തിന്റെ ശതാബ്ദി സമാപന പരിപാടി ഒരു ഉത്സവമായി ആഘോഷിക്കുന്നു. കരയോഗത്തിന്റെ കഴിഞ്ഞ കാല പ്രവർത്തനങ്ങളെ വിലയിരുത്താനും ഇനിയുള്ള പ്രവർത്തനങ്ങളെ ക്കുറിച്ചു കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നോട്ടു പോകാം എന്ന ചിന്തയിലാണ് കരയോഗം. വിശിഷ്ട വ്യക്തികളെ സദസ്സിലേക്കു സ്വാഗതം ചെയ്യുക യും ആദരിക്കുകയും ചെയ്തു.

### ഡോ. കെ. എസ്. രാധാകൃഷ്ണൻ

എറണാകുളത്തിന്റെ ചരിത്രത്തിൽ മാത്രമല്ല, കേരളത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് കരയോഗം കാഴ്ചവെക്കുന്നത്. ലോകസമാധാനത്തിനു പണ്ടു നേതൃത്വം നൽകിയിരുന്ന രാഷ്ട്രങ്ങൾ റഷ്യ തുടങ്ങിയവയായിരുന്നു. ശാസ്ത്രത്തിന്റെ നിർവ്വചനത്തിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. ശാസ്ത്രം നിരീക്ഷിക്കുന്നതു കാഴ്ചയുടെയും, കേൾവിയുടെയും പരിമിതിക്കുള്ളിൽ നിന്നു കൊണ്ടാണ് observation under controlled circumstances ഇന്നത്തെ ശാസ്ത്രം വസ്തുവില്ലാതെ സങ്കല്പത്തിലൂടെ സ്വരൂപിക്കുന്ന ഒന്നായി മാറിയിരിക്കുന്നു. conjector ശാസ്ത്രം നാം ഉപയോഗിക്കുന്നതിനനുസൃതമായി അനുഗ്രഹവും, ശാപവുമായി മാറാം. ഏതു ശാസ്ത്ര രീതി അവലംബിച്ചാലും തെറ്റുമാകാം, ശരിയുമാകാം.

**സമാധാനം** – എന്താണ് എന്ന് നിർവചിക്കാൻ സാധ്യമല്ല. അക്രമം ഇല്ലാത്ത അവസ്ഥ, ക്രമമായ ശൈലി എന്നൊക്കെ പറയാം. സ്വാതന്ത്ര്യം സമത്വം, സാഹോദര്യം ഇവയുടെ സംയോജനവും ഹിംസയുടെ അഭാവവുമാണ് സമാധാനത്തിന്റെ പാത. തുല്യത ഏവർക്കും

ലഭിക്കണം. അല്ലെങ്കിൽ അസമത്വം ഉടലെടുക്കും. അതായതു, ഓരോരുത്തർക്കും ആവശ്യമുള്ളത് ലഭിക്കണം. ഒരു വിഭാഗക്കാരിൽ വിഭവങ്ങളുടെ കൈയ്യേറ്റം നടത്തുമ്പോഴാണ് യുദ്ധം ഉടലെടുക്കുന്നത്. നീതിരഹിതമായ വിഭവ വിതരണം ചെയ്യുന്ന അന്തരീക്ഷത്തിൽ സമാധാനം സ്ഥാപിക്കാൻ ബുദ്ധിമുട്ടായിരിക്കും. ശുദ്ധവായു, ശുദ്ധജലം ഇവ ലഭിക്കേണ്ടത് ഓരോ വ്യക്തിയുടേയും അവകാശമാണ്. ഇവകൈയേറ്റം ചെയ്യുന്നതു വ്യക്തിയായാലും, സമൂഹമായാലും അവിടെ സമാധാനലംഘനമാണുണ്ടാകുന്നത്. യുദ്ധക്കളത്തിൽ വീഴുന്ന ഓരോ തുള്ളി ചോരയും പ്രതികാര ദാഹിയായി മാറി എന്നു വരും. എത്ര ശക്തിയുള്ള സാമ്രാജ്യത്തേയും തകർക്കുകുയം ചെയ്യുന്നു. ആർത്തിക്കു അതിർത്തിയില്ല. കുടുംബത്തിൽ സമാധാനം നിലനിർത്തിയാലെ സമൂഹത്തിലും സമാധാനം ലഭിക്കൂ. വ്യക്തി മോശമായാൽ സമൂഹം മോശമാകും. സ്വാർത്ഥമായ തീരുമാനങ്ങൾ അസാമാധാനത്തിൻെറ അടിത്തറയാകുന്നു. കുറ്റവാളികളെ സ്വീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങൾ ഇന്നു നിലവിലുണ്ട്. കുറ്റവാളികളെ പ്രോൽസാഹിക്കുന്നതിനോടൊപ്പം ബാക്കി രാഷ്ട്രങ്ങളുടെ അസമാധാനത്തിനു കാരണമാകുന്നു. മനുഷ്യ മനസ്സിന്റെ പ്രതീക്ഷയാണ് ജീവിതം സുഗമമാക്കുന്നത് എന്നു വിശ്വസിക്കുന്ന ഒരു സമൂഹമാണ് ആവശ്യം. സൃഷ്ടിക്കാനും, സംഹരിക്കാനും ശാസ്ത്രത്തിനു കഴിയുമെന്നവാദം തികച്ചും പ്രായോഗികമല്ല. ആവാസവ്യവസ്ഥ എല്ലാവർക്കും ഈ ഭൂമിയിൽ ലഭിക്കണം എന്നാലെ സമാധാനം അർത്ഥവത്താകുകയുള്ളൂ.

**ഡോ. ദിലീപ് കുമാർ**

നാം എന്നും ജീവിച്ചിരിക്കും എന്ന ചിന്ത വെടിയണം ഒരു വ്യക്തിക്കോ സമൂഹത്തിനോ വരുന്ന അവസ്ഥ നമ്മുടെതാനെന്നു കരുതണം ഏതു രാഷ്ട്രത്തെ ബാധിക്കുന്ന ഒരു പ്രശ്നവും ബാക്കി രാജ്യങ്ങളെയും തളർത്തുമെന്നത് മറക്കാനാവില്ല ആഗോള വ്യവസ്ഥിതിയിലെ നിയന്ത്രണങ്ങൾ സമാധാനം ഇല്ലാതാക്കും ഐക്യരാഷ്ട്ര സംഘടന ഇന്ന് വെറും നോക്കുകുത്തിയായി മാറിയിരിക്കുകയാണ് ആണവായുധങ്ങൾ ജപ്പാനിൽ ഉപയോഗിച്ചത് ബാക്കി രാഷ്ട്രങ്ങൾ ക്കൊക്കെ അനുഭവപാഠമായി.

**വി. കെ. പ്രസാദ്**

ശാസ്ത്രം ഭരണഘടനാ പോലെയാണ് നന്മയാണ് ലക്ഷ്യമെങ്കിലും പലപ്പോഴും തിന്മയുടെ വിളയാട്ടം നടത്താറുണ്ട് യുക്തിയുക്തമായി ചിന്തിക്കാനും സമൂഹത്തിനു ശാസ്ത്രാവബോധം വേണം മാറ്റം എന്ന പ്രതിഭാസത്തിനു സനാതനത്വമുണ്ട് എന്നാൽ ശാസ്ത്രത്തിനതില്ല ലോക മഹായുദ്ധങ്ങൾ നടന്നപ്പോൾ തോറ്റവരും ജയിച്ചവരും തുല്യ ദുഖിതരാവുകയാണുണ്ടായത് അവ നേട്ടങ്ങൾക്കു പകരം കോട്ടങ്ങളാണ് സമ്മാനിച്ചത് 'ഗോൾഡൻ ഏജ് ഓഫ് ക്യാപ്സൽ' സമാധാനത്തിന്റെ കാലമായി വിശേഷിപ്പിക്കപ്പെടുന്നു കാരണം ലോകത്തു വേതനങ്ങൾ തമ്മിലുള്ള വ്യത്യാസം വളരെ കുറവായിരുന്നു വിഭവ വിതരണ അസന്തുലിതാവസ്ഥ ശീതയുദ്ധത്തിനു വഴി തെളിയിച്ചിരുന്നു യുദ്ധമില്ലായ്മയല്ല സമാധാനം "കോളിറ്റി ഓഫ് ലൈഫ്" സ്വീകാര്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള ജീവിതശൈലി നേടിയെടുക്കുമ്പോഴാണ് സമാധാനം ലഭിക്കുക ശാസ്ത്രം എന്നത് അറിവാണ് വർഷങ്ങളിലൂടെ ആർജിച്ച അറിവിന്റെ സത്തയാണ് ശാസ്ത്രം എല്ലാ രംഗത്തും പരിഷ്കാരങ്ങളാണ് ഭാഷ പരിഷ്കാരം , ശാസ്ത്ര പരിഷ്കാരം എന്നാൽ മനുഷ്യ രാശിയുടെ സമാധാനം തകർക്കുന്നതാകരുത് ശാസ്ത്രം ചുഷണത്തിനുപയോഗിക്കുമ്പോൾ സമാധാനം നഷ്ടപ്പെടുന്നു ഒരിക്കലും ശാസ്ത്രം സ്വകാര്യ സ്വത്താകരുത്, ശാസ്ത്രഞ്ജർ നിർദ്ദേശിച്ച ആറ്റംബോംബ് യുദ്ധത്തിനുപയോഗിക്കരുത് നിബന്ധന ഭരണകർത്താക്കൾ പാലിക്കാത്തതിന്റെ പരിണിത ഫല

മാണ് മനുഷ്യരാശി അനുഭവിച്ചത് മനുഷ്യസ്നേഹത്തിനും സമാധാനത്തിനും വേണ്ടി ആവട്ടെ ശാസ്ത്രം.

**ഡോ. സുമി ജോയ് ഓലിയപ്പുറം**

എന്നത്തേക്കാളും സമാധാനം ഉറപ്പാക്കിയ കാലത്താണ് നാം ജീവിക്കുന്നത് ഇരുളിന്റെ മറവിലാണ് കൊലകൾ നടക്കുന്നത് പണ്ട് ശരീരത്തിന്റെ ഒരു ഭാഗത്ത് മുറിവേറ്റത് ആ ഭാഗം മുറിച്ചു കളയുകയാണ് ചെയ്തിരുന്നത് എന്നാൽ, വൈദ്യരംഗത്ത് ശാസ്ത്രത്തിന്റെ സംഭവനകളായ ഔഷധങ്ങൾ ചികിത്സയിൽ മാറ്റം വരുത്തി നവജാത ശിശുക്കളുടെ മരണ നിരക്കിൽ ഗണ്യമായ കുറവ് വന്നു നമ്മുടെ ശരീരത്തിൽ ഉപകാരപ്രദവും ഉപദ്രവകാരികളുമായ അണുക്കളെ കണ്ടെത്തിയതിനാൽ മനുഷ്യന്റെ ആരോഗ്യനില മെച്ചപ്പെട്ടു ചന്ദ്രനിലേക്കും മറ്റു ഗ്രഹങ്ങളിലേക്കും വിജയകരമായി യാത്ര ചെയ്തത് ശാസ്ത്രത്തിന്റെ നേട്ടങ്ങളാണ് വൃക്ഷലതാദികൾക്കും മൃഗങ്ങൾക്കും മനുഷ്യന്മാരെപോലെ വികാരമുണ്ടെന്നു തെളിയിച്ചു ജനിതകഘടനയിൽ വിശ്വസിച്ചാൽ ജാതിമതവിവേചനമുണ്ടാകില്ല. നമ്മുടെ അറിവ് വളരെ പരിമിതമാണ് അറിയാനുള്ളത് വളരെ വിശാലമായ ഒന്നാണെന്നും തിരിച്ചറിയുക. യുദ്ധവിജയം വംശനാശം വന്ന ഒന്നാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. സമത്വസുന്ദരമായ ഒരു ലോകം ശാസ്ത്രാവബോധത്തിലൂടെ നമുക്ക് നേടാം സമാധാനവും സന്തോഷവും അതോടൊപ്പം ഉണ്ടാകും

**സുനിൽകുമാർ മേനോൻ - കൃതജ്ഞത**

ആശയങ്ങൾ ഗംഭീരമായി അവതരിപിച്ച എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു സംഘർഷഭരിതമല്ലാത്ത ഒരു കാലത്തിലേക്ക് മുന്നോട്ടു പോകാൻ കഴിയണം ഓരോ വ്യക്തിയുടെയും മനസ്സിലാണ് സമാധാനം യുദ്ധവും അനീതിയും മനസ്സിൽ സ്ഥാനം പിടിക്കരുത്. വിവേകപൂർവ്വം ശാസ്ത്രം മനുഷ്യന് ഉപയോഗിക്കാൻ കഴിയുമാറാകട്ടെ.

## 24 - 12- 2025, സെമിനാർ - V
## വിഷയം : നഗര വികസനം

**സ്വാഗത പ്രസംഗം** നിർവഹിച്ചുകൊണ്ട് സൗമിനി ജെയിൻ മുൻ മേയർ കരയോഗത്തിന്റെ സാമൂഹിക ജീവകാരുണ്യ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ മഹത്തരമായി ചെയ്യാൻ സാധിക്കട്ടെ എന്നും ആശംസിക്കുകയും ചെയ്തു.

ആധുനിക സൗകര്യങ്ങൾ എല്ലാവർക്കും ലഭിക്കുക എന്നതാണ് ആധുനിക കാലഘട്ടത്തിലെ വികസനത്തിന്റെ സമ്മർദ്ദം ഇപ്പോൾ ഈ നഗരത്തിന്റെ വികസന സമ്മർദ്ദം കിഴക്കോട്ടും വടക്കോട്ടുമാണ് ഒരു കാലത്ത് ഇൻഡസ്ട്രിയൽ ഹബ് ആയിരുന്ന എറണാകുളം ഇന്ന് ഒരു ഐ റ്റി ഹബ് ആയി മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ സമ്മർദ്ദം ഐ റ്റി സ്പെയിസിന്റെ കോളിറ്റിയാണ് ആ ആവശ്യം മുന്നിർത്തിയാണ് ഇൻഫോപാർക്കിന്റെ 3ർഡ് ഫേസ് വിഭാവനം ചെയ്തിട്ടുള്ളത് ഇതിനു 300 മുതൽ 600 ഏക്കർ വേണ്ടിവരും. അതിനു ഫണ്ടുവേണം കടമെടുത്തുള്ള വികസനം തെറ്റല്ല നമ്മുടെ നയങ്ങളിൽ മാറ്റം വരണം ഇന്ന് നമുക്ക് ആവശ്യമുള്ള സൗകര്യങ്ങൾ കുറേകാലം കഴിഞ്ഞിട്ട് കിട്ടിയിട്ട് കാര്യമില്ല വികസന പ്രവർത്തനങ്ങൾ താമസിപ്പിച്ചുകൂടാ അവയുടെ വേഗത വർധിപ്പിക്കണം കൊച്ചി ലോകത്തിലെ ഏറ്റവും മികച്ച നഗരങ്ങളിൽ ഒന്നാണ് . കെ ജെ സോഹൻ മുൻ മേയർ പുതിയ കൗൺസിൽ നിലവിൽവരുന്ന ഈ സാഹചര്യത്തിൽ ഈ സെമിനാർ നടത്തിയ സംഘാടകരെ അഭിനന്ദിച്ചു സിംഗപ്പൂരിൽ മുൻ പ്രസിഡണ്ട് 20 വർഷം കൊണ്ട് കൈവരിച്ച മഹത്തായ നേട്ടം പ്രധാനമായും അടിസ്ഥാന സൗകര്യങ്ങൾ ശരിയാക്കിയെടുക്കുക വഴിയായിരുന്നു നഗരവികസനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങളിൽ നിന്നുവേണം തുടങ്ങാൻ അതിൽ ആദ്യത്തേത് കുടിവെള്ളമാണ് അടുത്ത്

സീവേജ് ഉം ആണ് നമ്മുടെ നഗരത്തിൽ 5% സ്ഥലത്തു മാത്രമേ സീവേജ് സിസ്റ്റം ഉള്ളു ഇനിയുള്ളത് അവസരസമത്വമാണ് ഉണ്ടാകേണ്ടത് അതുപോലെ പൊതു ഗതാഗത സൗകര്യവും വിപുലീകരിക്കണം. സീപോർട് എയർ പോർട് റോഡ് കൊച്ചി തുറമുഖവുമായി ബന്ധിപ്പിക്കണം. വാട്ടർമെട്രോ പൊതുജനങ്ങൾക്ക് താങ്ങാൻ പറ്റുന്ന നിരക്കായി കുറയ്ക്കണം. ജലവിതരണത്തിന് പുതിയ കണക്കനുസരിച്ചു ഇപ്പോൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന വെള്ളത്തിന്റെ 55% നോൺ റെവന്യൂ വാട്ടറാണ്. നഗര വികസനത്തിന് തുറസ്സായ സ്ഥലങ്ങൾ വളരെ അത്യാവശ്യമാണ് കുട്ടികൾക്ക് കളിച്ചു വളരാനും സൗഹൃദം പങ്കിടാനും ഈ സ്ഥലങ്ങൾ പ്രയോജനപ്പെടും പൊതുഗതാഗതത്തിന്റെ അലസതയും അഭാവവും കാരണം നിരവധി റോഡപകടങ്ങൾ സംഭവിക്കുന്നുണ്ട് ഇവയെല്ലാം പരിഹരിച്ചു നമുക്ക് മുൻപോട്ടു പോകേണ്ടിയിരിക്കുന്നു.

**അനിൽകുമാർ**

കൊച്ചി കോപ്പറേഷന്റെ അതിർത്തികൾ വ്യാപിപ്പിക്കുന്നതിൽ പരിധി നിശ്ചയിക്കേണ്ടതാണ് റോഡുകളുടെ കാര്യത്തിൽ നമുക്ക് അഭികാമ്യം സിംഗപ്പൂരിലെ റോഡാണ് മാസ് ട്രാൻസ്പോർട് സിസ്റ്റം നമുക്ക് പരീക്ഷിച്ചു നോക്കേണ്ടതാണ് തൃശൂർ മുതൽ കോട്ടയം വരെ വ്യാപിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കണം കഴിയുന്നതും വീടുകളിൽ തന്നെ വെസ്റ്റ് മാനേജ്മന്റ് നടത്തണം കുടിവെള്ളം മറ്റു കാര്യങ്ങൾക്കുപയോഗിക്കാതെ മഴവെള്ളം സംഭരിച്ചു അത്തരം കാര്യങ്ങൾക്കു ഉപയോഗിക്കേണ്ടതാണ്. 4000 കോടി രൂപയുടെ സീവേജ് പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം കനാൽ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കണം ഓരോ ഡിവിഷനിലെ ഒരു ഓപ്പൺ സ്പേസ് എങ്കിലും ഉണ്ടായിരിക്കേണ്ടതാണ് ആരും വിശന്നിരിക്കാൻ പാടില്ല എന്ന ആശയത്തോടെ എല്ലാവർക്കും ഭക്ഷണം ലഭ്യമാകുന്ന പദ്ധതി എത്രയും വേഗം നടപ്പിലാക്കണം ആരോഗ്യ സംരക്ഷണ മേഖലയിൽ സർക്കാർ ഉടമയിലുള്ള ആശുപത്രികൾ കൂടുതൽ ഉണ്ടാകേണ്ടതാണ് നമ്മുടെ പൈതൃകം നിലനിർത്തേണ്ടതാണ് വിദേശികൾ ധാരാളം വരുന്ന ഫോർട്ടുകൊച്ചിയിൽ അവർക്കുവേണ്ട സൗകര്യങ്ങൾ സജ്ജമാക്കേണ്ടതാണ് ഗതാഗതം സുഗമമായാൽ മെട്രോ, വാട്ടർ മെട്രോ സ്റ്റേഷനുകളിൽ നിന്നും ബസ് കണറ്റിവിറ്റി ഉണ്ടാകേണ്ടതാണ്.

**ടോണി ചമ്മിണി**

നഗരവികസനത്തിനു മറ്റു രാജ്യങ്ങളിലുള്ളതുപോലെ അടിസ്ഥാനസൗകര്യവികസനം ആണ് ആവശ്യം ആയതിലേക്ക് ഗതാഗത വികസനം മറ്റു എല്ലാ വികസനങ്ങൾക്കും വഴിയൊരുക്കുന്നതാണ്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ചു നാം പുറകിലാണ് പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ് ചുരുങ്ങിയത് മൊബിലിറ്റി ഹബ് എങ്കിലും വേണമെന്നാണ് പഠനങ്ങൾ കണ്ടെത്തിയിട്ടുള്ളത് . അങ്ങനെയാകുമ്പോൾ എല്ലാ മേഖലകളിലും പുരോഗതിക്കു അവസരമുണ്ടാകും ഹൈകോർട്ടിന് പുറകുവശത്തുള്ള 17 ഏക്കർ സ്ഥലത്തു ഒരു റീജയണൽ മൊബിലിറ്റിഹബ് വരുകയാണെങ്കിൽ അത് പൊതു ഗതാഗത സൗകര്യം സാധ്യത വർധിപ്പിക്കും

**ശ്രീവല്ലഭൻ നായർ**

കൊച്ചിയിലെ ഇന്നത്തെ ഏറ്റവും വലിയ ദുരിതം വെള്ളക്കെട്ടാണ് 50 വർഷം മുൻപ് ഇങ്ങനെ വെള്ളക്കെട്ടുണ്ടാമായിരുന്നില്ല. കാരണം അന്ന് വെള്ളം നഗരത്തിലുള്ള പേരണ്ടൂർകനാൽ, മുല്ലശ്ശേരിക്കനാൽ പൊന്നേത്ത് തോട് തുടങ്ങി ഈ കനാലുകളിലേയ്ക്ക് ഒഴുകി പോകുമായിരുന്നു. എന്നാൽ ഇന്ന് ഇവയുടെയെല്ലാം കൈയേറ്റം കാരണം ജലത്തിന്റെ സുഗമമായ ഒഴുക്ക് തടസ്സപ്പെട്ടിരുന്നു ഈ കൈയേറ്റങ്ങൾ ഒഴിപ്പിച്ചാൽ ഇവിടുത്തെ വെള്ളക്കെട്ടിന് പരിഹാരമാകും കൊതുകു നിവാരണം കൊച്ചിക്കു മോസ്കിറ്റോസിറ്റി എന്ന ഒരു പേരുപോലും ലഭിച്ചിട്ടുണ്ട് കൊതുകുകളുടെ

വളർച്ച കുടുതലും ഉണ്ടാകുന്നത് സെപ്റ്റിക് ടാങ്കുകളിലാണ് ഇവ ഒഴിവാക്കി സീവേജ് സിസ്റ്റം നടപ്പിലാക്കിയാൽ കൊതുകുശല്യത്തിന് പരിഹാരമുണ്ടാക്കുവാൻ കഴിയും കുന്നും കുഴിയുമായി കിടക്കുന്ന തിരുവനന്തപുരത്ത് ഈ സിസ്റ്റം നടപ്പാക്കാൻ കഴിഞ്ഞെങ്കിൽ സമനിരപ്പായ കൊച്ചിയിൽ സീവേജ് സിസ്റ്റം തീർച്ചയായും ഏറെ വേഗത്തിൽ നടപ്പിൽ വരുത്താൻ കഴിയും ഗതാഗത വികസനം റോഡുകളുടെ ശോചനീയാവസ്ഥയിൽ മാറ്റം വരുത്താൻ ഫ്‌ളൈയ് ഓവറുകൾ അണ്ടർഗ്രൗണ്ട് പസ്സേജുകൾ എന്നിവ നിർമ്മിക്കുക അത്യാവശ്യമാണ് വാഹനങ്ങൾ വാങ്ങുന്നവർ അഡ്വാൻസ് ടാക്സ് അടച്ചിട്ടാണ് അവ നിരത്തിലിറക്കുന്നത് അവരുടെ യാത്ര സുരക്ഷിതവും സുഗമവുമാക്കുക എന്നത് സർക്കാരിന്റെ ബാധ്യതയാണ് ബസ് യാത്രകളാകട്ടെ വളരെ ദുരിതപൂർണ്ണമാണ്് ബസുകൾ വഴി തിരിച്ചു വിടുന്നതുകൊണ്ടു കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരികയും തൻമൂലം യാത്രക്കാർക്കു സമയ നഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നു. ഇതു പരിഹരിക്കപ്പെട ണം. സിറ്റിഗ്യാസ് പദ്ധതി പൈപ്പ് വഴിയുള്ള ഗ്യാസ് വിതരണം വളരെ മുൻപേ നടത്തേണ്ടിയിരുന്നു. പൈപ്പ് ഗ്യാസിന്റെ കോളിറ്റി സിലിണ്ടർ ഗ്യാസിനെക്കാളും മെച്ചപ്പെട്ടതാണ്. കൊച്ചിയിൽ നല്ല സാംസ്കാരിക കേന്ദ്രങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല വിദേശ സഞ്ചാരികൾ ഇവിടെ വരുമ്പോൾ നമ്മുടെ സാംസ്കാരിക തനിമ കാണിച്ചു കൊടുക്കാൻ ഇത്തരം കേന്ദ്രങ്ങൾ അനിവാര്യമാണ്

മുൻ ഡെപ്യൂട്ടിമേയർ ശ്രീമതി ഭദ്ര കൃതജ്ഞത രേഖപ്പെടുത്തി.

## 25 – 12– 2025, ശതാബ്ദി ആഘോഷ സമാപന സമ്മേളനം

**ശ്രീമതി ആശാ സുരേഷിന്റെ** സോപാന സംഗീതത്തോടെ സമ്മേളനം സമാരംഭിച്ചു. സ്വാഗത പ്രസംഗത്തിൽ കരയോഗം ജനറൽ സെക്രട്ടറി ഈ സ്ഥാപനം 100 വർഷം തികഞ്ഞ ചാരിതാർഥ്യത്തിലാണ് സംസാരിച്ചത് ഇതുവരെ നിലനിർത്തിപോന്ന സംസ്കാരം ഇതുപോലെ തന്നെ മുന്നോട്ടു കൊണ്ടുപോകണം എന്ന് ചൂണ്ടി കാട്ടി സാമൂഹ്യ പ്രവർത്തനങ്ങളും ജീവ കാരുണ്യ പ്രവർത്തനങ്ങളും എല്ലാവരെയും സമന്വയിപ്പിച്ചുകൊണ്ട് നമ്മുടെ പൂർവ്വികർ ചെയ്ത മഹത് കാര്യങ്ങൾ സ്മരിച്ചു. ഈ ധന്യ മുഹൂർത്തത്തിൽ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന മലയാളികളുടെ അഭിമാന ഭാജനങ്ങളായ പ്രതിനിധികളാണ് ഈ സദസ്സ് അലങ്കരിച്ചിരിക്കുന്നത് ശതാബ്ദി ആഘോഷങ്ങളുടെ ആദ്യത്തെ ചടങ്ങു 3–12–2024 ൽ ബഹു. ഗോവ ഗവർണ്ണർ ശ്രീമാൻ ശ്രീധരൻപിള്ള ലോഗോ പ്രകാശനത്തിലൂടെ നിർവഹിച്ചു. തുടർന്ന് നൃത്തോത്സവും, നാടകോത്സവും കഥകളി ഉത്സവം തുടങ്ങി പല കലാപരിപാടികളും മാസത്തിൽ മുന്ന് ദിവസം വെച്ച് നടത്തുകയുണ്ടായി കർക്കിടകമാസത്തിൽ 31 ദിവസവും ആധ്യാത്മിക പ്രവർത്തനങ്ങൾ നടന്നു. 65–ൽ പരം പരിപാടികൾ നടത്തുകയുണ്ടായി 90 ഓളം പ്രാസംഗികർ പങ്കെടുത്തു. കഴിഞ്ഞ ഒരു കൊല്ലം നടന്ന വിവിധ കലാപരിപാടികളിൽ 360 ഓളം കലാകാരന്മാരെ പങ്കെടുപ്പിച്ചു പത്ര ദൃശ്യ മാധ്യമങ്ങൾ പരമാവധി ഈ ചടങ്ങുകൾ പ്രോത്സാഹിപ്പിച്ചു.

**അധ്യക്ഷ പ്രസംഗം**– അഡ്വ. ബാലഗോപാൽ കഴിഞ്ഞ 100 വർഷത്തെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ് ജാതിമതഭേദമന്യേ എല്ലാവരെയും എല്ലായിടത്തും സഹായിക്കുന്നതിൽ കരയോഗം മുൻപന്തിയിലാണ്. സമൂഹത്തിലെ അവശ വിഭാഗത്തെ കണ്ടെത്തി അവരുടെ കണ്ണീരൊപ്പി അവർക്കു ഒരു കൈത്താങ്ങാവുന്നതിൽ കരയോഗം ചെയ്തിട്ടുള്ള സേവനങ്ങൾ വാക്കുകൾക്കതീതമാണ്. മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്ന നേതാക്കളുടെ ദീർഘവീക്ഷണവും ചിന്താഗതിയും വി

സ്മരിക്കാവുന്നതല്ല. പല വെല്ലുവിളികളെയും നേരിട്ട് കൊണ്ട് ഉദ്ദേശ പ്രാപ്തിക്കായി പ്രവർത്തിച്ചതിൽ ചാരിതാർഥ്യമുണ്ട് നവതിയോടനുബന്ധിച്ചു രാധേയം ഗസ്റ്റഹൗസ് ഗുരുവായൂരിൽ ആരംഭിച്ചു ശതാബ്ദിയുടെ ഭാഗമായി ഈ മാസം 12 -ാം തീയതി രധേശ്യാം ഗോപികഭവനം തുടങ്ങി. അതിനോടൊപ്പം തന്നെ അമ്മമാർക്കുവേണ്ടിയുള്ള മാതൃഭവനത്തിന്റെ ശിലാസ്ഥാപനകർമ്മവും നടത്തുകയുണ്ടായി ഇവയൊക്കെ കരയോഗത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ മകുടോദാഹരണങ്ങളാണ് സാമ്പത്തിക സഹായം നൽകി നമ്മുടെ പദ്ധതികളെല്ലാം വിജയിപ്പിക്കാൻ സന്നദ്ധത കാണിച്ച സംഘടനകളായ കൊച്ചിൻ ഷിപ്പ്‌യാർഡ്, കൊച്ചിൻ റിഫൈനറി തുടങ്ങിയ സ്ഥാപനങ്ങളെയും വ്യക്തികളെയും കൃതജ്ഞതയോടെയാണ് ഇത്തരുണത്തിൽ ഞങ്ങൾ സ്മരിക്കുന്നത്.

**സ്വാമി ആനന്ദവനം ഭാരതി മഹാമണ്ഡലേശ്വർ**

**ഉദ്ഘാടന പ്രസംഗം:-**

ഭാഗവതത്തെ പരാമർശിച്ചുകൊണ്ടാണ് സ്വാമിജി ഉദ്ഘാടന പ്രസംഗം ആരംഭിച്ചത്. സുഖമുണ്ടാകാൻ എന്ത് ചെയ്യണം എന്ന ചോദ്യത്തിന് ഭയത്തിൽ നിന്നും അകലുകയാണ് വേണ്ടത് എന്നായിരുന്നു മറുപടി ധൈര്യവും ആത്മവിശ്വാസവുമാണ് നമ്മുടെ സംസ്കാരത്തിന്റെ അടിത്തറ. കരയോഗത്തിന്റെ പ്രവർത്തനങ്ങളുടെ ഊർജ്ജ്വവും ധൈര്യവുമാണ്. കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്കുള്ള വ്യതിയാനം പ്രായമായവരെയും കുട്ടികളെയും ഒരുപോലെ ബാധിച്ചിട്ടുണ്ട്. കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകാൻ മാതാപിതാക്കൾക്ക് സമയമില്ല എന്നാൽ മുത്തശ്ശനും മുത്തശ്ശിയുമില്ലാത്ത ഗ്രഹങ്ങളിൽ ശുന്യതമാത്രം.ആശങ്ക,വിഷാദം തുടങ്ങിയ വലിയ പരാധീനതകളിലേക്കാണ് നയിക്കുന്നത് ഈ സന്ദർഭങ്ങളിലാണ് കരയോഗം പോലുള്ള സാമൂഹ്യ സേവന സംഘടനകളുടെ പ്രസക്തി. ധാർമ്മികമായിട്ടുള്ള ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ആവശ്യമുള്ളവർക്ക് ധൈര്യവും കരുതലും നൽകി വകരയോഗം പ്രവർത്തിച്ചു വരുന്നു.

**ജസ്റ്റീസ് മുഹമ്മദ് മുഷ്താഖ് - മുഖ്യാതിഥി**

ഭയമുണ്ടാകുമ്പോൾ സുഖം നമ്മളിൽ നിന്നും അകന്നു പോകുന്നു എന്ന സത്യം ഓർമ്മിപ്പിച്ചുകൊണ്ട് പ്രസംഗം ആരംഭിച്ചു. നാം നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിൽ ഊറ്റം കൊള്ളുമ്പോൾ കോടതി വ്യവഹാരങ്ങൾ നമ്മെ മാറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു സമ്പൂർണ സാക്ഷരതയുടെ നാട് എന്ന് നാം കൊട്ടിഘോഷിക്കുമ്പോൾ സാംസ്കാരികമായി കേരളം പിന്നോക്കം പോകുന്നു. കുടുംബകോടതികളിലെ കേസുകളും പോക്സോ കേസുകളും കേരളത്തിന്റെ സാമൂഹിക നിലവാരത്തിൽ ആശങ്ക ഉളവാക്കുന്നു. ഓരോ വ്യക്തിയും അവനവനിൽ ഒതുങ്ങി പോകുന്നു എന്നതാണ് യാഥാർഥ്യം. കൂട്ടുകുടുംബ വ്യവസ്ഥയുണ്ടായിരുന്ന കാലം മറന്നു നമ്മുടെ മൂല്യങ്ങൾ ചോർന്നു പോകുന്നു ഇന്ന് പാശ്ചാത്യ സംസ്കാരത്തിന്റെ നിഴൽ നമ്മുടെ സംസ്കാരത്തിന്റെ മേന്മയെ നഷ്ട്ടപ്പെടുത്തുന്നു. സമൂഹത്തിൽ ഒരു വ്യക്തിക്കും നഷ്ടബോധം ഇല്ല എന്നത് കാരണം ഭാവിയിൽ നമുക്ക് ഈ നഷ്ടങ്ങൾ നികത്താൻ കഴിഞ്ഞെന്നു വരില്ല. എന്നാൽ മറ്റു രാഷ്ട്രങ്ങൾ അവർക്കു നഷ്ട്ടപ്പെട്ടത് വീണ്ടെടുക്കാനുള്ള പരിശ്രമങ്ങൾ തുടങ്ങി കഴിഞ്ഞു. സാമുഹ്യമേഖലയിൽ മാത്രമല്ല ആരോഗ്യമേഖലയിലും തകർച്ച സംഭവിച്ചു എന്ന് നാം ബോധവാന്മാരാകണം. ആരോഗ്യതകർച്ചയ്ക്ക് പ്രധാനകാരണം സാമൂഹ്യപരമായ ഒത്തുചേരലുകളുടെ അഭാവമാണ്. കൂട്ടായ്മയിലൂടെ മാത്രമേ ഈ നഷ്ടം നികത്തുവാൻ കഴിയു എന്ന തിരിച്ചറിവ് മാത്രമാണ് പരിഹാരം. കരയോഗം എന്ന കൂട്ടായ്മ അതിനു മാതൃകയാവട്ടെ.

**ശ്രീ. പി. രാമചന്ദ്രൻ - കരയോഗം ജനറൽ സെക്രട്ടറി**

ഈ ശതാബ്ദി വേളയിൽ കാലോചിതമായ ചില മാറ്റങ്ങളിലേക്കു നാം കടക്കുകയാണ്. ജനനം മുതൽ മരണം വരെയുള്ള ഏതവസ്ഥയിലും എല്ലാവരെയും ചേർത്തുപിടിച്ചുകൊണ്ടു ജാതിമതഭേതമില്ലാതെ പ്രവർത്തിക്കുന്ന സംഘടനകളിൽ ഒന്നാണ് എറണാകുളം കരയോഗം എന്നതാണ് പ്രസക്തി. 1925-ൽ 11 മഹാരഥന്മാർ സ്ഥാപിച്ച മഹാപ്രസ്ഥാനം ഇന്ന് വളർന്ന് പന്തലിച്ച് ഒരു വടവൃക്ഷമായി തീർന്നിരിക്കുന്നു. ഈ മഹാരഥന്മാർ അന്നുണ്ടായിരുന്ന നായർ സമുദായത്തിനുവേണ്ടി തുടങ്ങിയ പ്രസ്ഥാനത്തിൽ പത്തോ, നൂറോ പേർ മാത്രമേ അംഗങ്ങളായുണ്ടായിരുന്നുള്ളു 1937 -ൽ കിഴക്കേ തോട്ടക്കാട്ട് കുടുംബം ഭാഗം വെച്ച് അതിലെ മുതിർന്ന കാരണവന്മാർ കുറച്ചു സ്ഥലം കരയോഗത്തിന്റെ ആസ്ഥാനമണ്ഡപം പണിയാൻ നൽകി. അതിനു പിന്നാലെ 1937-38 കാലഘട്ടത്തിൽ തോട്ടക്കാട്ട് ദിവാന്മാരുടെ ആവശ്യപ്രകാരം കരയോഗത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള കുറച്ചു സ്ഥലം സർക്കാർ വിട്ടുനൽകി. ടി ഡി എം ഹാൾ എന്ന ആശയം ഉടലെടുക്കുകയും കലാകാരന്മാർക്കും, ഇതിഹാസപുരാണങ്ങൾ കുട്ടികളെ പഠിപ്പിക്കാനും, എല്ലാവർക്കും ഒത്തുചേരാനുമുള്ള ഒരു സ്ഥലമെന്ന രീതിയിൽ ടി ഡി എം ഹാൾ 1939-ൽ ആരംഭിച്ചു ഇതിന്റെ നിയമാവലി പൂർത്തിയാക്കുന്നതിനു മുൻപ് തന്നെ രണ്ടാം ലോകമഹായുദ്ധം പൊട്ടിപുറപ്പെടുകയും ഈ സ്ഥലം 1939 മുതൽ 41 വരെ റിക്രൂട്ടിങ് ഓഫീസായി മാറുകയും, 41-ൽ യുദ്ധം അവസാനിക്കുകയും ഈ സ്ഥലം നമുക്ക് തിരിച്ചു കിട്ടുകയും ചെയ്തു. 1941-ൽ ഉദ്ഘാടനം ചെയ്ത ടി ഡി എം ഹാൾ പൊതുജനങ്ങളുടെ ആവശ്യത്തിനായി തുറന്നു കൊടുത്തു. ഗാനഗന്ധർവ്വൻ യേശുദാസ് , മമ്മുട്ടി, സുജാത, ബിജു നാരായണൻ തുടങ്ങിയ എല്ലാ കലാകാരന്മാരും ഈ വേദി ഉപയോഗിച്ചിരുന്നു. കേരളത്തിന്റെ തനതുകലയായ കഥകളിയുടെ ആശാന്മാരായ കലാമണ്ഡലം കേശവൻ, കലാമണ്ഡലം ഗോപി ഇവരുടെയെല്ലാം വേദിയായിരുന്നു ടി ഡി എം ഹാൾ. 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ രൂപീകരണ ആലോചന യോഗം ടി ഡി എം ഹാളിൽ വെച്ചായിരുന്നു. ഹിന്ദി പ്രചാരസഭയുടെ ആദ്യകാല ആസ്ഥാനം ടി ഡി എം ഹാൾ തന്നെയായിരുന്നു. വളരെ പ്രശസ്തമായിരുന്ന 'മേനോൻ ആൻഡ് കൃഷ്ണൻ' എന്ന സ്ഥാപനം ഇവിടെയാണ് പ്രവർത്തിച്ചിരുന്നത് 2001-ൽ കേവലം 2 ഹാൾ മാത്രം ഉണ്ടായിരുന്നത് ഇന്ന് 12 ഹാളുകളുള്ള ഒരു സമുച്ചയമായി മാറിയിരിക്കുന്നു. 10,11 ദിവസം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളോടുകൂടി നവരാത്രി ആഘോഷിക്കുന്നു. ഇതിഹാസ പുരാണങ്ങളിലെ വിവിധ മത്സരങ്ങൾ ഇവിടെ നടക്കാറുണ്ട്. ഒരു വർഷത്തിൽ 180 ദിവസത്തിൽ കൂടുതൽ കലാപരിപാടികളും പൊതുപരിപാടികളും നടത്തപ്പെടുന്നു. അംഗത്വം ഒഴികെ എല്ലാകാര്യങ്ങളും കരയോഗം ജാതിമതചിന്തകൾക്കതീതമാണ്. മുതിർന്ന പൗരന്മാർക്കായി ഒരു താമസസ്ഥലവും ഒരുക്കിയിട്ടുണ്ട്. 113 വർഷമായി നിലനിൽക്കുന്ന രുദ്രവിലാസം മലയാളം മീഡിയം സ്കൂളും നടത്തുന്നു. ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നിർദ്ധനരായ പെൺകുട്ടികളെ താമസിപ്പിച്ച് പഠിപ്പിച്ച് ജോലിനേടികൊടുക്കുകയും, തുടർന്ന് വിവാഹം നടത്തികൊടുക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ രാധേശ്യാം ഗോപികഭവനം 12-12-2025 -ന് ഉദ്ഘാടനം ചെയ്യുകയുണ്ടായി. അന്നുതന്നെ രാധേശ്യാം മാതൃഭവനത്തിന് തറക്കല്ലിടുകയും ചെയ്തു വിവിധ സോഷ്യൻ മീഡിയകളിലൂടെ സംവേദിക്കാൻ മീഡിയ 25 എന്ന ചാനൽ ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടുകയാണ് .

**ടി. എം. വിനോദ്, എം. എൽ. എ**

ഈ സ്ഥാപനത്തിലെ പൂർവ്വികർ മുതൽ

⇒

ഇന്നുവരെയുള്ള പ്രവർത്തകരുടെ നിസ്വാർത്ഥ സേവനത്തിന്റെ ഫലമാണ് ഇന്ന് നാം കാണുന്ന എറണാകുളം കരയോഗം. ആർക്കും ഏത് പ്രശ്നവും സാധിച്ചുകിട്ടാൻ ഓടിയെത്താൻ പറ്റുന്ന ഒരു സ്ഥാപനമാണ് ഇത്. കരയോഗ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**ശ്രീ. ജെ കെ മേനോൻ – പ്രവാസി വ്യവസായി**

കർമ്മങ്ങൾ ഭംഗിയായി ചെയ്യുകയും അതിന്റെ ഫലങ്ങളെക്കുറിച്ചു ചിന്തിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് കരയോഗത്തെ മറ്റു സ്ഥാപനങ്ങളിൽ നിന്നും വത്യസ്ഥമാക്കുന്നത് ദൈവാനുഗ്രഹമുണ്ടെങ്കിൽ മാത്രമേ നമുക്ക് സമയമോ സമ്പത്തോ ഫലപ്രദമായി ഉപയോഗിക്കാനാകു. വരും തലമുറകൾക്ക് നൽകാനുള്ള സന്ദേശമിതാണ് 'എത്ര ഉയരത്തിൽ പറക്കാം എന്നതല്ല, എത്ര കൈകളെ നമുക്ക് ഉയർത്തികൊണ്ടുവരുവാൻ സാധിക്കും' എന്നാണ് നാം ചിന്തിക്കേണ്ടത്

**ശ്രീമതി മിനിമോൾ–നിയുക്ത കൊച്ചിമേയർ**

ഭാവി പരിപാടികളിലും പ്രവർത്തനങ്ങളിലും കരയോഗത്തിന്റെ പിന്തുണ അഭ്യർത്ഥിച്ചു. ഈ സ്ഥാപനത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ എല്ലാ ആശംസകളും അർപ്പിച്ചു

**ശ്രീ. ദീപക് ജോയ് – നിയുക്ത കൊച്ചി ഡെപ്യൂട്ടി മേയർ**

ടി ഡി എം ഹാളും എറണാകുളം കരയോഗവും എറണാകുളത്തിന്റെ ഒരു ഐക്കൺ ആയി നിലനിൽക്കുന്നു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സാമൂഹിക സാംസ്കാരിക മേഖലകളിൽ ഇനിയും ഏറെ സംഭാവനകൾ നൽകാൻ കരയോഗത്തിനു കഴിയട്ടെ ഇന്ന് ആശംസിച്ചു.

**ശ്രീ. കൃഷ്ണകുമാർ – വാർഡ് കൗൺസിലർ**

മത നിരപേക്ഷിത മതേതരത്വം എന്നിവ വാക്കുകളിൽ ഒതുക്കാതെ പ്രവർത്തനത്തിലൂടെ തെളിയിച്ച അതുല്യ പ്രസ്ഥാനമാണ് എറണാകുളം കരയോഗം സമൂഹ നന്മ മാനവികത സ്നേഹം ഇവയെല്ലാം മുഖമുദ്രയായിട്ടുള്ള ഈ സ്ഥാപനത്തിന് ഒരായിരം ആശംസകൾ.

**ഡോ. എസ്. സോമനാഥ് – ISRO മുൻ ചെയർമാൻ**

കല സാഹിത്യം സംഗീതം സാമൂഹിക പ്രവർത്തനം തുടങ്ങിയവയുടെ ഒരു സമ്മേളനമാണ് എറണാകുളം കരയോഗം ഇന്നിവിടെ ആദരിക്കപ്പെട്ട വിശിഷ്ട വ്യക്തിത്വങ്ങൾ അതിന്റെ ഉദാഹരണങ്ങളാണ് കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചു പ്രവർത്തിച്ച സ്ഥാപനമെന്ന നിലയിൽ കരയോഗം മറ്റു സ്ഥാപനങ്ങളിൽ നിന്ന് വേറിട്ട് നിൽക്കുന്നു

**കെ കെ മുഹമ്മദ് – പ്രസിദ്ധ പുരാവസ്തു ഗവേഷകൻ**

ഭാരതത്തിന്റെ മാറിടത്തിൽ പണ്ടുണ്ടായിരുന്ന ഒരു വലിയ മുറിവ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങളിൽ ഭാഗഭക്കു ആകാൻ കഴിഞ്ഞ സന്തോഷത്തോടെയാണ് ഞാൻ ഇവിടെ നിൽക്കുന്നത് അഞ്ഞുറു കൊല്ലത്തെ തർക്കങ്ങൾക്ക് ശേഷം അയോധ്യയിൽ ശ്രീരാമ ക്ഷേത്രം പൂർത്തീകരിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട് ചമ്പൽ കാടുകളിലെ കൊള്ളക്കാരുടെ സഹായത്തോടെ ആ പ്രദേശത്തെ 90 ഓളം ക്ഷേത്രങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞതിൽ ചാരിതാർഥ്യമുണ്ട്

**പത്മശ്രീ പെരുവനം കുട്ടൻമാരാർ**

ശതാബ്ദിയോടനുബന്ധിച്ചു ശതീകം എന്ന പുരസ്കാരം നൽകാൻ തിരഞ്ഞെടുത്ത ദശപുഷ്പങ്ങളിൽ ഒരു ചെറുപുഷ്പമാകാൻ സാധിച്ചതിൽ സന്തോഷിക്കുന്നു ഇതിനെ ഒരു പ്രസാദമായി സ്വീകരിക്കുന്നു.

**നെടുമങ്ങാട് ശിവാനന്ദൻ**

70 വർഷം വയലിൻ വായനക്ക് അവസരം തന്ന കരയോഗത്തിന് നന്ദി 70 വർഷം മുൻപത്തേയും ഇപ്പോഴുത്തെയും കരയോഗത്തിന്റെ അവസ്ഥ നോക്കിയാൽ അതിന്റെ വളർച്ച മനസ്സിലാകും. എല്ലാ ആശംസകളും അർപ്പിക്കുന്നു.

**ടി. എസ്. രാധാകൃഷ്ണൻ**

60 വർഷമായി കരയോഗവുമായി ചേർന്ന് പ്രവർത്തിക്കുന്നു  നവരാത്രി ആഘോഷവേളയിലെ മത്സരങ്ങളിൽ ഏറ്റവും കൂടുതൽ സമ്മാനങ്ങൾ വാരിക്കൂട്ടിയ ഒരു വ്യക്തിയാണ് ഞാൻ. ശതീകം പുരസ്കാരത്തെ ദേവപ്രസാദമായി സീകരിക്കുന്നു  പുരസ്കാരത്തിന് പുറമെ ക്യാഷ് അവാർഡും നൽകി ആദരിച്ചതിനുള്ള കൃതജ്ഞതയും അദ്ദേഹം രേഖപ്പെടുത്തി.

**സിഎ . വേണുഗോപാൽ സി ഗോവിന്ദ്**

ശതീകം പുരസ്കാരം നേടിയ വിശിഷ്ട വ്യക്തികൾക്കും, കരയോഗം സാരഥികൾക്കും, അംഗങ്ങൾക്കും അദ്ദേഹം ആശംസകൾ അർപ്പിച്ചു. വേദിയിലും സദസ്സിലും സന്നിഹിതരായ എല്ലാവർക്കും അദ്ദേഹം  കൃതജ്ഞത രേഖപ്പെടുത്തി.



**ഓം നമഃ ശിവായ**

# എറണാകുളം ശിവക്ഷേത്രം

# ഉത്സവം - 2026

**കൊടിയേറ്റ്**
**23 . 01 . 2026**
**വെള്ളി**

**ആറാട്ട്**
**30 . 01 . 2026**
**വെള്ളി**

2026 ജനുവരി  **23 മുതൽ 30 വരെ (1201 മകരം 09 മുതൽ 16 വരെ)**

**23-01-2026 വെള്ളി**

രാത്രി 7നും 8നും മദ്ധ്യേ **തൃക്കൊടിയേറ്റ്**
കൂട്ടവെടി വഴിപാട്, കാണിക്ക സമർപ്പണം, കൊടിക്കൽ പറ,
നടയ്ക്കൽ സോപാനസംഗീതം

---

**28-01-2026 ബുധൻ**

ചെറിയ വിളക്ക്, ഉത്സവ ബലി
രാവിലെ ക്ഷേത്ര നാലമ്പലത്തിൽ ഉത്സവകൂത്ത്- അവതരണം മാർഗ്ഗി മധു ചാക്യാർ
രാവിലെ 9ന് ഉച്ചപൂജ, ഉച്ചശിവേലി, കൂട്ടവെടി വഴിപാട്
രാവിലെ 10ന് പാണികൊട്ടൽ, 10.30ന് ഉത്സവബലി ആരംഭം
11 മണിക്ക് ഭക്തജനങ്ങൾക്ക് ഉത്സവബലി ദർശനം

---

**29-01-2026 വ്യാഴം**

പകൽപ്പൂരം, വലിയ വിളക്ക്
**സ്വർണ്ണക്കുടത്തിൽ കാണിക്കയിടൽ** - എറണാകുളത്തപ്പന്റെ സ്വർണ്ണക്കുടത്തിൽ
ഭക്തജനങ്ങൾ കാണിക്ക അർപ്പിക്കുന്നത് ആയുരാരോഗ്യ സൗഖ്യവും,
സമ്പദ്സമൃദ്ധിയും പ്രധാനം ചെയ്യുമെന്ന് വിശ്വാസം
**വലിയവിളക്ക്, പള്ളിവേട്ട**

---

**30-01-2026 ഞായർ**

**ആറാട്ട്**
രാവിലെ 6ന് പള്ളി ഉണർത്തൽ , രാവിലെ 9ന് ശിവേലി മേളം

# ശതാബ്ദി ഒരു അവലോകനം

ശുഭ വിജയകുമാർ - 9446357315

എറണാകുളം കരയോഗത്തിന്റെ ശതാബ്ദി ആഘോഷത്തിന് തുടക്കം കുറിച്ചത് 2024 മാർച്ച് 31 തീയതി ഗോവ ഗവർണർ ശ്രീ പി. എസ്.ശ്രീധരൻ പിള്ള ശതാബ്ദിയുടെ ലോഗോ പ്രകാശനം ചെയ്തുകൊണ്ടായിരുന്നു. വർണ്ണാഭമായ ആ ചടങ്ങ് 2025 എന്ന ശതാബ്ദി വർഷത്തെ ആഘോഷങ്ങൾക്കുള്ള ഊർജ്ജം നൽകുന്ന വിധത്തിലുള്ളതും ആയിരുന്നു.

2025 ഏപ്രിൽ നാലാം തീയതി ബംഗാൾ ഗവർണർ ഡോ. ആനന്ദ് ബോസ് ആണ് ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം നടത്തി. മലയാള സാഹിത്യത്തിലെ പരമോന്നത ബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം നേടിയവരെ ആദരിച്ചു കൊണ്ടാണ് ആ ചടങ്ങ് ആരംഭിച്ചത്. യശ്ശ:ശരീരനായ ശ്രീ പ്രൊഫസർ എം കെ സാനുമാഷ്, ഡോക്ടർ എം ലീലാവതി, ശ്രീ.സി രാധാകൃഷ്ണൻ, ശ്രീ സേതു, ഡോക്ടർ എസ് കെ വസന്തൻ, ശ്രീ എൻ എസ് മാധവൻ എന്നിവരെ ആദരിച്ചുകൊണ്ട് ബംഗാൾ ഗവർണർ ഡോക്ടർ ആനന്ദ് ബോസ് ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. മലയാളത്തിലെ പ്രഗൽഭരായ എഴുത്തുകാരെ കൊണ്ട് നിറഞ്ഞ ആ സദസ്സ് ഒരു അനുഭൂതിയായിരുന്നു. അവരുടെ നല്ല വാക്കുകളും, അനുഭവങ്ങളും എല്ലാം അവർ പങ്കുവെച്ചു. അതെല്ലാം ഒരു കാലഘട്ടത്തിന്റെ ചിത്രമായിരുന്നു.

അടുത്തദിവസം ഏപ്രിൽ അഞ്ചിന് ഉച്ചയ്ക്ക് ശേഷം വനിതാ സാഹിത്യ സംഗമത്തിൽ പ്രശസ്ത എഴുത്തുകാരികളായ ശ്രീകുമാരി രാമചന്ദ്രൻ, തനൂജ ഭട്ടതിരി, വി എം ഗിരിജ, പ്രൊഫസർ ഡോക്ടർ വിമല മേനോൻ എന്നിവർ അവരുടെ ആദ്യകാല അനുഭവങ്ങളെ കുറിച്ച് സംസാരിച്ചു. പണ്ടുകാലത്ത് വനിതാ സാഹിത്യകാരികൾ കുറവായിരുന്നു. ശ്രീ ലളിതാംബിക അന്തർജ്ജനം തുടങ്ങിയവരാണ് സ്ത്രീകളെ എഴുത്തിലേക്ക് കൊണ്ടുവന്നത് ശ്രീ ലളിതാംബിക അന്തർജ്ജനത്തിന്റെ പൗത്രിയായ തനൂജ ഭട്ടതിരിപ്പാട് അഭിപ്രായപ്പെട്ടത് ഏറെ ബുദ്ധിമുട്ടുകൾ തരണം ചെയ്താണ് ഒരു കൃതി ഉദയം കൊള്ളുന്നത്.

അവർ സാഹിത്യത്തിൽ വനിതകളുടെ സംഭാവന എന്താണ് എന്ന് കൂടി വളരെ ആഴത്തിൽ ചിന്തിച്ചുകൊണ്ട് സംസാരിച്ചിരുന്നു നമുക്ക് ചിന്തിക്കാനും മുന്നോട്ടു നീങ്ങാനും ഒരു എഴുത്തുകാരിയായിതീരാൻ ആഗ്രഹം ഉള്ളവർക്ക് പ്രചോദനവും നൽകുന്നതായിരുന്നു.

മെയ് മാസത്തിൽ നാടകോത്സവമാണ് ഉണ്ടായിരുന്നത്. ആദ്യത്തെ ദിവസം വിശ്വവിഖ്യാത കഥാകൃത്തായ വൈക്കം മുഹമ്മദ് ബഷീറിന്റെ ചില സുപ്രസിദ്ധ കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും ഉൾപ്പെടുത്തികൊണ്ടുള്ള നാടകം ആയിരുന്നു. അദ്ദേഹം പണ്ടുകാലത്ത് എറണാകുളത്ത് താമസിച്ചിരുന്ന കാലത്ത് പലപ്പോഴായി നേരിൽ കണ്ടിട്ടുള്ളതും ഇടപഴകിയിട്ടുള്ളതുമായ ആൾക്കാരെയാണ് കഥാപാത്രങ്ങളായി ചിത്രീകരിച്ചിരുന്നത്. ഒരുപാട് പഴയ ഓർമ്മകൾ മുന്നിലെത്തിച്ചു കൊണ്ടുള്ളതായിരുന്നു ആ നാടകം. അവതരണം നാടകവീട് അന്തിക്കാട്. നല്ല രസകരമായ കഥാപാത്രങ്ങളും, അവരുടെ പ്രത്യേക രീതിയിലുള്ള സംഭാഷണങ്ങളും കൊണ്ട് എല്ലാ പ്രേക്ഷകരെയും പിടിച്ചിരുത്തി.

അടുത്ത ദിവസം നോബൽ സമ്മാനാർഹ നായ ശ്രീ രവീന്ദ്രനാഥ് ടാഗോറിന്റെ ക്രസെന്റ് മൂൺ എന്ന കവിതയിൽ നിന്ന് എടുത്തിട്ടുള്ള ഭാഗം ആണ് നാടകമായി ആവിഷ്കരിച്ചത്. കുട്ടികളാണ് നാടകം ചെയ്തത്. നാടകം കാണുന്ന ആൾക്കാരെ അവരുടെ കുട്ടിക്കാലത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്നതായിരുന്നു ആ നാടകം. കുട്ടികളാണ് നാടകം ചെയ്തത് എന്ന് നമുക്ക് വിശ്വസിക്കാൻ പ്രയാസം തോന്നും വിധത്തിൽ ഭംഗിയായി അവതരിപ്പിച്ചു . ലിറ്റിൽഎർത്ത് സ്കൂൾ ഓഫ് തീയറ്റർ, മലപ്പുറം ആണ് ആ നാടകം അവതരിപ്പിച്ചത്.മൂന്നാം ദിവസം ഭാസഭേരി തൃപ്പൂണിത്തുറ അവതരിപ്പിച്ച മാറാട്ടം എന്ന നാടകമായിരുന്നു. ആവിഷ്കാര മികവിലും അവതരണത്തിലും വ്യത്യസ്തത പുലർത്തിയ ഈ നാടകം ആട്ട കഥാകൃത്തായ ഉണ്ണായിവാര്യരുടെകഥ കഥകളി പശ്ചാത്തലത്തിൽ അവതരിപ്പിക്കുകയായിരുന്നു അതുകൂടാതെ കഥകളി വേഷങ്ങളും എല്ലാം ഉൾപ്പെട്ടിട്ടുള്ള ഈ നാടകം എല്ലാം കൊണ്ടും പ്രേക്ഷക മനസ്സിനെ അത്ഭുതത്തിലാഴ്ത്തുന്നതായിരുന്നു. ജൂൺ മാസത്തിൽ ആവട്ടെ കഥകളി ഉത്സവം ആയിരുന്ന.ു കേളി കുടാതെയുള്ള കഥകളിയുടെ എല്ലാ ചടങ്ങുകളും അവതരിപ്പിച്ചിരുന്നു തോടയം, പുറപ്പാട്, മേളപ്പദം എന്നിവയെല്ലാം അവതരിപ്പിച്ചു. തോടയം എറണാകുളത്ത് ആദ്യമായിട്ടാണ് അവതരിപ്പിച്ചത്. അത് ഒരു പ്രാർത്ഥനയാണ് നമ്മൾ ചെയ്യാൻ പോകുന്ന കളി നന്നായി വരട്ടെ എന്ന് ദേവതയോട് പ്രാർത്ഥിക്കുന്ന ഭാഗമാണ്. തിരശ്ശീലയ്ക്ക് പുറകിലാണ് ചെയ്യുന്നത്. ആർ എൽ വി കോളേജിലെ കുട്ടികളാണ് അവതരിപ്പിച്ചത്. അതിനുശേഷം പുറപ്പാട് ഉണ്ടായിരുന്നു കലാ മണ്ഡലത്തിലെ പ്രശസ്ത കലാകാരന്മാർ അവതരിപ്പിച്ച മേളപ്പദമായിരുന്നു. കഥകളി രാജീവൻ നമ്പൂതിരിയും, കൂട്ടരും വളരെ ഭംഗിയായി ആ കഥകളെ അവതരിപ്പിച്ചു. അടുത്ത ദിവസം നളചരിതം ഒന്നാം ദിവസം കളിയായിരുന്നു. വർണശബളമായ ഒരു കഥകളിയായിരുന്നു ഒന്നാം ദിവസം. മൂന്നാമത്തെ ദിവസം സദനം ഭാസിയും കലാമണ്ഡലം വൈശാഖ് രാജശേഖരനും ചേർന്ന് കല്യാണസൗഗന്ധികം കഥകളിയാണ് അവതരിപ്പിച്ചത്. അതിഗംഭീരമായ ആ കഥകളിയും കൂടി കണ്ടു കഴിഞ്ഞപ്പോൾ കഥകളി ഉത്സവം പൂർണ്ണമായി.

ജൂലൈ 17 മുതൽ കർക്കടകമാസം മുഴുവൻ ആദ്ധ്യാത്മിക കാര്യങ്ങൾ ആയിരുന്നു. ആദ്യത്തെ ദിവസം സമ്പൂർണ്ണ രാമായണ പാരായണം അടുത്ത ദിവസം മുതൽ 10 ദിവസം ഗരുഡപുരാണം ആചാര്യൻ ശരത്ത് ഹരിദാസ് ആണ് അവതരിപ്പിച്ചത്. 18 മഹാപുരാണങ്ങളിൽ ഒന്നായ ഗരുഡപുരാണം, ഭഗവാൻ വിഷ്ണു, തന്റെ വാഹനമായ ഗരുഡന് പറഞ്ഞു കൊടുത്തതാണ്. ധർമ്മം, കർമ്മം, മരണാനന്തര ജീവിതം, യമലോകത്തിന്റെ വിവരണം എന്നതെല്ലാം ഇതിലെ പ്രധാന വിഷയങ്ങളാണ് മരണശേഷം ആത്മാവ് അനുഭവിക്കുന്ന യാത്ര, പുണ്യപാപങ്ങളുടെ ഫലങ്ങൾ, ശ്രാദ്ധക്രിയകൾ, ജ്യോതിഷം, ആയുർവേദം, എന്നിവയും ഇതിൽ വിശദമായി പറയുന്നുണ്ട് ജീവിതത്തിൽ ധർമ്മത്തിന്റ പ്രാധാന്യവും, വിഷ്ണുഭക്തിയിലൂടെ മോക്ഷം നേടാനുള്ള വഴിയും ഇത് നമ്മെ പഠിപ്പിക്കുന്നു. എല്ലാം കൃഷ്ണാർപ്പണം, വിഷ്ണുവിൽ അർപ്പിച്ചുകൊണ്ട് ചെയ്താൽ, അത് ശുഭം. മരിച്ചവരുടെ ആത്മാവിന് ശ്രാദ്ധകർമ്മങ്ങൾ എത്ര അത്യാവശ്യമാണെന്നും ആത്മശാന്തിക്കായി അത് നിർബന്ധമായും വേണം എന്ന് ഓർമിപ്പിച്ചു. അതിനുശേഷം അടുത്ത 9 ദിവസം ദേവീ ഭാഗവതം ആയിരുന്നു. മഹാമായയായ ശക്തിയുടെ കഥ

കൾ ആയിരുന്നു. ശ്രീകണ്ഠേശ്വരം സോമവാര്യർ ഭക്തിനിർഭരമായ വാക്കുകളിലൂടെ അമ്മയുടെ കഥകൾ വിവരിച്ചു. ശക്തിയില്ലെങ്കിൽ ശിവനില്ല.

അടുത്ത 11 ദിവസം ശിവപുരാണ പാരായണവും ആയിരുന്നു. ആചാര്യൻ വിമൽ വിജയ് ആണ് ശിവപുരാണം പാരായണം ചെയ്തത്. അദ്ദേഹം ശാസ്ത്രവുമായി ബന്ധപ്പെടുത്തി ഒരുപാട് കഥകൾ നമ്മൾക്ക് ഇന്നത്തെ തലമുറയ്ക്ക് മനസ്സിലാക്കാവുന്ന രീതിയിൽ പുരാണത്തിലെ പല സന്ദർഭങ്ങളും അദ്ദേഹം വിവരിച്ചു. ഇന്നത്തെ കുട്ടികൾ കാര്യകാരണസഹിതം വിവരിച്ചു കൊടുത്താൽ, അല്ലെങ്കിൽ ശാസ്ത്രവുമായി ബന്ധപ്പെടുത്തി കൊടുത്താലാണ് പല കാര്യങ്ങളും വിശ്വസിക്കുക .

സെപ്റ്റംബർ നവരാത്രികാലമായിരുന്നു. ആദ്യത്തെ മൂന്നുദിവസം നൃത്തവുത്സവം ആയിരുന്നു ആദ്യത്തെ ദിവസം കല്യാണം കുച്ചുപ്പുടി ശൈലിയിൽ കുച്ചുപ്പുടി ആട്ട അക്കാദമി ചെന്നൈയാണ് അവതരിപ്പിച്ചത് . കല്യാണം രണ്ടാം ദിവസം ആന്ധ്രയിൽ നിന്ന് വന്ന ഒരു കുച്ചുപ്പുടി സംഘം അവതരിപ്പിച്ച കഥയായിരുന്നു. മൂന്നാം ദിവസം ഭരതനാട്യം ആയിരുന്നു ഡോക്ടർ ശ്രീലത വിനോദ് ആണ് അവതരിപ്പിച്ചത്. മൂന്നുദിവസം സംഗീതോത്സവം ആയിരുന്നു. ആദ്യത്തെ ദിവസം ശ്രീ പ്രണവം ശങ്കരൻ നമ്പൂതിരിയുടെ സംഗീത കച്ചേരി ആയിരുന്നു . രണ്ടാം ദിവസം വൈക്കം വിജയലക്ഷ്മിയുടെ സംഗീത കച്ചേരി ആയിരുന്നു. വീണ, വേണു, വയലിൻ പ്രൊഫസർ സൗന്ദർ രാജൻ ഡോക്ടർ പി പത്മേഷ് പരശുറാം, ശ്രീ ആറ്റുകാൽ ബാലസുബ്രഹ്മണ്യൻ എന്നിവർ നയിച്ച ശ്രുതിലയമായിരുന്നു. കാസർഗോഡ് ഭാഗത്തുള്ള പഞ്ചുരുളി എന്ന തെയ്യം. പ്രിയേഷ് പണിക്കരും സംഘവും അവതരിപ്പിച്ചു. മധ്യ കേരളത്തിൽ കാണാത്തതായിട്ടുള്ള വടക്കൻ കേരളത്തിലെ അനുഷ്ഠാനങ്ങളിൽ ഏറ്റവും പ്രാചീനമായ തെയ്യം ആണ് പഞ്ചുരുളി തെയ്യം. വരാഹീ സങ്കൽപത്തിൽ ഉള്ള തെയ്യമാണ് പഞ്ചുരുളി. ശുംഭാസുരനെയും, നിശുംഭാസുരനെയും നിഗ്രഹിക്കാൻ ദേവി അവതാരം എടുത്തപ്പോൾ സഹായത്തിനായി മഹേശ്വരന്റെ ഹോമകുണ്ഡത്തിൽ നിന്നുയർന്നു വന്ന ഏഴു ദേവിമാരിൽ പ്രധാനിയാണ് വരാഹി. ശാന്തതയും രൗദ്രഭാവവും ഒരേപോലെ പ്രകടിപ്പിക്കുന്ന മൂർത്തിയാണ് പഞ്ചുരുളി തെയ്യം .

ശിവവിഷ്ണു സങ്കല്പങ്ങൾ ഒരുമിച്ച് ആൾക്കാരെ അനുഗ്രഹിക്കാനായി എത്തിയിരുന്നു. അനുഗ്രഹം വാങ്ങി സംശയങ്ങൾ ചോദിച്ച്, ചെയ്യേണ്ട പരിഹാരങ്ങളെല്ലാം മനസ്സിലാക്കി.

നവംബർ മാസത്തിൽ നാടൻ കലോത്സവം നടത്തിയിരുന്നു. ആദ്യത്തെ ദിവസം തുടങ്ങിയത് ഓട്ടൻതുള്ളലിലാണ് നെല്ലുവായി പ്രദീപ് നമ്പീശനാണ് ഓട്ടൻതുള്ളൽ അവതരിപ്പിച്ചത് തുടർന്ന് മണ്ണാൻ കൂത്ത് എന്ന് പറയുന്ന ഒരു ട്രൈബൽ ഡാൻസ് അവതരിപ്പിച്ചു. വയനാട് തേക്കടി അട്ടപ്പാടി തുടങ്ങിയ ഗോത്ര മേഖലയിൽ നിന്നുള്ള കലാകാരന്മാരാണ് അവതരിപ്പിച്ചത്. ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു വ്യത്യസ്തമായ അനുഭവമായിരുന്നു ആ നാടൻ കലാരൂപം രണ്ടാമത്തെ ദിവസം നാടൻ പാട്ടുകൾ പാലക്കാട് ജനാർദ്ദനൻ പുതുശ്ശേരി ആണ് അവതരിപ്പിച്ചത്. അദ്ദേഹം പലതരത്തിലുള്ള നാടൻ ഉപകരണങ്ങൾ പരിചയപ്പെടുത്തി. മൂന്നാം ദിവസം ആദ്യം കുറത്തിയാട്ടമായിരുന്നു. അത് അവതരിപ്പിച്ചത് സൗഗന്ധികം നാട്യ കളരി ആറാട്ടുപുഴയായിരുന്നു. ക്ഷേത്രകലയായ കുറത്തിയാട്ടം. ശാന്തി പ്രിയ അവതരിപ്പിച്ച ബാവുൾ സംഗീതമായിരുന്നു അടുത്തയിനം . കേരളത്തിലെ ഏക ബാവുൾ ഗായികയാണ് വയനാട് സ്വദേശിനിയായ ശാന്തി പ്രിയ ഇത് ബംഗാളി നാ

ടോടി സംഗീതം ആണ്. ബംഗാളിലെ കവിതകളാണ് പ്രധാനമായും ബാവുൾ പാടിവരുന്നത്.

ഡിസംബർ 19-ാം തീയതി ശതാബ്ദി ആഘോഷത്തിന്റെ കലാശക്കൊട്ടുകൾ തുടങ്ങി. ലോഗോ പ്രകാശനത്തിനോടൊപ്പം തന്നെ രണ്ട് സ്വപ്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. നിർധനരായ രക്ഷിതാക്കളുടെ പെൺകുട്ടികളെ കൊണ്ടുവന്ന് താമസിപ്പിച്ച് പഠിപ്പിച്ച് അവർക്ക് ജോലിയോ വിവാഹമോ ചെയ്തു കൊടുക്കുന്ന ഒരു സംരംഭം. അവർക്ക് താമസിക്കാനുള്ള വീട് രാധേശ്യാം ഗോപിക ഭവനം എന്ന പേരിൽ ഡിസംബർ 12-ാം തീയതി തൃക്കടക്കാപ്പിള്ളി എന്ന സ്ഥലത്ത് (ചെറായി) ഉദ്ഘാടനം ചെയ്തു

അടുത്ത പദ്ധതിയായ മാതൃഭവനത്തിനുള്ള തറക്കല്ലിടലും ഡിസംബർ 12 ന് തന്നെ നടന്നു. കൊച്ചി കപ്പൽ ശാലയും ബിപിസിഎലും സഹകരിച്ചാണ് അത് പൂർത്തീയാക്കുന്നത്.

ഡിസംബർ 19-ാം തീയതി എറണാകുളം കരയോഗം പ്രസിഡന്റ് ശ്രീ. ആലപ്പാട്ട് മുരളീധരൻ പതാക ഉയർത്തി. അതേ ദിവസം ദാദാസാഹിബ് ഫാൽക്കെ അവാർഡ് ജേതാവായ ശ്രീ. പത്മഭൂഷൺ മോഹൻലാൽ സമാപനസമ്മേളനത്തിന്റെ ആദ്യ ദിവസം ഉദ്ഘാടനം നടത്തി. ഡിസംബർ 20-ാം തീയതി ആദ്യത്തെ സെമിനാർ ഒരു നൂറ്റാണ്ടിന്റെ പ്രസക്തി - ശ്രീ ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. വൈകുന്നേരം സാംസ്ക്കാരിക പരിപാടി ശ്രൂതി ഓർക്കസ്ട്ര അവതരിപ്പിച്ച പാട്ടും പൊരുളും. 21-ാം തീയതി സ്രീകളുടേയും കുട്ടികളുടേയും സുരക്ഷ ലഹരിവിരുദ്ധ ബോധവൽക്കരണം എന്ന സെമിനാർ ശ്രീമതി ഉമ തോമസ് എം.എൽഎ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ശ്രീ ബിജു നാരായണൻ അവതരിപ്പിച്ച സംഗീതസായാഹനവും, 22-ാം തീയതി നവമാധ്യമസ്വാധീനവും, പത്രസ്വാതന്ത്ര്യവും എന്നതായിരുന്നു സെമിനാർ. ശ്രീ. ശ്രീകുമാർ മുഖത്തല ഉദ്ഘാടനം ചെയ്തു. വൈകുന്നേരം സാംസ്ക്കാരിക പരിപാടി സംഗീത തൗര്യത്രികം അരങ്ങേറി. ഡിസംബർ 23-ാം തീയതി ലോകസമാധാനവും ശാസ്ത്രവും എന്നതായിരുന്നു വിഷയം. ഉദ്ഘാടനം ഡോ. ശ്രീ. കെ.എസ്. രാധാകൃഷ്ണനായിരുന്നു. സാംസ്ക്കാരിക പരിപാടി ശ്രീരാമപട്ടാഭിഷേകം കഥകളിയും 24-ാം തീയതി നഗരവികസനം എന്ന സെമിനാർ ശ്രീ. ചന്ദ്രൻപിള്ള ജിസിഡിഎ ചെയർമാൻ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം സാംസ്ക്കാരിക പരിപാടി ഗംഗാതരംഗം കുമാരി ഗംഗാ ശശിധരൻ അവതരിപ്പിച്ചു. 25-ാം തീയതി ശതാബ്ദി ആഘോഷസമാപന സമ്മേളനം സ്വാമി ആനന്ദവനം ഭാരതി മഹാമണ്ഡലേശ്വർ ഉദ്ഘാടനം ചെയ്തു. ശതീകം സമ്മാൻ, വിവിധ മേഖലകളിലെ പ്രഗല്ഭരും പ്രശസ്തരുമായ വ്യക്തികളെ ആദരിച്ചു. ഡോ. എസ്. സോമനാഥ് - മുൻ ഐ. എസ്. ആർ. ഒ. ചെയർമാൻ, ശ്രീ. കെ. കെ. മുഹമ്മദ് പുരാവസ്തു ഗവേഷകൻ, പത്മശ്രീ പെരുവനം കുട്ടൻമാരാർ മേളപ്പെരുക്കം, ശ്രീ. നെടുമങ്ങാട് ശിവാനന്ദൻ വയലിനിലെ ഇന്ദ്രജാലം, ശ്രീ. വാരണാട്ട്ശങ്കരനാരായണ കുറുപ്പ് മുടിയേറ്റിന്റെ മുടിചൂടാമന്നൻ, ശ്രീ. കെ. എം. ധർമ്മൻ നാടകരംഗത്തെ പ്രതിഭ, ശ്രീ. ടി. എസ്. രാധാകൃഷ്ണൻ സംഗീതലോകത്തെ എറണാകുളത്തിന്റെ അഭിമാനം, ശ്രീ. പി. പി. പ്രസന്നൻ കാൽപന്തിലെ വിസ്മയം, ശ്രീമതി. ഷീബ അമീർ സാമൂഹ്യപ്രവർത്തനത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച മഹിളാരത്നം, ശ്രീമതി. അമ്മിണി പൗലോസ് മണ്ണിൽ പൊന്നുവിളയിച്ച സ്ത്രീരത്നം എന്നിവരെ ആദരിച്ചു

വൈകുന്നേരം അയ്യപ്പൻ പാട്ടിന്റെ അവതരണത്തോടെ ശതാബ്ദി സമാപന സമ്മേളനത്തിന് തിരശ്ശീല വീണു. ■

# ധന്യം

ഡോ. സി. ശാന്തകുമാരി

ആകാശവർണ്ണമേ-
നിൻ വർണ്ണമല്ലോ
ആഴക്കടൽ നിന്റെ
മേനിസ്വരൂപം
നിത്യവും വീശുന്നു
വായുവോ നിന്റെ
നാമം ജപിക്കുന്നു
കോടാനുകോടി
മെല്ലെ വിടർന്നു
ചിരിക്കുന്ന പൂക്കൾ
നീ മന്ദഹാസമേ
തൂകുന്നുവല്ലോ
പച്ചിലച്ചാർത്തുകൾ
പാടുന്നു ഭംഗ്യാ
നിന്നിഷ്ട ഗീത
സ്തുതികളാണല്ലോ
വൃക്ഷ വൃന്ദങ്ങളോ വൃന്ദാവനത്തിൽ
നിത്യം കുടചൂടി നിന്നവയല്ലോ
എന്നും പ്രകാശം പരത്തുന്ന സൂര്യൻ
എങ്ങും കുളിർമ്മ പരത്തുന്നു ചന്ദ്രൻ
ആദിത്യചന്ദ്രന്മാരർത്ഥികളല്ലോ
നിന്റെ തൃക്കണ്ണുകൾ മറ്റെന്തു ചൊല്ലാൻ.
അന്ധകാരത്തിനുമുണ്ടുനിൻ ചന്തം
നിൻരാസകേളിക്ക് കൂട്ടായതല്ലേ
പാരിൽ പറന്നു ചിരിക്കും കിളികൾ
പാടുന്നുവോ കൃഷ്ണനാമങ്ങളെണ്ണി
പക്ഷിക്കുപാറിപ്പറക്കുവാൻ തന്ന
സുന്ദരാകാശവും നിൻസ്വന്തമല്ലേ
കാട്ടാറുപാടുന്നു കാളിയൻഗീതം
ആട്ടിയകറ്റി നീരക്ഷിച്ചതില്ലേ
തുള്ളിക്കളിക്കുന്ന മാനുകളെല്ലാം
നിന്നെത്തിരയുന്നു നിൻ തോഴരല്ലേ
ഓരോമലയും കരുത്തോടെയോർപ്പു
ഗോവർദ്ധനത്തിന്റെ മായാക്കഥകൾ
ഗോവർദ്ധനം നിന്റെ പൊൻകൂടയല്ലോ
ഗോക്കളോനിൻ കുടക്കീഴിലേ നില്ക്കു
അന്തിമേഘങ്ങളിൽ കാണുന്നുനിന്റെ
പീതാംബരത്തിന്റെ സ്വച്ഛന്ദഭംഗി
പീലിവിരിച്ചാടി നൃത്തവുംവെച്ചു
കേകികൾ നിന്നെ സദാ കാത്തുനില്പു
ഇക്ഷണം ഭൂമിക്കിതെന്തൊരു ചന്തം
നിന്റെ തൃക്കാലുകൾ കൊണ്ടതാണല്ലോ
ഈ പുണ്യഭൂമിയിൽ വന്നുവാഴാനും
നിന്റെ സൗന്ദര്യം നിറഞ്ഞു കാണാനും
കാണുന്നതിലെല്ലാം ദർശ്ശിക്കുവാനും
ഒന്നുമറിയില്ല! ഭാഗ്യമേ ഭാഗ്യം
എങ്കിലുമീവിധമെല്ലായിടത്തും
ചന്തത്തിൻ നിൻരൂപമിങ്ങുകാണുമ്പോൾ
ചന്തംനിനക്കോയീ ഭൂമിക്കോചന്തം
ചന്തംനിനക്കുമീഭൂമിക്കും തുല്യം

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2025 ഡിസംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | സുജാത നായർ, മുല്ലോത്ത്, 3–സി, Skyline Legacy, ESI Road, കൊച്ചി | 15000 |

### എൻഡോവ്മെന്റ് സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | ശാരദ ജഗദീഷ്, ശരണ്യ, ചിറ്റൂർ റോഡ്, കൊച്ചി | 1,00,000 |
| 2 | ബീന വേണുഗോപാൽ | 10,000 |



ॐ

ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ

(2026 – ജനുവരി 17 മുതൽ ഫെബ്രുവരി 12 വരെ)

1201 – മകരമാസഫലം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Ernakulam Karayogam : ☎ 0484 - 2361160 ▯ 8848036518, 9645683491



**(മേടക്കൂർ:** അശ്വതി, ഭരണി, കാർത്തിക ആദ്യ പാദം) പൊതുവെ മാസം അനുകൂലമായിരിക്കും. ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം. സാമ്പത്തിക പരമായും കർമ്മ പരമായും പുരാഗതി ഉണ്ടാകും. വാഹനം വാങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് ആഗ്രഹ പൂർത്തീകരണത്തിന് സാധ്യത ഉണ്ട്. ഫെബ്രുവരി 10, 11, 12 തീയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടത് നല്ലതാണ്. ശ്രീകൃഷ്ണ ദ്വാദശാക്ഷരി ചൊല്ലുന്നത് നല്ലതാണ്



**(ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം, രോഹിണി മകയിരം ആദ്യപകുതി) പൊതുവേ ഈശ്വരാനുകൂലത ഉള്ള കാലമാണ്. വിഷ്വൽ മീഡിയയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും സർക്കാർ സഹായത്തോടെ വീടിന് ശ്രമിക്കുന്നവർക്കും കാലം ഗുണകരമാണ്. ധനപരമായ വിഷയങ്ങൾക്ക് പരിഹാരമാകും. വാക്ക് കൊണ്ട് നേട്ടം ഉണ്ടാക്കും ജനുവരി 16, 17, തീയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ സൽകർമ്മങ്ങൾക്ക് വർജിക്കണം. മഹാലക്ഷ്മി പ്രീതികരമായ വഴിപാടുകൾ നടത്തുക .



**(മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന്പാദം). ശത്രുക്കൾ കാരണം വ്യവഹാരങ്ങൾക്കും മറ്റും ധനം ചിലവഴിക്കേണ്ടി വരും. വിദേശത്ത് പോകാൻ ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. സഞ്ചാര ക്ലേശം ഉണ്ടാവും സ്വദേശം വിട്ട് മാറി താമസിക്കാനുള്ള സാഹചര്യം ഉണ്ടാകാം. ഉഷ്ണരോഗങ്ങൾ പ്രയാസപ്പെടുത്തും. ജനുവരി 19, 20 ദിവസങ്ങൾ പുതിയ കര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ശിവ ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നത് നല്ലതാണ്.



**(കർക്കിടക്കൂർ:** പുണർതം അവസാനപാദം, പൂയം, ആയില്യം) മേലധികാരികളിൽ നിന്നും സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായങ്ങൾ ലഭ്യമാകും. പൗരാണികമായ സ്വത്ത് കൈവശം വന്ന് ചേരും. പഴയ വാഹനങ്ങൾ വിൽക്കുവാൻ ശ്രമിക്കുന്നവർക്ക് കാര്യസാധ്യമുണ്ടാകും. ജനുവരി 21, 22, 23 ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ശാസ്താ ക്ഷേത്ര ദർശ്ശനം നടത്തി നീരാഞ്ജന വിളക്ക് കത്തിക്കുകയും സർപ്പപ്രീതി വരുത്തുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഗുണകരമാകും.



**ചിങ്ങക്കൂർ:** (മകം, പൂരം, ഉത്രം ആദ്യ കാൽ) പൂർവ്വികമായ വസ്തുക്കളുടെ ലാഭം പ്രതീക്ഷിക്കാം. പല കാര്യങ്ങൾക്കു തീരുമാനമെടുക്കുവാൻ പ്രയാസപ്പെടും. സന്താനങ്ങളുടെ നേട്ടത്തിൽ അഭിമാനിക്കും. ജനുവരി 24, 25 ദിവസങ്ങൾ അഷ്ടമരാഗിക്കൂർ നക്ഷത്രങ്ങളായതിനാൽ അന്നേ ദിവസം സൽകർമ്മങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ഗണപതി പ്രീതിതികരമായ മന്ത്രജപവും വഴിപാടുകളും നടത്തുന്നത് നല്ലതാണ്.



**(കന്നിക്കൂർ:** ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ പകുതി) കർമ്മരംഗത്ത് പ്രശ്നങ്ങൾക്കും അഭിപ്രായ ഭിന്നതക്കും പരിഹാരമാകും. അലർജി സംബന്ധമായ പ്രശ്നങ്ങളും പാദ രോഗങ്ങളും ഉള്ളവർക്ക് രുക്ഷമാകാൻ സാധ്യത ഉണ്ട്. ഈശ്വരാനുകൂലത പ്രശ്നങ്ങളെ അതിജീവിക്കുവാൻ സഹായിക്കും. ജനുവരി 26, 27 ദിവസങ്ങൾ അനുകൂലമല്ല. ഭദ്രകാളി ക്ഷേത്രദർശ്ശനവും ദേവീ പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുക.



**തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) ചില ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും പാരമ്പര്യ സ്വത്തിൽ നിന്നും ധനലാഭം. പ്രതീക്ഷിക്കാം. വിവാഹ കാര്യത്തിൽ അനുകൂല തീരുമാനങ്ങൾ ഉണ്ടാകും. സർക്കാർ സഹായത്തോടെ ഗൃഹനിർമ്മാണത്തിന് ശ്രമിക്കുന്നവർക്ക് കാര്യസിദ്ധി ഉണ്ടാകും. ജനുവരി 28, 29, ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.




**(വൃശ്ചികക്കൂർ:** വിശാഖം അവസാന പാദം. അനിഴം തൃക്കേട്ട) ധനപരമായ പ്രശ്നങ്ങൾ നേരിടുന്നവർക്കും വിദ്യാ തടസ്സം അനുഭവിക്കുന്നവർക്കും പ്രതിസന്ധികളെ അതിജീവിക്കുവാൻ കരുത്ത് ലഭിക്കും. വിദേശവുമായി ബന്ധപ്പെട്ട ധന വിഷയങ്ങളിൽ അനുകൂലമായ സാഹചര്യമൊരുങ്ങും, ജനുവരി 30, 3' തീയതികൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളായതിനാൽ ശുഭകരമല്ല. വ്യാഴാഴ്ച ദിവസങ്ങളിൽ വിഷ്ണു പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



**(ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യപാദം) പൊതുവെ എല്ലാ കാര്യങ്ങളിലു മികവ് പുലർത്താൻ സാധിക്കും. സാഹിത്യ കലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് പുരസ്ക്കാരങ്ങളും ധനപരമായ ലാഭവും പ്രതീക്ഷിക്കാം. ദാമ്പത്യ കലഹത്തിനും അഭിപ്രായ വ്യത്യാസത്തിനും സാധ്യത ഉണ്ട്. ഫെബ്രുവരി 1, 2 തീയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. തിങ്കളാഴ്ച ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



**(മകരക്കൂർ:** ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ പകുതി) പൊതുവെ മനഃസംഘർഷങ്ങൾ കൂട്ടും ഒരു പ്രശ്നം പരിഹരിക്കുമ്പോൾ അടുത്ത പ്രശ്നം തുടങ്ങും. പല കാര്യങ്ങൾക്കും തീരുമാനമെടുക്കാൻ പ്രയാസപ്പെടും കർമ്മരംഗത്ത് ഉള്ളതുമായ പ്രതിസന്ധി ബുദ്ധി പൂർവ്വമായ നിക്കങ്ങളിലൂടെ പരിഹരിക്കുവാൻ ശ്രമിക്കും: ഫെബ്രുവരി 3, 4 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



**(കുംഭക്കൂർ:** അവിട്ടം അവസാന പകുതി, ചതയം, പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) സന്താനങ്ങളെകൊണ്ട് നേട്ടങ്ങൾ ഉണ്ടാകും. പ്രവർത്തന രംഗത്ത് നിന്ന് ലാഭം പ്രതിക്ഷിക്കാം. വീട് പുതിക്ക് പണിയാനോ വാഹനം സ്വന്തമാക്കാനോ ശ്രമിക്കുന്നവർക്കും ആഗ്രഹ സഫലീകരണമുണ്ടാവും ഫെബ്രുവരി 6, 7 തീയതികൾ പ്രായേണ ഗുണം കുറയും. വൈഷ്ണവ ക്ഷേത്ര ദർശ്ശനം നടത്തുന്നതും ലക്ഷ്മി നാരായണ പൂജ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്.



**(മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം, ഉത്രട്ടാതി , രേവതി ) സ്വന്തം പരിശ്രമത്തിലൂടെ ധനലാഭം ഉണ്ടാക്കും. വിദ്യാർത്ഥിക്കൾക്ക് കഠിന പരിശ്രമത്തിലൂടെ ഉന്നത നേട്ടങ്ങൾ നേടാൽ കഴിയും. ശത്രുക്കളുടെ ശ്രമങ്ങളെ തകർത്ത് അംഗീകാരം നേടും. എപ്പോഴും ചെന്നെത്തുക. ഫെബ്രുവരി 8, 9 ദിവസങ്ങൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളായതിനാൽ സൽകർമ്മങ്ങൾക്ക് ഈ ദിവസങ്ങൾ ഒഴിവാക്കുക. ശിവ പ്രീതിയും വഴിപാടും സർപ്പപ്രീതികരങ്ങളായ മന്ത്രജപവും നടത്തുന്നത് നല്ലതാണ്.

*ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*



# MANGALYAM MATRIMONIAL

for the better half of your life....



## വധുവിനെ ആവശ്യമുണ്ട്

Nair Boy 27/182cm, Chithira 1/2 (thulam) BSc, B.Ed, MA, PGDM, Teacher Mob:9969173650

Email:uvp403@gmail.com
Birth: 20-01-1998 -7.00.00pm
Sishta Dasa: 0-0-0

| | | | | | |
|---|---|---|---|---|---|
| | ശി | | | | |
| | മ | | | | |
| ര | കു ശി ഗു | ഗ്രഹനില & അംശകം | | ല മാ | |
| മ | ര | | | സ | |
| ശു | ബു ശു | | ച | | ബു സ |
| | | ച ല മാ | കു ഗു | | |

Contact Address:
MR.VIVEKANAND PILLAI
D-304, RUSTOMJEE BELLA
NR KALPATARU CREST, LBS,
BHANDUP WEST

Nair Boy 29/177cm, Thiruvonam Bachelor of Computer Applications, MG University, Product Sales Executive-south indian bank. Mob:8547473124

Email:unnik2076@gmail.com
Birth: 23-09-1996 -9.16.00pm
Sishta Dasa: 0-0-0

| | | | |
|---|---|---|---|
| മ ശി | ല മാ | | |
| | ഗ്രഹനില & അംശകം | | ശു കു |
| ച | | | ബു |
| ഗു | | | സ ര |

Contact Address:
SMT. USHAKUMARI S
CHITTETTU HOUSE
KIDANGOOR SOUTH PO

Nair Boy 35/165cm, Thiruvonam, Post Graduate, MBA. Animator Asst Creative Director at PocketFM . Mob:8547192836, 9447378326

Email:meenubm14@gmail.com
Birth: 31-12-1989
Chandra Dasa: 0-2-7

| | | | | | |
|---|---|---|---|---|---|
| | | ശു | | | |
| | ല | | മാ | ഗു | |
| ശി | | ഗ്രഹനില & അംശകം | | ശി | ച |
| ബു ഗു | ബു ച ശു സ | | | | ര സ മാ |
| | ര മ | കു | | | |
| | | കു | മ | ല | |

Contact Address:
MRS. KUMARY. P.K
KALAIKKAT HOUSE, KANDANAD P O,
THIRUVAMKULAM VIA, ERNAKULAM







# ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്

**തെക്കേനട, കാരക്കാട്ട് റോഡ്, ഗുരുവായൂർ - 680101**

**എറണാകുളം കരയോഗത്തിന്റെ ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിൽ സൗകര്യപ്രദമായ 36 മുറികൾ, വിശാലമായ പാർക്കിംഗ് സൗകര്യം, വിവാഹ ആവശ്യങ്ങൾക്കും മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ എന്നിവ ലഭ്യമാണ്**

**ബുക്കിങ്ങിനായി വിളിക്കുക: 0487-2504700, 8547871161, 9446365116**

DATE OF PUBLICATION: 10-01-2026

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2025-27
LICENSE NO. KL/CR/EKM/WPP-3/2025-27
LICENSED TO POST WITHOUT PREPAYMENT

Volume No. 18 JANUARY 2026 Issue No. 01










*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.